
പുസ്തകം 7 ലക്കം 11
ഒക്ടോബർ 2017
വില 15 രൂപ

പുതുതലമുറയ്ക്കായ്

# ഏകതത്ത്വ

Eka Thathwa

മാസിക



## ആരും അറിയാതെ പോവല്ലേ വേദനിക്കുന്നവന്റെ നൊമ്പരം...

# പ്രകൃതി കനിഞ്ഞാൽ...



**പാലക്കാട്:** പൂടൂർ 'ആതിര' വീട്ടിലെ തങ്കച്ചൻ ജോണിന്റെ കൊടുന്തിരപ്പുള്ളിയിലെ ഔട്ട് ഹൗസിനോട് ചേർന്നുള്ള 10 സെന്റ് സ്ഥലത്തിൽ ഏരിമാടി കുറച്ച് തക്കാളി വിത്തിട്ടു. കുറച്ചുനാൾ കഴിഞ്ഞു നോക്കിയപ്പോൾ ഒന്നും മുളച്ചുകണ്ടില്ല. തുടർന്ന് അതേ സ്ഥലത്ത് വെണ്ട വിത്ത് കുഴിച്ചിട്ടു. കുറച്ചുനാൾ കഴിഞ്ഞിട്ടും അതും മുളച്ചുവന്നില്ല. പിന്നെ അതേസ്ഥലത്ത് പയർ വിത്തിട്ടു. ഒപ്പം മഴയുമെത്തി. ഒരാഴ്ച കഴിഞ്ഞപ്പോൾ പയർ മുളച്ചിരിക്കുന്നു. ഒപ്പം വെണ്ടയും തക്കാളിയും. എല്ലാറ്റിനേയും അതുപോലെ വളരാൻ അനുവദിച്ചു. ഒന്ന് മറ്റൊന്നിന് താങ്ങാണത്രെ. ഇക്കഴിഞ്ഞ ദിവസം ഞാനും എന്റെ മോളും ചെന്നുകാണുമ്പോൾ എല്ലാറ്റിലും പൂവും കായും പഴവും. കണ്ണിന് നല്ല കുളിർമ്മയുള്ള കാഴ്ച. പൂടൂരിലെ ഫാമിൽ നിന്ന് തേങ്ങയും ലിച്ചിയും ബട്ടർ ഫ്രൂട്ടും പിന്നെ കൊടുന്തിരപ്പുള്ളിയിൽ നിന്ന് വെണ്ടയും കൊത്തവരയും കപ്പയും എനിക്ക് തന്നു. ഒരുചാക്ക് പച്ചക്കറികളും കാറിന്റെ ഡിക്കി നിറയെ തേങ്ങകളുമായി ഞങ്ങൾ വീട്ടിലേയ്ക്കു തിരിച്ചു. പാലക്കാട് ഗവ. മോയൻസ് സ്കൂളിൽ മൂന്നാം ക്ലാസ്സിൽ പഠിക്കുന്ന എന്റെ മോൾ നന്ദനയ്ക്ക് ചെടിയുടെ ഭാഗങ്ങൾ നേരിട്ട് കണ്ടുപഠിക്കാനായി. കരിമ്പിന്റെ തണ്ടാണ് ഭക്ഷണയോഗ്യമെങ്കിൽ, കപ്പയുടെ വേരിലാണ് കപ്പയെന്നും തക്കാളിയുടെ ചില്ലയിൽ തക്കാളിയുണ്ടാകുമെന്നും പൂവ് നിന്നിടത്താണ് പിന്നീട് കായ് ഉണ്ടാകുന്നതെന്നും കായ മൂത്ത് വിത്താകുന്നുവെന്നും വിത്ത് മണ്ണിൽ വീണാൽ മുളയ്ക്കുമെന്നും പറയാതെ പറഞ്ഞു, മോളെ പഠിപ്പിക്കാതെ പഠിപ്പിച്ചു തങ്കച്ചൻ ജോൺ എന്ന മണ്ണിനേയും മനുഷ്യരേയും ഒരുപോലെ സ്നേഹിക്കുന്ന വലിയ മനസ്സുള്ള ആ എളിയ മനുഷ്യൻ.

***അദ്ദേഹത്തെ പരിചയപ്പെടാനും കൃഷിയിടം കാണാനും താല്പര്യമുള്ളവർ 9447034614 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്.***







₹ 15

# ഏക തത്ത്വ

മാസിക

പുസ്തകം 7 ലക്കം 11

ഒക്ടോബർ 2017

visit: ekathathwa.blogspot.in

**ചീഫ് എഡിറ്റർ**

ഇ. ടി. മുരളീധരൻ

Mob : 9446443321, 9387118131

Email : muraliet@yahoo.co.in
etmuraliet@gmail.com

Facebook ID : Et murali

**മാനേജിംഗ് എഡിറ്റർ**

ബിന്ദു . കെ

**മരണക്കിടക്കയിൽവെച്ചല്ല യുവത്വത്തിലേ തിരിച്ചറിയുക**

"അറിവിനായ് ജനിച്ചു,
അത് അറിയാതെ അലഞ്ഞു,
വിശപ്പു കൊണ്ട് തളർന്നു,
കാശിനായ് അലഞ്ഞു,
വഴി മാറി മാറി നടന്നു.
നേടിയതോ.... അറിവുമാത്രം."

അഭിപ്രായങ്ങളും രചനകളും അയക്കേണ്ട വിലാസം

**Eka Thathwa, Post Box No. 70
Palakkad 678 001**

**വരിസംഖ്യ
പോസ്റ്റൽ മണിയോർഡറായി അയക്കേണ്ട
വിലാസം :**

E.T Muralidharan
Eka Thathwa
A-9, New Civil Nagar, Behind Civil Station, Palakkad 678001.

Donations and all other payment towards EkaThathwa Should also be made through Bank account Our Bank a/c details: M/s Ekathathwa Current Account Number:33077202787, IFS Code: SBIN 0004925, SBI Civil Station Branch, Palakkad 678 001

**ekathathwa@yahoo.com**

**Website: www.ekathathwa.com**

# ഉള്ളടക്കം



**ഗുരു**

7 - മനുഷ്യാ നീ മനുഷ്യനാകൂ

**ലേഖനം**

8 - ആത്മവിശ്വാസം - എം. എം. മേനോൻ
10 - ചരിത്രത്തിൽ നാഴികക്കല്ലായ മൂന്നുവിധികൾ
- ജോൺസൺ റോച്ച്
13 - മദ്യാസക്തി മഹാരോഗം - ജോസഫ് പൂതക്കുഴി
21 - ഔഷധഗുണമുള്ള അമൂല്യമരുന്നുകൾ - അഥിനി ഗോപിനാഥ്
24 - ആനയെ വേണമെങ്കിൽ തിരിച്ചുനിറുത്തിക്കോളൂ,
മദ്യദേവോ നമഃ മദ്യ മന്ത്രിയേ നമഃ - ജോസ് ചാലക്കൽ
25 - ജൈവകൃഷി രീതികൾ - ബാലകൃഷ്ണ മേനോൻ
37 - അനുഭവങ്ങളിലൂടെ വായനയിലൂടെ
- പി. എം. ശശിധരൻ

**കഥ**

26 - മനുവിന്റെ ആപ്പിൾജ്യൂസ് - ടോം ജോർജ്ജ്
27 - പ്രത്യുപകാരം - അരവിന്ദൻ
29 - ഉറുമ്പുകൾ - ടി. വി. ഹരികുമാർ
30 - നൊസ്റ്റാൾജിയ - തുളസി കേരളശ്ശേരി
33 - മാങ്ങാക്കച്ചവടം - ടി. കെ. ഉണ്ണികൃഷ്ണൻ
41 - സ്വരമാറ്റം, അവസാനകാഴ്ച - സുരേഷ് തെക്കീട്ടിൽ

**കവിത**

7 - ലയതാളലാളിത്യം - മുരളീധർ കൊല്ലത്ത്
10 - രാവിലെ കഴിച്ചത് - ഉണ്ണി വിശ്വനാഥ്
25 - ഓർക്കുക വല്ലപ്പോഴും - വിജയപ്രകാശ് കണ്ണാടി
31 - നിള നിറഞ്ഞൊഴുകി - ആർ. കെ. വള്ളിച്ചിറ
31 - പ്രതീക്ഷയുടെ ആവരണവുമായ് - മായാ വേണു
35 - സഹയാത്രികൻ - മെറീന മൈക്കിൾ
35 - ത്രികാലം - മഹർഷി
35 - പുതുമ തേടി - അജയ് ബാലചന്ദ്രൻ
35 - വാർദ്ധക്യപെൻഷൻ - എം. കെ. ശശിധരൻ

**സ്മരണ**

18 - എന്റെ അഭിനയ സ്മരണകൾ - മുക്കം ഭാസി

**പാചകം**

28 - റവ ലഡു, പഞ്ചാബി അച്ചാർ - പി. എൻ. ഗംഗാലക്ഷ്മി

**കഥയും കാര്യവും**

29 - ഉണക്കമീൻ വില്ക്കപ്പെടും - സത്യൻ താന്നിപ്പുഴ

**ആരോഗ്യം**

20 - മഞ്ഞപ്പിത്തം - ഡോ. സി. രാമകൃഷ്ണൻ

**അനുഭവം**

16 - ഭാഷാപഠനം - കെ. വിജയകുമാരൻ
38 - യോഗ ക്ലാസ്സ് - കെ. കേരളദാസനുണ്ണി

**ഫലിതം**

34 - ഫലിതമേള - പി. ആർ. ജോസ്
42 - ബൂമറാങ് - കാരിത്തടം വർക്കി

**പുസ്തകപരിചയം**

32 - അനുരാഗദീപം, കുഞ്ഞിക്കിളിയുടെ പാട്ട്
- അശോകൻ രാജീവം

**അനുസ്മരണം**

22 - നവോത്ഥാനത്തിന് നാന്ദി കുറിച്ച മഹാത്മൻ
കുഞ്ചൻ നമ്പ്യാർ - എടത്തറ ജയൻ



# ആരും അറിയാതെ പോവല്ലേ വേദനിക്കുന്നവന്റെ നൊമ്പരം...

ഇ. ടി. മുരളീധരൻ

നരബലി ഇന്നും നടക്കുന്നു. ബലിയാട് തന്നെ നിവൃത്തിയില്ലാതെ ജീവിതം അവസാനിപ്പിക്കുന്നതിനാൽ പണി എളുപ്പമായി. നാം ഒരുപക്ഷെ ഇതിനെ ആത്മഹത്യ എന്നു വിളിക്കുന്നു. ഓരോ മരണവും ജീവിച്ചിരിക്കുന്നവർക്ക് ഒരു പാഠമാണ്, അനുഭവമാണ്. അത് സമൂഹത്തിൽ പലവിധ ചലനങ്ങളും സൃഷ്ടിക്കുന്നുണ്ട്. പല മുൻകാല അനുഭവങ്ങളും മറന്നുപോകുമ്പോൾ വീണ്ടും പരിസരത്ത് ഒരു മരണം മണക്കും. നമ്മൾ മൂലം ഒരാൾ വേദനിക്കാനിടവരരുത്, മരിക്കാനിടവരരുത്. അത് തീരാദുഃഖമാകും. അതുതന്നെയാണ് അതിനുള്ള ശിക്ഷയും.

അടുത്ത വീട്ടിലെ അങ്കിളിന് സുഖമില്ലാതായപ്പോൾ ആംബുലൻസ് വിളിക്കാനായി അടുത്തുള്ള ഫയർ സ്റ്റേഷനിൽ ചെന്നു. ഓഫീസിനു പുറത്തുനിന്ന രണ്ടുപേരോട് കാര്യം പറഞ്ഞു. അവർ പരസ്പരം എന്തോ പറഞ്ഞ ശേഷം ഒരാൾ അകത്തുപോയി. കുറച്ചുനേരം കഴിഞ്ഞപ്പോൾ പുറത്തുവന്നിട്ട് പറഞ്ഞു ഓഫീസറെ ഒന്നു ചെന്നു കാണാൻ. ഞാൻ പോയി കണ്ടു. അദ്ദേഹം പറഞ്ഞു, ആക്സിഡന്റ് കേസ് ആണെങ്കിലാണ് ആംബുലൻസ് കൊടുക്കുകയുള്ളൂ. അല്ലാത്ത പക്ഷം ഡ്രൈവർക്ക് ബത്തയും പിന്നെ കിലോമീറ്ററിന് പത്തു രൂപ വീതവും നല്കേണ്ടിവരും. ശരിയെന്ന് പറയാനൊരുങ്ങും മുമ്പ് തന്നെ അദ്ദേഹം പറഞ്ഞു, നിറയെ സ്വകാര്യ ആംബുലൻസ് കോട്ടമൈതാനത്തുചെന്നാൽ കിട്ടും. ഇവിടുത്തെ ഫോർമാലിറ്റി എല്ലാം കഴിഞ്ഞ് വണ്ടി കിട്ടാൻ വൈകും. വേഗം പൊയ്ക്കോളൂ, അവിടെ നിറയെ വണ്ടികളുണ്ട്, പണവും ഇത്രയ്ക്കാവില്ല. അവിടെ നിന്നും ധൃതി പിടിച്ച് ഇറങ്ങാൻ നേരം ഞാൻ കണ്ടു തൊട്ടടുത്ത റൂമിൽ യൂണിഫോം ധാരികളായ ഒരുപറ്റം ഉദ്യോഗസ്ഥർ കാരമ്പോഡ് കളിച്ചുകൊണ്ടിരിക്കുന്നു. ആ കാഴ്ച എന്നെ വേദനിപ്പിച്ചു. അവർക്കെല്ലാം കളിയാണ്, തമാശയാണ്, നേരമ്പോക്കാണ്. സ്ഥിരം ജോലിയിതാണ്, ഇതിനാണ് ശമ്പളവും. ഞാൻ നേരെ മൈതാനത്തുചെന്നപ്പോൾ നിറയെ ആംബുലൻസുണ്ടെങ്കിലും ലീഡിങ്ങിലാണെന്ന് അറിയാൻ സാധിച്ചു. അവരെല്ലാം വണ്ടിയിട്ട് എങ്ങോട്ടോ പോയിരിക്കുന്നു. ക്യൂവിനിടയിൽ നിന്ന് ഒരുവന് ട്രിപ്പിന് വരാനും പാടില്ലത്രെ. ഞാനൊരു പ്രസ് റിപ്പോർട്ടറാണ് എന്ന് പറഞ്ഞപ്പോഴാണ് ഒരാൾ വണ്ടിയെടുത്ത് വരാൻ തന്നെ തയ്യാറായത്. ആയുസ്സിന്റെ ബലം ഒന്നുകൊണ്ടുമാത്രമാണ് പലരും ഇവിടെ രക്ഷപ്പെടുന്നത്.

അടുത്തൊരു ബന്ധുവിന്റെ മരണത്തെത്തുടർന്ന് വൈദ്യുതി ശ്മശാനത്തിലെത്തിയപ്പോൾ രണ്ട് വൈദ്യുതി യൂണിറ്റുകൾ കണ്ടു. കഴിഞ്ഞ തവണ വരുമ്പോൾ ഒന്നേ ഉണ്ടായിരുന്നുള്ളൂ. ഇന്നിപ്പോൾ രണ്ടെണ്ണമായിരിക്കുന്നു. നന്നായി. ചാരമായി തീരാൻ ശവത്തിന് ഇനി കാത്തിരിക്കേണ്ടതില്ലല്ലോ എന്നുകരുതി. പക്ഷെ ഒരു യൂണിറ്റ് എപ്പോഴും കേടായിരിക്കുമത്രെ. വേറൊന്നും കൊണ്ടല്ല, പണിയെടുക്കേണ്ടേ. രണ്ടിലും മാറി മാറി ജഡത്തെ ദഹിപ്പിച്ചുകൊണ്ടിരുന്നാലും ഒന്നിൽ തന്നെ കഴിയുന്നത്രവയെ മാത്രം ദഹിപ്പിച്ചാലും ശമ്പളത്തിൽ മാറ്റമില്ലല്ലോ. എന്താബുദ്ധി ? ഒന്ന് കേടുതന്നെ അല്ലെങ്കിൽ കേടുവരുത്തിയിടും. എങ്ങനെയുണ്ട് ? ഈ യൂണിറ്റ് നന്നാക്കാതെ തന്നെ വേറൊരു യൂണിറ്റ് വാങ്ങാനാണ് ഉന്നത അധികാരികൾക്കിഷ്ടം. അപ്പോഴല്ലേ, അവർക്ക് വല്ലതും തരപ്പെടുകയുള്ളൂ.

ആതിരപ്പള്ളിയിലെ വൈദ്യുത പ്രൊജക്റ്റും ഇതുപോലെ ഒന്നാണ്. കൂട്ടത്തോടെ കക്കാനൊരവസരം. പുതിയ പ്രോജക്റ്റുകൾ വരുമ്പോഴല്ലേ നടക്കുകയുള്ളൂ. പ്രതികരിക്കും മുമ്പ് പ്രതികരിക്കാനൊരുങ്ങുന്നവർക്ക് വേണ്ടത് കൊടുക്കും. പ്രതികരിച്ചാൽ ഇല്ലാതാവും.

തിരുവനന്തപുരത്ത ആർ. സി. സി. യിൽ ചികിത്സയിൽ കഴിയുന്ന ഒമ്പതുവയസ്സുമാത്രം പ്രായമുള്ള ഒരു കുട്ടിക്ക് പ്ലേറ്റലെറ്റ് കുറവായതിനെ തുടർന്ന് ബ്ലഡ് കയറ്റിയപ്പോൾ എച്ച്. ഐ. വി. അണുബാധ കയറിയത്രെ. ഒരു മാനദണ്ഡവുമില്ലാതെയാണ് ബ്ലഡ് ബാങ്കുകളിൽ ബ്ലഡ് സ്വീകരിക്കുന്നതും ബ്ലഡ് കൊടുക്കുന്നതും. ബ്ലഡ് കൊടുത്ത് ആ പണത്തിന് മദ്യപിക്കുന്ന മദ്യപാനികളുണ്ട്. അതുമൊരു ബിസിനസ്സാണ് അവർക്ക്. അവരും ബ്ലഡ് ബാങ്കുമായി ഒത്തുകളിയുണ്ട്. പരിശോധനയില്ലാതെ ബ്ലഡ് സ്വീകരിക്കും. എല്ലാമൊരു വിശ്വാസം. അതല്ലേ എല്ലാ തട്ടിപ്പിനും കാരണം.

മാനേജുമെന്റ് കോളേജി

ലെ പീഡനത്തെത്തുടർന്ന് ഒരു വിദ്യാർത്ഥി ആത്മഹത്യ ചെയ്തപ്പോൾ കുറെയേറേ കോളേജുകളിൽ ആയിടയ്ക്ക് ശുദ്ധികലശം നടന്നു. വില്ലേജ് ഓഫീസിൽ ഒരേകാര്യത്തിനായി നിരവധി തവണ കയറിയിറങ്ങി മടുത്തപ്പോൾ വില്ലേജ് ഓഫീസിനുമുന്നിൽ ഒരാൾ ഈയിടയ്ക്ക് തൂങ്ങിമരിച്ചു. അതുമായി ബന്ധപ്പെട്ടുനടത്തിയ പരിഷ്ക്കാരങ്ങൾ കുറച്ച് വില്ലേജ് ഓഫീസിനേയും ശുദ്ധമാക്കിയിരിക്കുന്നു. ഇതെല്ലാം കുറച്ചുനാളത്തേയ്ക്ക് മാത്രം. പിന്നെ എല്ലാം പഴയപടി തുടരും. അതല്ലെ നാട്ടുനടപ്പ്. ബലിമൃഗങ്ങൾ ഇനിയുമുണ്ടല്ലോ ബാക്കി. അവരെല്ലാം സ്വയം ജീവനൊടുക്കട്ടെ. കറൻസി നിരോധനവുമായി ബന്ധപ്പെട്ട് പറഞ്ഞുകേട്ട ഒരു കാര്യമായിരുന്നു കൈക്കൂലി കുറയും എന്നത്. പക്ഷെ എവിടെ കുറയാൻ? രണ്ടായിരത്തിന്റെ ഒറ്റ നോട്ട് വന്നത് അവർക്ക് സൗകര്യമായി. ആറായിരത്തിന്റേയോ പതിന്ത്രണ്ടായിരത്തിന്റേയോ ഒറ്റ നോട്ടുകൾ ഇറക്കാത്തത് ഭാഗ്യം.

മുതിർന്നവർ നേരിടുന്ന പീഡനത്തെപ്പോലെത്തന്നെ വളർന്നുവരുന്ന കുഞ്ഞുകുട്ടികൾ നിരവധി പീഡനങ്ങൾ സഹിക്കുന്നു. കുറേ കാശുകൊടുത്താൽ പിന്നെ വീട്ടിലൊന്നും പഠിപ്പിക്കേണ്ട, എല്ലാം സ്കൂളിൽ നിന്നുതന്നെ പഠിച്ചോളും. ബുദ്ധിമുട്ടേണ്ടെന്ന് വിചാരിച്ച് വൻ ഫീസ് നല്കി മാനേജ്മെന്റ് സ്കൂളുകളിൽ ചേർക്കുന്നു. അവിടെ നിന്നും ഇറങ്ങുന്ന കുട്ടികൾ പുട്ടുകുറ്റിയിലെ പുട്ടിനെ പോലെ ഒരേരൂപത്തിൽ വരുന്നു, പ്രതികരിക്കുന്നു, ജീവിക്കുന്നു. അവർക്ക് വേറെയൊന്നുമറിയില്ല, അറിയണമെന്നില്ല, ഒരു സാമൂഹിക പ്രതിബദ്ധതയുമില്ല. ഇങ്ങനെ വളർന്നുവരുന്ന തലമുറയാണ് നമ്മുടെ ശാപം. ഭരണാധികാരികളും ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടത് വളർന്നുവരുന്ന തലമുറയെയാണ്. സ്കൂളിൽ നേരാംവണ്ണം അദ്ധ്യാപനം നടക്കുന്നുണ്ടോ ? പാഠ്യവിഷയങ്ങൾ കാലഘട്ടത്തിന് അനുയോജ്യമായവയാണോ ? അവ മാനവമൂല്യങ്ങളെ ഉയർത്തിപ്പിടിക്കുന്നുണ്ടോ? അദ്ധ്യാപകർ പഠിപ്പിക്കാനായിട്ടും വിദ്യാർത്ഥികൾ പഠിക്കാനായിട്ടുമാണോ സ്കൂളിൽ എത്തുന്നത് എന്ന് പരിശോധിക്കാൻ സംവിധാനങ്ങൾ ഉണ്ടാവണം. പൊതു വിദ്യാലയങ്ങളിൽ ഇതെല്ലാം നമുക്ക് പരിശോധിക്കാനാവും. എങ്കിലും മാനേജുമെന്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എന്താണ് നടക്കുന്നത് എന്നത് അറിയാനും നിയന്ത്രിക്കാനും സംവിധാനങ്ങൾ ശക്തമാക്കണം. ഇപ്പോഴും വ്യാപകമായി റാഗിംഗ് നടക്കുന്നു. പുറത്തുപറഞ്ഞാൽ കൊല്ലും എന്ന് പറയുന്നത് പത്തൊമ്പതോ അതിൽ താഴെയോ വയസ്സുള്ള ഒരു വിദ്യാർത്ഥിയാണ് എന്നത് ഖേദകരമായി തോന്നുന്നില്ലെ ? സ്കൂളുകളും കോളേജുകളും ക്രിമിനലുകളെ വാർത്തെടുക്കുന്നില്ല എന്ന് ഉറപ്പിച്ചുപറയാനാവുമോ ? മദ്യവും മയക്കുമരുന്നും സ്കൂളുകളിലും കോളേജുകളിലും വ്യാപിക്കുന്നതെങ്ങിനെ ? ആൺകുട്ടിയെന്നോ പെൺകുട്ടിയെന്നോ ഭേദമില്ലാതെ ഇവ ഉപയോഗിക്കുന്നു. വീടിനും സമൂഹത്തിനും നാശം വിതയ്ക്കുന്ന ഒരു തലമുറ വളരാതിരിക്കാൻ നാം ഓരോരുത്തരും ശ്രദ്ധിക്കേണ്ടതുണ്ട്. നഷ്ടപ്പെട്ട പലതും പണം കൊണ്ടുനേടാനായില്ലെന്ന് വരും. രക്ഷിതാക്കളെ നിങ്ങളുടെ കുട്ടികളെ ശ്രദ്ധിച്ച് വളർത്തുക.

പത്തൊമ്പത് വയസ്സുമാത്രം പ്രായമുള്ള ഒരു എഞ്ചിനീയറിംഗ് വിദ്യാർത്ഥി പുതുതായി വാങ്ങിയ ബൈക്ക് കൂട്ടുകാരെ കാണിക്കാൻ ചെന്നപ്പോൾ അവർ അവനെ തടഞ്ഞുവെച്ചു. എന്നിട്ട് അവന്റെ ജീവന് അമ്പതുലക്ഷം രൂപയ്ക്ക് വീട്ടുകാരുമായി വിലപേശി. വീട്ടുകാർ പോലീസിൽ പരാതിപ്പെട്ടതിനെത്തുടർന്ന് കൂട്ടുകാർ അവനെ കാറിലിട്ട് കഴുത്ത് ഞെരിച്ച് കൊന്നു. ഈയിടെ ബാങ്ക്ളൂരിൽ നടന്ന ഒരു സംഭവമാണ്. കടം തീർക്കാൻ വേണ്ടിയാണത്രെ ഈ തുക ചോദിച്ചത്. ഇത്ര ചെറുപ്പത്തിലേ എങ്ങിനെയാണ് ഇവർക്ക് അമ്പതുലക്ഷം രൂപയുടെ കടബാധ്യത വന്നത് ? മദ്യവും മയക്കുമരുന്നും ആർഭാട ജീവിതവും വരുത്തിത്തീർക്കുന്ന വിപത്ത്. ഒപ്പം ഇവിടെ നിലനിൽക്കുന്ന വിദ്യാഭ്യാസരീതിയുടെ സംവിധാനത്തിന്റെ അപാകതകളും പിന്നെ കുട്ടികൾക്കുമേലെയുള്ള രക്ഷിതാക്കളുടേയും സമൂഹത്തിന്റേയും ശ്രദ്ധക്കുറവും കാരണമാകുന്നു. ഇവരെ ഇനിയും ശ്രദ്ധിക്കാതിരുന്നാൽ ഇനിയും പ്രശ്നങ്ങൾ സങ്കീർണ്ണമാകും. എൽ. കെ. ജി. മുതൽ ശ്രദ്ധിച്ചാൽ ഒരു ഇരുപത് കൊല്ലം കൊണ്ട് ഒരു നല്ല ജനതയെ നമുക്ക് ഉണ്ടാക്കിയെടുക്കാം. പക്ഷെ ആർക്കും കാത്തിരിക്കാൻ ക്ഷമയില്ലല്ലോ. മുൻകൂട്ടികാര്യങ്ങൾ കാണാൻ കഴിവില്ലല്ലോ. നേരാംവണ്ണം പഠിക്കാതെ പരിഷ്ക്കാരം നടത്തുക മാത്രമല്ലെ പണി.

ലക്ഷങ്ങൾ മുടക്കിയുള്ള പഠനം കഴിഞ്ഞാലോ പിന്നെ ക്യാമ്പസ് സെലക്ഷനായി, വൻതുക ശമ്പളമായി എല്ലാ മാസവും കിട്ടിത്തുടങ്ങുമ്പോൾ പിന്നെ ഒന്നും നോക്കാനില്ല. ആരേയും ബഹുമാനിക്കേണ്ടതില്ല, മുതിർന്നവരും വഴിമാറിക്കൊടുക്കുന്നു. പുതുതലമുറയുടെ വരുമാനം, ശമ്പളത്തുക എത്രയാണെന്നറിഞ്ഞപ്പോൾ കഷ്ടപ്പെട്ടും അദ്ധ്വാനിച്ചും ജീവിച്ചുവന്ന പഴയ തലമുറക്കാരുടെ ശബ്ദവും നഷ്ടപ്പെട്ടു. പണ്ട് പത്തു രൂപയും ഇരുപത്തിരണ്ടുരൂപയുമൊക്കെ മാസശമ്പളമായി വാങ്ങിയ കാലം മാറി. പണം കൂടിയപ്പോൾ പണത്തിന്റെ വില കുറഞ്ഞു എന്നതാണ് സത്യം. ഹുങ്ക് കൂടി പണത്തിന് കടലാസ്സിന്റെ വില പോലും കല്പ്പിക്കാതെ പുതുതലമുറ ധൂർത്തടിച്ച് ജീവിക്കുന്നു. വീട്ടുകാരെ ധിക്കരിച്ച് കൂടെപ്പഠിച്ച അന്യജാതിക്കാരനായ/കാരിയായ ഒരുത്തനെ/ഒരുത്തിയെ വിവാഹം ചെയ്ത് അൽപനാൾ കൊണ്ട് ഡൈവോഴ്സ് ചെയ്ത് വീണ്ടും ക്യൂവിലുള്ള പുതിയൊരെണ്ണത്തിനെ കെട്ടി അങ്ങനെ അസ്വസ്ഥതയുടെ നടുക്ക് ജീവിക്കുന്നു. അവർക്കുണ്ടാകുന്ന കുട്ടികളുടെ സ്ഥിതി ഇതിലും മോശമായിരിക്കും. ഇതൊക്കെയാണോ സ്കൂളിലും കോളേജിലും പോയി പഠിച്ച ജീവിതരീതി? കോളേജിൽ ചേരാൻ ചെന്നാലുള്ളതുപോലെത്തന്നെ ഭക്ഷണം കഴിക്കാൻ ഹോട്ടലിൽ ചെന്നാൽ അവിടേയുമുണ്ട് തിരക്ക്. ഹോട്ടലുകളിൽ വിശന്നുവന്ന് ഭക്ഷണം കഴിക്കുന്നവരെ കാണാൻ കഴിയില്ല. പുതിയ വിഭവം കഴിച്ചുനോക്കാൻ വരുന്നവരുടെ തിരക്കാണവിടെ. അമ്യൂസ്മെന്റ് പാർക്കിൽ ചെന്നാൽ അവിടേയുമുണ്ട് തിരക്ക്. കഴിച്ച ഭക്ഷണം ദഹിപ്പിക്കുവാനായി വന്നവരുടെ തിരക്ക്. അനർഹമായി കിട്ടിയ പണത്തെ ചിലവഴിക്കാൻ വന്നവരുടെ തിരക്ക്. പണിയെല്ലാം മറ്റുള്ളവരെ ഏല്പ്പിച്ച് വ്യായാമത്തിന് ദിനവും യോഗയും ജിമ്മിലും പോകുന്നവരും പണം ദുർവ്യയം ചെയ്യാ

നായി ഹോട്ടലിലും അമ്യൂസ്മെന്റ് പാർക്കിലും പോയതിന്റേതെല്ലാം പ്രത്യാഘാതമെന്നോണം പിടിപെട്ട രോഗങ്ങളുമായി ഹോസ്പിറ്റലിൽ എത്തുന്നു. ഹോസ്പിറ്റലിലുമുണ്ട് തിരക്ക്. എന്തായാലും ഈയിടെയായി സിനിമാ തിയേറ്ററിലും ആത്മീയാചാര്യന്മാരുടെ അടുത്തും തിരക്കിനല്പം കുറവുണ്ട്. നടനും സന്യാസിയുമൊക്കെ ജയിലിലല്ലേ? പണം കൂടിയാൽ പണി കിട്ടും. പണി കിട്ടിയാൽ പണം പോകും. അതുകൊണ്ടാണ് പണ്ടുള്ള യഥാർത്ഥ ആത്മീയ ഗുരുക്കന്മാരും രാഷ്ട്രീയ നേതാക്കളും രാജ്യങ്ങൾ തോറും തെണ്ടി നടക്കാതെ ജീവിച്ചുകാട്ടിയത്. ഇരുന്നവിടെത്തന്നെ ഇരുന്നത്, നിന്നവിടെത്തന്നെ നിന്നത്. ഇന്നത്തെ മനുഷ്യർ നടന്നും പറന്നും പണവും അധികാരവും സമ്പാദിച്ച് സുഖിച്ച് ജീവിച്ച് പൊതുജനത്തെ മാധ്യമങ്ങളിലൂടെ പറഞ്ഞുപറ്റിച്ചുകൊണ്ടിരിക്കുന്ന കാഴ്ചയാണ് നാം കാണുന്നത്.

പെട്രോളിന്റെ വില കൂടിക്കൊണ്ടുപോകുന്നു. ഇലക്ഷൻ വരുമ്പോൾ വിലയെല്ലാം കുത്തനെ താഴും നോക്കിക്കോളൂ. പെട്രോളിന്റെ വില വർദ്ധന സ്വാഭാവികമായും എല്ലാ ആവശ്യസാധനങ്ങളുടേയും വില വർദ്ധിപ്പിക്കും. പക്ഷെ ഭരണാധികാരികൾ പറയുന്നു, പാവങ്ങൾക്കുവേണ്ടിയാണ് ഈവിധത്തിൽ അധികം കിട്ടുന്ന പണം ഉപയോഗിക്കുക എന്ന്. ഈ പാവങ്ങൾ ആരാണ് ? ഭരണകർത്താക്കളും ഉദ്യോഗസ്ഥരും അവരുടെ അനുയായികളുമാണോ ? എല്ലാവരുടേയും ശമ്പളവും പെൻഷൻ തുകയും വർദ്ധിപ്പിക്കണം, ഉത്സവകാല ആനുകൂല്യങ്ങളും ഇരട്ടിയാക്കാൻ പോകുന്നു. പക്ഷെ ശമ്പളമില്ലാത്ത കൂലിപ്പണിക്കാരന്റെ കാര്യം ആര് ചിന്തിക്കാൻ? അവൻ നെട്ടോട്ടമോടുകയാണ്, ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിക്കെട്ടാൻ പാടുപെടുകയാണ്. പണിയുണ്ടെങ്കിലല്ലേ പണം കിട്ടുകയുള്ളൂ. ഒരു പണി കഴിഞ്ഞാൽ പിന്നെ അടുത്ത പണി കിട്ടിയിട്ടുതന്നെ വേണ്ടേ. അതുവരെയുള്ള അവന്റെ ജീവിതത്തെക്കുറിച്ച് ആരെങ്കിലും ചിന്തിക്കാറുണ്ടോ ? അവന്റെ വിയർപ്പിന്റെ, ഓട്ടത്തിന്റെ വിലയാണ് പെട്രോൾ വഴി ചൂഷണം ചെയ്യുന്നത്. നമുക്ക് ബുള്ളറ്റ് ട്രെയിനും സൂപ്പർ ഹൈവേകളും ശീതീകരിച്ച കുറേ കെട്ടിടങ്ങളും മാത്രം മതിയോ ? ഉണ്ടവന് പായ കിട്ടാതെ, ഉണ്ണാത്തവന് ഇല കിട്ടാതെ എന്നതുപോലെ... ഒന്നും പറയാൻ കഴിയുന്നില്ല. പറഞ്ഞ് മുഴുമിപ്പിക്കും മുമ്പ് ഒന്നും ചിന്തിക്കാതെ എതിർക്കാൻ ഇവിടെ ആളുകളുണ്ട്.

വളരെ നാളുകൾക്കുശേഷം അനുജൻ ഏട്ടന്റെ വീട്ടിലേയ്ക്ക് വിരുന്നുവന്നു. മാസമൊന്നു കഴിഞ്ഞിട്ടും അനുജൻ പോകുന്നില്ല. എങ്ങിനെ പറയും ? അനുജനായിപ്പോയില്ലേ ? എന്നാലും എന്തെങ്കിലും പറഞ്ഞേ പറ്റൂ എന്നുറപ്പിച്ച് വീട്ടിലേയ്ക്ക് കയറിയതും അയാൾ അതിശയിച്ചുപോയി. വീട് മുഴുവൻ വൃത്തിയായി വെള്ള പൂശിയിരിക്കുന്നു. ഏട്ടന് സന്തോഷമായി. അനുജനെ വാനോളം പുകഴ്ത്തി. മാസങ്ങൾ പലത് കഴിഞ്ഞു. തിന്നും കുടിച്ചും അനുജൻ ഏട്ടന്റെ കൂടെ പണിക്കൊന്നും പോകാതെ പണി തിരഞ്ഞുനടക്കുകയാണെന്ന വ്യാജേന സുഖമായി കഴിഞ്ഞു. സൂക്ഷിച്ചുവച്ച വിലപിടിപ്പുള്ള ഓട്ടുരുളികളും നിലവിളക്കും കിണ്ടിയും ഒന്നും കാണാനില്ലല്ലോ. എവിടെപ്പോയി ? ഇവിടെ എല്ലാംകൂടിയൊരുമിച്ച് സൂക്ഷിച്ചുവച്ചതാണ്. ആരെടുത്തു എന്ന ചോദ്യം ചെയ്യലിൽ അനുജൻ സത്യം പറഞ്ഞു, ഞാനിതെല്ലാമെടുത്ത് വിറ്റ കാശുകൊണ്ടാണ് ഈ വീട് വൈറ്റ് വാഷ് ചെയ്തതെന്ന്. എത്ര വില കൊടുത്താലും കിട്ടില്ലല്ലോ അത്തരത്തിലുള്ള പരമ്പരാഗതമായി കൈമാറി വന്ന ഓട്ടുപാത്രങ്ങൾ. എന്തുവില പിടിപ്പുള്ളതാണെന്ന് നിനക്കറിയുമോ ? അനുജനെ തല്ലിയിട്ടോ, കൊന്നിട്ടോ കാര്യമുണ്ടോ ? ഇല്ലല്ലോ. ഇതുപോലെയാണ് നമ്മുടെ നാട്ടിലും സംഭവിച്ചുകൊണ്ടിരിക്കുന്നത്. നമ്മുടെ വിലപിടിപ്പുള്ള പലതും കവർന്ന് വിറ്റ് നമുക്കുതന്നെ വെള്ള പൂശുകയാണ് ഭരണകൂടവും അധികാരികളും. അറിയാതേയും നിവൃത്തിയില്ലാതേയും നാമോരോരുത്തരും സഹിക്കുകയാണ്. നമ്മുടെ ഭൂമി നശിക്കുകയാണ് ഒപ്പം നമ്മളും. നമ്മളാൽ ആകുംവിധം ചെറുക്കുക. ബോധവത്ക്കരിക്കുക. സംരക്ഷിക്കുക. സ്വജീവിതം കൊണ്ട് ജീവിച്ച് കാണിക്കുവാൻ ഓരോരുത്തരും മുന്നോട്ടുവരേണ്ട കാലമായി.

എല്ലാത്തിനേയും സൃഷ്ടിച്ച് പരിപാലിക്കുന്ന ഒരേയൊരു ദൈവസങ്കല്പം മതിയായിരുന്നു. പക്ഷെ അതിനെ പലതാക്കി, പലവിധമാക്കി അതിന്റെ പേരിൽ അതിനുവേണ്ടി അടിപിടി കൂടുന്നു മനുഷ്യർ. ഒരേയൊരു രാഷ്ട്രീയ പാർട്ടി മതിയായിരുന്നു. ഏറിയാൽ രണ്ട് രാഷ്ട്രീയ പാർട്ടി വരെയാകാം. പക്ഷെ മുപ്പത്തിമുക്കോടി ഇല്ലെങ്കിലും കുറേയേറെ രാഷ്ട്രീയപാർട്ടികളുണ്ട് നമ്മുടെ നാട്ടിൽ. അതുപോലെ നിരവധി സംഘടനകൾ, സൊസൈറ്റികൾ, ട്രസ്റ്റുകൾ ദിനവും രൂപീകരിക്കുന്നു. എല്ലാറ്റിനും ഒരേയൊരു ലക്ഷ്യം - എങ്ങിനേയും പണമുണ്ടാക്കണം. അതിനായൊരു അഡ്രസ്സ് വേണം. അധികാരമുള്ള പദവികൾ വേണം. വേഷം കൊണ്ടുമാത്രം എല്ലാവരേയും വേർതിരിച്ചറിയാനാവുമെങ്കിലും എല്ലാവരും നല്ല ബിസിനസ്സുകാരാണ് എന്ന് അടുത്തറിയുമ്പോൾ മനസ്സിലാക്കാനാവും.

അഭിപ്രായസ്വാതന്ത്ര്യം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. അഭിപ്രായം പറയുന്നവരെ, വിമർശിക്കുന്നവരെ ഇല്ലാതാക്കുന്ന കാലം. എല്ലാവരും ഭയത്തിലാണ്. പ്രതികരിക്കുന്നവരെ വകവരുത്തുന്നു. വീണ്ടുമൊരു ജനമുന്നേറ്റം അനിവാര്യമായിക്കൊണ്ടിരിക്കുന്നു. അധികാരവും പണവും ഒത്തുചേരുമ്പോൾ തിമിരം ബാധിക്കുന്നത് കണ്ണിനു മാത്രമല്ല, മനസ്സിനും കൂടിയാണ്. ഒരു ആഭ്യന്തര യുദ്ധം സമീപഭാവിയിൽ പ്രതീക്ഷിക്കാം. സ്വാതന്ത്ര്യ സമരം പോലെ ഒരു സമരം ഇനിയും വരും. നാം സ്വതന്ത്രരല്ല. ഭൂസ്വത്തുക്കളുൾപ്പടെയുള്ള സ്വത്തുക്കളും അധികാരവും പണവുമെല്ലാം ആവശ്യത്തിൽ കൂടുതൽ കൈക്കലാക്കി സുഖിക്കുന്നവരുടെ കൈയിൽ നിന്നും നമുക്കിനിയും സ്വാതന്ത്ര്യം കിട്ടാനുണ്ട്.

ഈ ഭൂമിയിൽ ഒരേയൊരു ജീവിതമേ ഉള്ളൂ എന്ന് കരുതി അട്ടഹസിച്ച് ജീവിക്കുകയാണ് പാവം മനുഷ്യർ. ആരുമറിയാതെ പോവില്ല വേദനിക്കുന്നവരുടെ നൊമ്പരം. തെറ്റായ വഴിയേ സഞ്ചരിക്കുന്നവർ ഓർക്കുക, എല്ലാം അനുഭവിക്കാനിനിയുമുണ്ടല്ലോ ജീവിതങ്ങൾ ബാക്കി അധികം വൈകാതെ തന്നെ ദുരിതപൂർണ്ണമായ, അവസാനിപ്പിക്കാനാവാത്ത ഒരു ജീവിതവും പേറി ജീവിക്കേണ്ടിവരും തീർച്ച.



മുരളീധർ കൊല്ലത്ത്
9387475851

# ലയതാളലാളിത്യം

അംബരം കാട്ടിയതമ്മ
അമ്പിളി കാട്ടിയതമ്മ
പമ്പരം തന്നതും നൊമ്പരം മാഞ്ഞതും
ഇന്നെന്റെ ഹൃദയത്തിലോർമ്മ

മഴപാടുമെന്നോതിയമ്മ
പുഴപാടുമെന്നോതിയമ്മ
ലതതേങ്ങുമെന്നോതി
ലയതാളലാളിത്യമണയാത്തമലയാണ്മയമ്മ

അച്ഛനെ സ്നേഹിച്ചൊരമ്മ
അക്ഷരം നേദിച്ചൊരമ്മ
അറ്റമില്ലാക്കനിവൊറ്റയ്ക്ക് ഞാൻ നില്ക്കെ
ദുഃഖങ്ങളാറ്റുന്നൊരമ്മ

ഇങ്ക് കുറുക്കിയതമ്മ
തങ്കമെന്നോതിയതമ്മ
കുങ്കുമപ്പൊട്ടിനാലന്നുവയമ്പു
തേച്ചോമനിച്ചോമനിച്ചമ്മ

കൊന്നപ്പൂപോലെയെന്നമ്മ
കണിയാവണമെന്നുമമ്മ
കുളിർകോരി കരളിന്റെയുള്ളിൽ
നിറയുന്ന കനിവിൻ ഖനിയായൊരമ്മ

താരാട്ടുപാടുമൊരമ്മ
താങ്ങും തണലുമാണമ്മ
ഇമ്പമാംനാദമാർന്നാനന്ദനാവിലൂടുണ്മ
ചൊരിഞ്ഞുതന്നമ്മ

അറിവിൻ പാൽ നിറച്ചമ്മ
അധരം ചിരിപ്പിയ്ക്കുമമ്മ
അമൃതമന്ത്രം തന്നഴകായ്യൊഴുകുന്ന
നിത്യപ്രകാശമെന്നമ്മ

രോഹിണി നാളെന്റെയമ്മ
രോഗിണിയാണെന്നമ്മ
രോഗശാന്തിനേർന്നു
നേരിനെരാകിയരാഗപരാഗമെന്നമ്മ.




# മനുഷ്യാ നീ മനുഷ്യനാകൂ

മനുഷ്യഗുണങ്ങൾ പൊതുവേ മൂന്നായി തരം തിരിച്ചിരിക്കുന്നു. ദേവഗുണം, മനുഷ്യഗുണം, രാക്ഷസഗുണം അഥവാ ഉത്തമഗുണം, ഉൽകൃഷ്ടഗുണം, അധമഗുണം എന്നിങ്ങനെ. സത്യത്തിൽ ഈ മൂന്നുഗുണങ്ങളും പൊതുവേ എല്ലാവരിലും കാണും പക്ഷെ ഇവയുടെ ആധിക്യം നമ്മുടെ വ്യക്തിത്വത്തെ മാറ്റിമറിക്കും. ഒന്നാമത്തേത്, ത്യാഗമാണ്. ഈ ഗുണാധിക്യമുള്ളവർ സ്വയം നഷ്ടമനുഭവിച്ചുകൊണ്ട് മറ്റുള്ളവർക്ക് ഗുണം വരുന്ന കാര്യങ്ങൾ ചെയ്യാൻ മടി കാണിക്കില്ല. സ്വയം അനുഭവിക്കുന്ന നഷ്ടം ആരേയും ബോധ്യപ്പെടുത്താനും ശ്രമിക്കില്ല. മിക്കവാറും എല്ലാ നല്ല പുരോഹിതന്മാരും, സൂഫിമാരും സ്വാമിമാരും ഗാന്ധിജിയെപ്പോലുള്ളവരും ഈ ഗണത്തിൽ പെടും. അടുത്തത് ഉൽകൃഷ്ടം അഥവാ മനുഷ്യഗുണമാണ്. സ്വയം ലാഭമോ നഷ്ടമോ ഇല്ല. എന്നാലോ ചെയ്താൽ മറ്റുള്ളവർക്ക് ഉപകാരമാവുകയും ചെയ്യും. അതായത് വേണമെങ്കിൽ ചെയ്തുകൊടുക്കാം, ചെയ്തുകൊടുക്കാതിരിക്കുകയുമാവാം. അതുകൊണ്ട് ചെയ്തുകൊടുക്കാൻ തീരുമാനിക്കുന്നു. അത് നാലാളെ പറ്റുമെങ്കിൽ അറിയിക്കുകയും ചെയ്യുന്നു. ഇത് ഒരു സാധാരണ മനുഷ്യന്റെ മനഃശാസ്ത്രമാണ്. ഇത്തരത്തിലുള്ളവരാണ് ഇതിൽപ്പെടുന്നത്. ഇനി മൂന്നാമത്തേതോ ചെയ്യുന്ന ആൾക്ക് ലാഭനഷ്ടമൊന്നുമില്ല പക്ഷെ അവരങ്ങനെ നന്നാവേണ്ട എന്ന് തീരുമാനത്തിൽ ചെയ്തുകൊടുക്കുന്നില്ല. അതുപോലെ മറ്റുള്ളവർക്ക് എന്ത് നഷ്ടം വന്നാലും വേണ്ടില്ല എന്റെ കാര്യം നടക്കണം. ഇവർക്ക് പറയുന്ന പേരാണ് രാക്ഷസീയഗുണക്കാർ അഥവാ അധമഗുണക്കാർ. ഇന്ന് നാം കാണുന്ന ലോകത്തിൽ മൂന്നാമത്തെ കൂട്ടർ വളരെ കൂടിയിരിക്കുന്നു. അതുകൊണ്ടാണ് ആർക്കെന്തുവന്നാലും വേണ്ടില്ല എന്നു വിചാരിച്ച് മദ്യമൊഴുക്കുന്നതും, ഏറ്റവും പഠിക്കുന്ന കുട്ടി മോഹിച്ചാലും കുടുംബത്തിൽ അൻപതുലക്ഷമെങ്കിലും ചിലവാക്കാനുണ്ടെങ്കിൽ മാത്രമേ ആ കുട്ടി ഒരു ഡോക്ടറാകാൻ മോഹിപ്പാൻ പാടുള്ളൂ എന്ന നിലയിൽ ഫീസുകൂട്ടുന്നതും കായലും മലയും കുന്നും വെറുതെ കിടക്കുകയല്ലേ അത് ആർക്കെങ്കിലും വിൽക്കാം എന്നുതോന്നുന്നതും എല്ലാം എല്ലാം... നമുക്കും വേണം പണം ആർക്ക് എന്ത് പ്രശ്നമുണ്ടായാലും വേണ്ടില്ല എന്ന മനോഭാവം അത്യന്തം നിന്ദ്യവും ക്രൂരവുമാണ്.

ഒരു പാറകണക്കെ നിലകൊള്ളൂ. നിങ്ങൾ അവിനാശിയായ ആത്മസ്വരൂപമാണ്. അതിനാൽ ആത്മാവെന്ന മഹാശിലയ്ക്കുമേൽനിന്ന് സംസാരസാഗരമെന്ന നാടകത്തിൽ ഒരു കാഴ്ചക്കാരനെപ്പോലെ ജീവിക്കൂ.

**-സ്വാമി വിവേകാനന്ദൻ-**

# ആത്മവിശ്വാസം



എം. എം. മേനോൻ
0491 6451469

ജീവിതത്തിൽ നമ്മുടെ പ്രവണതയനുസരിച്ച് ധൈര്യത്തോടെ മുന്നേറേണ്ട ആവശ്യമുണ്ട്. ഇതിന് ചില വഴികളും ഉണ്ട്. ദൈവത്തിൽ വാസ്തവ/പൂർണ്ണ വിശ്വാസം ഉള്ളവർക്ക് അറിയാം, അവരുടെ അകത്തുള്ള ജീവാത്മാവ്. ഈ പ്രപഞ്ചത്തിന്റെ സൃഷ്ടി - സ്ഥിതി - സംഹാരം ചെയ്യുന്ന പരമാത്മാവിന്റെ അംശമോ പ്രതിബിംബമോ ആണെന്നും, നമ്മുടെ ചിന്തനം - ചൊല്ലുചെയ്യൽ എന്നതിനെക്കുറിച്ച് സദാ ജാഗരൂകരായ (ദിവ്യ കണക്കുപിള്ള !) ചിത്രഗുപ്തൻ, നമ്മളെ സന്മാർഗത്തിൽ തന്നെ നയിച്ചുകൊണ്ടുചെല്ലും എന്നും. ഇത്തരം ഒരു ശക്തിയിൽ വിശ്വാസം ഇല്ലെങ്കിലും, വിവേക ജീവിയായ, നമ്മെ നേർവഴിക്കു കൊണ്ടുചെല്ലാൻ മൗലിക മാനവ മൂല്യങ്ങളുടെ ആധാരത്തിൽ ചുമതലാബോധത്തോടെ രൂപീകരിച്ച, ജാഗ്രതമായ മനസ്സാക്ഷി ഉപകരിക്കും എന്ന് തീരുമാനിക്കാം. സീമിത പ്രകൃതിസ്വത്തുള്ള ഈ ഭൂമിയിൽ അധികരിച്ചു വന്നുകൊണ്ടിരിക്കുന്ന ജനസംഖ്യയും, അതിലും എത്രയോ വേഗം വളർന്നുവരുന്ന ആവശ്യങ്ങളും ആർത്തിയും, നിലനിന്നുപോകുന്നത് അസാധ്യം എന്ന് വേർതിരിച്ചറിവാൻ അധികം ബുദ്ധിയും ചിന്തനവും വേണ്ടി വരില്ല ! ഇത് സ്പഷ്ടമായ ശേഷം, ഇത്തരം മനഃസ്സാക്ഷിയുടെ നിയന്ത്രണമില്ലെങ്കിൽ സർവ്വനാശം ഉണ്ടാവുമെന്നും തീർച്ചയല്ലെ ?

ഇത് രണ്ടുമില്ലെങ്കിലും ജീവിതയാത്രയിൽ അറിഞ്ഞോ അറിയാതേയോ ചെയ്തുപോകുന്ന തെറ്റുകൾക്ക് ശിക്ഷയായി ‘ചെറു കൊട്ടുകൾ’ ലഭിക്കുന്നതിന്റെ ഉദ്ദേശത്തെ മനസ്സിലാക്കി നേർവഴിയിൽ നിന്ന് അധികം തെറ്റാതെ മുന്നേറുവാൻ ഏർപ്പാടുകൾ ഉണ്ട്. (“കണ്ട് പഠിക്കില്ലെങ്കിൽ കൊണ്ടൂ പഠിക്കും” എന്നൊരു ചൊല്ലുണ്ടല്ലോ !) ചെറു കൊട്ടുകൾ, അസുഖങ്ങൾ, മനസ്സിലെ ആധി എന്നിവ നമ്മുടെ ചിന്തനം - ചൊല്ല് - ചെയ്യൽ എന്നിവയിലെ തെറ്റുകളെ ചൂണ്ടിക്കാട്ടി പരിഹരിക്കാൻ പ്രേരിപ്പിക്കുന്നു.

മേൽ കൊടുത്ത മൂന്നിലും വിശ്വാസം കുറഞ്ഞവർ, മനുഷ്യർ രചിച്ച നിയമാവലി - പോലീസ് - വക്കീൽ - ന്യായാധീശൻ എന്നതിനെ ഭയന്ന്, എല്ലാവരേയും നേർവഴിക്ക് നയിക്കുവാൻ കഴിവുള്ള ഈ വ്യവസ്ഥ ഉള്ളതിന്റെ ‘പൊട്ട’ ധൈര്യത്തിൽ, ജീവിച്ചുപോകുന്നു. ദൈവ വിശ്വാസികളും തന്നെ തങ്ങളുടെ ‘അപാകത’ കാരണം അവരെ നേർവഴിക്കു നയിച്ചു ചെല്ലാനുള്ള ബാധ്യത/കടപ്പാട് ദൈവത്തിന്റേതാണെന്ന് അന്ധവിശ്വാസത്തിൽ തെറ്റുകൾ ചെയ്തുവരുന്നുണ്ട് ! ദൈവത്തിന്റെ ലിസ്റ്റിൽ 1200 കോടി മനുഷ്യർക്ക് പുറമെ അതിലും ഒരു ലക്ഷം ഇരട്ടി അന്യ ജീവജാലങ്ങളും ഉണ്ട് എന്ന് നാം മറക്കരുത്. ദോഷികളെ ശിക്ഷിക്കാനും സജ്ജനങ്ങൾക്ക് അഭിനന്ദനങ്ങൾ കൊടുത്തുകൊണ്ടിരിക്കാനും നിർബന്ധിച്ചാൽ മറ്റെ പ്രധാന കാര്യങ്ങൾക്ക് സമയം എവിടെ ? (ഈ രണ്ട് കൂട്ടരും ചുമതലയെ outsource ചെയ്യുവാൻ ശ്രമിച്ചു, തക്ക സമയത്ത് ഉചിത ശിക്ഷയനുഭവിക്കാത്ത കാരണം, പതുക്കെ പതുക്കെ വലിയ അപരാധങ്ങൾ ചെയ്തു കുടുങ്ങുന്നതുവരെ, ദർശിപ്പിക്കുന്നത് ആത്മവിശ്വാസമല്ല ‘പൊട്ട’ ധൈര്യം അല്ലെ ? ഇത് ദുഃഖകരമായ വാസ്തവം ആണ് !)

തന്നിൽ തന്നെ ധൈര്യവും ചുമതലാബോധത്തോടെയുള്ള ഉറപ്പും ഇല്ലെങ്കിൽ, ജീവിതയാത്ര സഫലം ആക്കാൻ കഷ്ടമാണ്. ഇത്തരം ഒരു അടിത്തറയാണ് ആത്മവിശ്വാസം. ആത്മവിശ്വാസം ഉണ്ടാവണമെങ്കിൽ ആധുനിക കൂറപ്രാന്ത്/പരക്കം പാച്ചിലിൽ നിന്ന് കുറച്ച് അകന്ന്, ശാന്തമായി ചിന്തിക്കുവാൻ സമയവും മനസ്സും കണ്ടുപിടിച്ചേ തീരൂ ! മരണം വരെ ജീവിച്ചുപോകുന്നത് മനുഷ്യന്റെ മാത്രമായ ഒരു പ്രത്യേകതയല്ലല്ലോ. പക്ഷെ, മൗലികമായ മാനവ മൂല്യങ്ങളെ (സത്യം, ധർമ്മം, അഹിംസ, സഹകരണം, സരളത, ക്ഷമ, ദയ എന്നുള്ളവയെ) മാനിച്ചു ജീവിതത്തിൽ പകർത്തുന്നത് വിവേകജീവിയായ മനുഷ്യന് മാത്രമേ സാധിക്കുകയുള്ളു. ഇതിനാൽ മാത്രമെ ലോകക്ഷേമവും അതിലൂടെ സ്വന്തം സുഖശാന്തിയും നമുക്ക് ലഭിക്കുകയുള്ളൂ എന്ന് തെളിവാകും. ഇത് പുതിയ ഒരു കണ്ടുപിടിത്തമല്ല!

ലോകത്തിൽ ധർമ്മം ക്ഷയിക്കുകയും അധർമ്മം തലയെടുക്കുകയും ചെയ്യുമ്പോൾ സാധുജനങ്ങളുടെ രക്ഷക്കായും ദുഷ്കർമ്മികളുടെ വിനാശത്തിനായും, അവതാരപുരുഷന്മാർ ജനിക്കുന്നു

ജീവിതയാത്രയിൽ സഫലത വേണമെങ്കിൽ ആത്മവിശ്വാസം കൂടാതെ കഴിയുകയില്ല. ആത്മവിശ്വാസത്തെ ദൃഢപ്പെടുത്താൻ ഉള്ള വഴികളാണ് നമുക്ക് ആവശ്യം. മറിച്ച് ഇന്ന് നമ്മുടെ ദൃശ്യ-ശ്രവണ-അച്ചടി മാധ്യമങ്ങൾ സ്വാർത്ഥപരതയോടെ തങ്ങളുടെ കഴിവുകളെ ഉയർത്തിക്കാട്ടാനായി പ്രധാനമറ്റതും ദുർല്ലഭമായതുമായ സംഭവങ്ങളെ മസാല ചേർത്ത് ഉത്തേജകമാക്കി ജനങ്ങൾക്ക് പല വിധത്തിലും പല സമയത്തും വിളമ്പി വരുന്നു. സമുദായത്തിലെ ച്യുതികളെ പരിഹാരത്തിനായി എടുത്തുകാട്ടേണ്ടത് ഇവരുടെ കടമ തന്നെ. പക്ഷെ ഊന്നൽ അത്യധികവും അനുചിതവും ആയാൽ പരിഹാരത്തിനുപകരം പ്രതികൂല ഫലം ഉണ്ടാവും എന്ന് അവ അറിയുന്നില്ല. കേവലം സ്വന്തം മതിപ്പ് ഉയർത്താൻ (To just impress) അതിശയോക്തി ഒരു ശീലമാക്കിയാൽ ജനങ്ങളുടെ ആത്മവിശ്വാസത്തിനെ ഇത് ക്ഷീണിപ്പിക്കുന്നു. കൂടെക്കൂടെ ഇത്തരം പ്രഹരമേറ്റശേഷം നമ്മുടെ സദുദ്ദേശത്തെത്തന്നെ സംശയിക്കാൻ തുടങ്ങുന്നു. കൊള്ള, കൊല, ഹിംസ, ചതി, തട്ടിക്കൊണ്ടുപോവൽ, സ്ത്രീ പീഡനം, ബലാൽക്കാരം മുതലായവ തീർച്ചയായും ഘൃണായോഗ്യമാണ്, ശിക്ഷാർഹമാണ്, എതിർക്കേണ്ടതാണ്. ഇതേപോലെ നാട്ടിൽ നല്ല സംഭവങ്ങളും, സത്കർമ്മങ്ങളും ഉല്ലേഖനീയമായ കാര്യങ്ങളും നടക്കുന്നുണ്ട്. ഇത്തരം കാര്യങ്ങൾക്ക് അഭിനന്ദനവും പ്രശംസയും പ്രചാരവും തീരെയില്ലാത്ത അവസ്ഥയിൽ ദുഷ്കർമ്മങ്ങളെ മാത്രം കുത്തി പുഴക്കി ഉത്തേജകമാക്കി വിളമ്പുന്നത് ചുമതലാബോധമില്ലായ്മ മാത്രമല്ല ഹാനികരമായ, സ്വാർത്ഥപരതയോടുള്ള കുബേരാരാധനയല്ലെ?

തെറ്റു ചെയ്യുന്നവർ <u>അവർ</u> ആണ്. നല്ലത് ചെയ്യുന്നതൊക്കെ <u>നമ്മൾ</u> ആണ്. ഇത്തരം വിചാരധാര ഇന്ന് ശക്തികൂടിക്കൊണ്ട് വരുന്നു. ഇതിന് സഹായിക്കുന്ന പദമാണ് 'സംസ്കാരങ്ങൾ'. ജീവിതയാത്രയിൽ നമ്മൾ നേരിടുന്ന കാര്യങ്ങളും സംഭവങ്ങളും നമ്മളറിയാതെ തന്നെ പതുക്കെ പതുക്കെ നമ്മുടെ കാഴ്ചപ്പാടിനെ മാറ്റിവരുന്നു. ഇത്തരം അനുഭവങ്ങളാൽ നമ്മുടെ പെരുമാറ്റങ്ങളും പ്രതികരണവഴികളും മാറുന്നു. എക്കണത്ത് ഈശ്വരൻ സംസ്കാരങ്ങളെ Aquired Compulsory Behavioural Traits എന്ന് വ്യക്തമാക്കുന്നു. അതായത് ജന്മം തൊട്ട് ഉള്ളതും തീരെ മാറാത്തതുമായവയല്ല. പക്ഷെ നമ്മളറിയാതെ നമ്മുടെ കാഴ്ചപ്പാടിനേയും പ്രതികരണവിധിയേയും ഇവ ബാധിക്കുന്നു, മാറ്റുന്നു. ഇത് കാരണം നമ്മളെപ്പോഴും ജാഗരൂകരായിരിക്കണം, അനുചിത വഴികളിൽ നിന്ന് ഒഴിഞ്ഞുമാറാൻ. സത്സംഗം, ഗുണകര കൃതികളുടെ വായന മുതലയാവ നല്ല സംസ്കാരങ്ങളെത്തരുന്നു. മറിച്ച്, ദുർജ്ജനങ്ങളുമായ പെരുമാറ്റം, അനുചിത പുസ്തകങ്ങൾ / കൃതികൾ എന്നിവ ചീത്ത സംസ്കാരങ്ങളാൽ നമ്മളറിയാതെ ദോഷം ചെയ്യുന്നു, നമ്മുടെ ആത്മവിശ്വാസത്തെ നശിപ്പിക്കുന്നു.

പണ്ട് കാലത്ത് ക്രിസ്തുമതപ്രചാരകർ, Eden ഉദ്യാനത്തിൽ Adam & Eve (ആദവും ഹൗവ്വയും) ചെയ്ത 'ആദ്യപാപം' (Original Sin) കാരണമായി നമ്മൾ എല്ലാം പാപികളാണെന്നും യേശു നമ്മളെ ഉദ്ധരിക്കും എന്നും പറയുന്നുണ്ടായിരുന്നു. ഹിന്ദുക്കളിലും തന്നെ ഭക്തിയുടെ 'ആവേശം' അധികമാകുമ്പോൾ നമ്മൾ പാപികളാണെന്നും നമുക്ക് ശരണം നൽകേണമേ എന്നുമുള്ള നില കൈക്കൊള്ളാറുണ്ട് !!! എക്കണത്ത് ഈശ്വരൻ ചൂണ്ടിക്കാട്ടുന്നതാണ് നമ്മുടെ ഈ <u>പാപത്തി</u>നുമുമ്പ്, നമ്മൾ <u>നല്ലവരായിരുന്നു</u>. ഈ original goodness വീണ്ടെടുക്കേണ്ടത് ആവശ്യമാണെന്ന് മാത്രമല്ല, അത് നമ്മളാൽ കഴിയും എന്ന ഉറപ്പാണ് നമ്മുടെ ആത്മവിശ്വാസത്തിന് താങ്ങ് ! ഇത് വീണ്ടെടുക്കണം ! എന്ന ഉറപ്പു മഹാന്മാർ തരുന്നുണ്ടെങ്കിലും, മനുഷ്യ ചരിത്രത്തിൽ ഇത്തരം പരിവർത്തനത്തിന് ശേഷം ശാന്തി വീണ്ടെടുത്തതായി ഉദാഹരണങ്ങൾ ഉണ്ടോ ? സ്വന്തം ചുമതലയെ outsource ചെയ്യാൻ ശ്രമിച്ച് ആത്മവിശ്വാസമില്ലാതെ, തങ്ങൾക്കായി ഒരു ചെറു സ്വർഗ്ഗത്തെ സൃഷ്ടിക്കുന്നത് അസാധ്യമല്ലെ? ചിന്തിക്കുക...

മനുഷ്യജീവിതത്തിൽ പ്രചോദനത്തിനായി ഒരുന്നത ലക്ഷ്യം ആവശ്യമാണ്. ഇതിനുപുറമെ ഈ ലക്ഷ്യത്തെ അടയുവാൻ ഉള്ള കഴിവുള്ളതായി ദൃഢസങ്കല്പവും ആവശ്യമാണ്. നമ്മുടെ കഴിവിന്നൊത്ത വെല്ലുവിളിയില്ലെങ്കിൽ എളുപ്പ വഴികൾ എടുത്തു നാം വ്യതിചലിക്കപ്പെടുന്നു. ഇന്റർനെറ്റ് വഴിയായി പകരുന്ന വൈറസ്സുകളും - wanna cry (വാണ്ണക്രൈ) മുതലായവ - ആകർഷക വ്യതിചലനങ്ങളും - poke mon go, blue whale മുതലായവ - ആത്മീയ ബോധമില്ലാത്ത, അതിബുദ്ധികൾക്ക്, ഒത്ത വെല്ലുവിളിയില്ലായ്മയെ എടുത്തുകാട്ടുന്നു. ഭൗതിക മേഖലയിൽ ഇന്ന് ചിലർ സാധിച്ചു കാട്ടുന്ന അത്ഭുതാവഹമായ അടവുകൾ (Stunts), ശാശ്വത സുഖ സമാധാനം നൽകുന്നില്ല. ഇവക്ക് ഇതിനുള്ള കഴിവില്ല ! ഇവിടെ (ഭൗതിക ദിശയിലെ) സാധനകൾ, വിശപ്പിനേയും ദാഹത്തേയും വർദ്ധിപ്പിച്ച് മാനസികനിലയിലെ അസ്വസ്ഥത അധികമാക്കി വരുന്നു! ഈ ഉന്നത ലക്ഷ്യം വേണ്ടത് ആത്മീയ/മാനസിക/ആന്തരിക മേഖലയിലാണ്. മോക്ഷം, സായൂജ്യം, നിർവ്വാണം എന്നു തുടങ്ങിയവ തികച്ചും അസ്പഷ്ടമായതിനാൽ ലക്ഷ്യം ആക്കുന്നത് സഹായകരം അല്ല. അതുപോലെത്തന്നെ ഗാന്ധിജി മുതലയാവരെപ്പോലെ ഒരു ദേശത്തിന് സ്വാതന്ത്ര്യം നൽകിക്കൊടുക്കാൻ സമരത്തിന് നേതൃത്വവും നമ്മുടെ കഴിവിന് പുറമെ തന്നെയാണ് ! എന്നാൽ നമ്മുടെ പരിമിതികളേയും, വ്യതിചലനത്തിന് കാരണമാകുന്നവയേയും മനസ്സിലാ

നമ്മൾ തെറ്റ് ചെയ്യുന്നുണ്ട്. നമ്മൾ തന്നെയാണ് പരിഹരിക്കേണ്ടത്. ഇതിന്റെ ചുമതല നമ്മുടെയാണ്, അന്യരുടെ അല്ല. ഇത് നമ്മളാൽ സാധിക്കും നമ്മളാൽ മാത്രമെ സാധ്യമാവുകയുള്ളു എന്ന ഉറപ്പ് നമ്മുടെ ആത്മവിശ്വാസത്തെ ദൃഢപ്പെടുത്തും.

ആത്മവിശ്വാസം എന്നത് എത്രയും അനിവാര്യമായ ഒന്നാണ്. ഇതിനെ ശക്തിപ്പെടുത്താം, ക്ഷയിപ്പിക്കാം എന്നുള്ളതും നമ്മുടെ കൈയ്യിൽ തന്നെയാണ് എന്നുള്ള ബോധവും ആത്മവിശ്വാസത്തെയാണ് കുറിക്കുന്നത്. ഇതിനെക്കുറിച്ചുള്ള ചർച്ച ഈ ചെറുലേഖനത്തിൽ സാധ്യമല്ല. ഈ പ്രധാന വിഷയത്തിലെ ചിന്തനകൾ ക്രമീകരിച്ചു, ചേർത്തു വായനക്കാർക്ക് സമർപ്പിക്കാൻ ശ്രമിക്കാം.

■ കവിത

## രാവിലെ കഴിച്ചത്

ഉണ്ണി വിശ്വനാഥ്
9895555393

മുത്തശ്ശൻ രാവിലെ കഴിച്ചത്
പുഴുങ്ങിയ കപ്പയും,
കൈകളാലുടച്ച
അരിമുളകുമായിരുന്നത്രേ.

അച്ഛൻ രാവിലെ കഴിച്ചത്
പഴഞ്ചോറും, തൈരും പിന്നെ
എരിവിനൊരരിമുളകുമായിരുന്നു.

ഞാൻ രാവിലെ കഴിച്ചത്
ദോശയും ചട്നിയും
കൂട്ടിനായൊരു കട്ടനും.

എൻമകൻ രാവിലെ കഴിച്ചത്
നൂഡിൽസും ഓംലറ്റും
അലിഞ്ഞിറങ്ങാനൽപ്പം ബൂസ്റ്റും.

പേരമകൻ രാവിലെ കഴിക്കുന്ന
തെന്തെന്നറിയുവാൻ
ശാസ്ത്രമിനിയും വളരുവതും
നോക്കി കാത്തിരിപ്പാണ് ഞാൻ.



# ചരിത്രത്തിൽ നാഴികക്കല്ലായ മൂന്നുവിധികൾ

ജോൺസൺ റോച്ച്
9495520611

നമ്മുടെ ജുഡിഷ്യറിയുടെ നീതിബോധവും വിശ്വാസവും വാനോളം ഉയർത്തുന്ന മൂന്നു കോടതി വിധികളാണ് ഉണ്ടായിരിക്കുന്നത്. ഈ മൂന്നുവിധികളും ഇന്ത്യൻ ജുഡിഷ്യറിയുടെ സാമൂഹ്യ പ്രതിബദ്ധതയെയും നീതിബോധത്തെയും വിളിച്ചോതുന്നതാണ്. ഇതിൽ ആദ്യം വന്നതും ശ്രദ്ധേയമായ വിധിയും സന്ദേശമയച്ചും ഫോണിലൂടേയും ഒറ്റയടിക്ക് മൂന്ന് തലാക് ചൊല്ലി മുത്തലാഖിന് ഇരകളായി അഞ്ചു സ്ത്രീകൾ നൽകിയ പരാതികളിൽ മേലുള്ള വിധിയാണ്. എല്ലാ പൗരൻമാർക്കും വിവേചനമില്ലാതെ തുല്യനീതി വാഗ്ദാനം ചെയ്യുന്ന ഭരണഘടനയുടെ 14ാം അനുച്ഛേദത്തിനു മുത്തലാഖ് എതിരാണെന്ന് വിലയിരുത്തിയാണ് ഭരണഘടനബഞ്ച് മുത്തലാഖ് നിരോധിച്ചിരിക്കുന്നത്. മുത്തലാഖ് മുസ്ലീം സ്ത്രീകളുടെ അവകാശങ്ങൾ നിഷേധിക്കുന്നതാണെന്ന് ചൂണ്ടിക്കാണിച്ച് കേന്ദ്രസർക്കാർ സുപ്രീംകോടതിയിൽ നൽകിയ സത്യവാങ്മൂലവും ഈ വിധിക്ക് കാരണഭൂതമായി മാറി. ഒപ്പം രണ്ട് മുസ്ലീം സ്ത്രീ സംഘടനകൾ കക്ഷി ചേർന്നതും ഈ കേസിൽ ഇത്തരമൊരു വിധിയെഴുതാൻ ബലം നൽകി. മുസ്ലീം പുരുഷൻമാർക്ക് ഒറ്റയടിക്ക് മൂന്നുതവണ തലാഖ് പറഞ്ഞ് വിവാഹമോചനം നടത്തുന്ന ക്രൂരമായ സമ്പ്രദായമാണ് കോടതി അവസാനിപ്പിച്ചിരിക്കുന്നത്. ഈ വിധി മുസ്ലീം സ്ത്രീകൾക്ക് സുരക്ഷയും നീതിയും ഉയർച്ചയും പ്രദാനം ചെയ്യുന്നതിനൊപ്പം ഇന്ത്യയുടെ പുരോഗതിയും ഉറപ്പാക്കുന്നു.

പുരുഷന് ഏകപക്ഷീയമായി ഒറ്റപ്രാവശ്യം മൂന്ന് തലാഖ് ഉച്ചരിച്ച് ഭാര്യയെ ഉപേക്ഷിക്കുന്ന രീതി ഭരണഘടന വിരുദ്ധമാണെന്ന് സുപ്രീംകോടതി വിധിച്ചതിലുള്ള സന്തോഷം പുറത്ത് പ്രകടിപ്പിക്കാനായില്ലെങ്കിലും നന്ദി നിറഞ്ഞ മനസ്സുമായി ഹൃദയത്തിനുള്ളിൽ മുഴുവൻ മുസ്ലീം സ്ത്രീകളും ഈ വിധിയെ സ്വീകരിച്ചിരിക്കും. മറ്റ് മതങ്ങളിലെ സ്ത്രീകൾക്ക് വിവാഹമോചനത്തിലൂടെ കിട്ടിക്കൊണ്ടിരിക്കുന്ന നിയമപരിരക്ഷ മുസ്ലീം സ്ത്രീകൾക്കും കിട്ടത്തക്ക വിധത്തിൽ ആറുമാസത്തിനകം നിയമനിർമ്മാണം നടത്തണമെന്ന് സർക്കാരിനോട് കോടതി ആവശ്യപ്പെട്ടിട്ടുണ്ട്.

മുത്തലാഖ് കോടതിയുടെ പരിധിയ്ക്കപ്പുറത്തുള്ള വിഷയമാണെന്നും ഇക്കാര്യത്തിൽ കോടതി ഇടപെടരുതെന്നും മുസ്ലീം വ്യക്തി നിയമ ബോർഡ് വാദിച്ചുനോക്കി. എന്നാൽ മുത്തലാഖ് ഖുറാന് ഘടകവിരുദ്ധമാണെന്നും ഖുറാന്റെ തത്വസംഹിത ലംഘനമാണെന്നും കോടതി നിരീക്ഷിച്ചു. മുൻചീഫ് ജസ്റ്റിസ് ഖേഹറും ജസ്റ്റിസ് അബ്ദുൾ നസീറും വ്യക്തിനിയമത്തിന്റെ പരിധിയിൽ വരുന്ന അനുച്ഛേദം 25-ന്റെ പരിരക്ഷ മുത്തലാഖിനുണ്ടെന്ന് നിലപാട് എടുത്തെങ്കിലും മുസ്ലീം സ്ത്രീകൾക്ക് നീതി ലഭിക്കാൻ നിയമനിർമ്മാണം നട

ത്തണമെന്ന കാര്യത്തിൽ ഭരണഘടനബെഞ്ചിലെ ജസ്റ്റിസ്മാരെല്ലാം ഏക അഭിപ്രായക്കാരായിരുന്നു. ഈ കാഴ്ചപ്പാടിൽ ഈ വിധിയെ വിലയിരുത്തിയാൽ വിധി ഐെക കണ്ഠ്യേനയാണെന്ന് പറയാം. മുസ്ലീം മതത്തിലെ സംവിധാനങ്ങൾക്കുള്ളിൽ നീതികിട്ടാതെ വന്നപ്പോഴാണ് മറ്റ് പോംവഴികളില്ലാതെ കത്തിലൂടേയും ഫോണിലൂടേയും മുത്തലാഖിന് വിധേയരായ ശായറ ബാനോ, ഇസ്രത്ത് ജഹൻ, ഗുൽഷൻ പർവിൻ, അഫ്റിൻ റഹ്മൻ, ആരിയ സാബാരി എന്നീ സ്ത്രീകൾക്ക് കോടതിയിൽ അഭയം പ്രാപിക്കേണ്ടിവന്നത്. ഈ കേസിന്റെ തീർപ്പിൽ പുരുഷൻ ഏകപക്ഷീയമായി ഒറ്റവേഗത്തിൽ ചൊല്ലുന്ന ട്രിപ്പിൾ തലാക്ക് ഭരണഘടന വിരുദ്ധമായി മാറിയതിനാൽ മുസ്ലീം പുരുഷൻമാർക്ക് പഴയതുപോലെ വിവാഹമോചനം ഇനി നേടാനാവില്ല. ഇനി മുത്തലാഖ് ചൊല്ലിയാൽ ഭരണഘടന വിരുദ്ധമായതിനാൽ പുരുഷന് ശിക്ഷ ഉറപ്പായിരിക്കുന്നു. വരാൻ പോകുന്ന നിയമപ്രകാരം കോടതി മുഖേനയുള്ള വിവാഹമോചനത്തിന് ഇനി നിയമസാദ്ധ്യത ഉണ്ടാകൂ.

ഈ ഭരണഘടന ബഞ്ചിനും അപ്പുറം കടന്ന് ഇന്ത്യയിലെ എല്ലാ വിവാഹമോചനത്തിനും ഒരു ഏകീകരണനിയമം ഉണ്ടാകുമ്പോഴേ ഈ വിഷയത്തിൽ നീതി പൂർണ്ണമാകുകയുള്ളൂ. എങ്കിലും ഇപ്പോഴുണ്ടായ കോടതിവിധിയെ നീതിബോധം ലവലേശം ഉള്ള ആർക്കും പ്രശംസിക്കാതിരിക്കാനാവില്ല. ഭരിക്കുന്ന പാർട്ടിനിയമം ഉണ്ടാക്കുന്നതിനോട് യോജിക്കാനാവില്ലെന്ന് ചിലർ വിഡ്ഢിത്തം വിളമ്പുന്നുണ്ട്. ഭരിക്കുന്ന പാർട്ടിക്കല്ലാതെ നിയമം ഉണ്ടാക്കി പാസാക്കിയെടുക്കാൻ മറ്റ് ആർക്ക് കഴിയുമെന്നും, അതിന് ആർക്കാണ് അവകാശവും, അധികാരവും ഉണ്ടെന്നുകൂടി ഇപ്പറയുന്നവർ വ്യക്തമാക്കണം. നിയമം ഉണ്ടാക്കാൻ കോടതി ആവശ്യപ്പെട്ടിരിക്കുന്നത് സർക്കാരിനോടാണ് ഇത്തരം വിഡ്ഢിത്തം വിളമ്പുന്ന ഞാഞ്ഞലുകളോടല്ലെന്ന് ഇവർ ഓർക്കണം.

രണ്ടാമതായി വന്ന ചരിത്രപരമായ മറ്റൊരു വിധിയാണ് സ്വകാര്യത ഒരു പൗരന്റെ മൗലികാവകാശമായി പ്രഖ്യാപിച്ചുകൊണ്ടുള്ള വിധി. സർക്കാരിന്റെ വിവിധ ക്ഷേമ പദ്ധതികൾക്ക് ആധാർ നിർബന്ധമാക്കാനായി രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ സ്വകാര്യതയിലേക്കുള്ള കടന്നുകയറ്റമാണെന്ന ഹർജികളിൽമേലാണ് സ്വകാര്യത വിഷയം സുപ്രീംകോടതിയുടെ ഒമ്പതംഗബഞ്ച് പരിശോധിച്ചത്. ആധാറിന്റെ നിയമസാധ്യത പരിശോധിച്ച അഞ്ചംഗഭരണഘടന ബഞ്ചും വ്യക്തികളുടെ സ്വകാര്യത സംബന്ധിച്ച വിഷയം പരിശോധിക്കാനായി ഒമ്പതംഗബഞ്ച് രൂപീകരിച്ച് ആ ബഞ്ചിന്റെ തീരുമാനത്തിനായി വിടുകയായിരുന്നു.

ഈ ബഞ്ചിന്റെ വിധിയിൽ വ്യക്തികളുടെ താല്പര്യം ഭരണഘടന ഉറപ്പ് നൽകുന്ന ജീവിക്കാനുള്ള അവകാശത്തിന്റെ ഭാഗമാണ് സ്വകാര്യതയെന്ന് ഉറപ്പിക്കുന്നു. സ്വകാര്യത നിരീക്ഷിക്കുന്നതും പകർത്തുന്നതും തെറ്റാണെന്നും അത് അവന്റെ വ്യക്തി ജീവിതത്തെ അപകടത്തിലാക്കുമെന്നും കോടതി വിലയിരുത്തി. സ്വകാര്യത വ്യക്തി ജീവിതത്തിനു കരുത്തു നൽകുമെന്നും അവന്റെ അന്തസ്സ് ഉയർത്തിപ്പിടിക്കുമെന്നും കോടതി നിരീക്ഷിച്ചു. ഒരാളുടെ പേരും അയാളെ സംബന്ധിച്ച വിവരങ്ങളും മറ്റാരെങ്കിലും നിരീക്ഷിക്കുന്നതും ആവശ്യം വരുമ്പോൾ അയാൾക്കെതിരെ ഉപയോഗിക്കുന്നതും മനുഷ്യന്റെ ജീവിക്കാനുള്ള അവകാശത്തിന്റെ ലംഘനമാണെന്നും കോടതി വിലയിരുത്തി.

വ്യക്തികൾ സർക്കാരിന് നൽകുന്ന ബയോമെട്രിക് വിവരങ്ങൾ സ്വകാര്യവാണിജ്യ സ്ഥാപനങ്ങൾ കൈകാര്യം ചെയ്യുമ്പോൾ സ്വകാര്യത സൂക്ഷിക്കാനുള്ള അവകാശം നഷ്ടപ്പെടുമെന്നതിന് ഉദാഹരണമാണ് ആധാർ വിവരങ്ങൾ ചോർന്നതെന്ന് ഈ കേസിലെ വാദികൾ വാദിച്ചു. ഈ വാദത്തെ അംഗീകരിച്ചുകൊണ്ട് വ്യക്തിയുടെ സ്വകാര്യതയിൽ സർക്കാരിൽനിന്നും പുറത്തുനിന്നും ഭീഷണി ഉയരുന്നതായി കോടതിയും സമ്മതിച്ചു. ഒരു വ്യക്തിക്ക് താൻ അസ്വതന്ത്ര്യനാണെന്നു ബോധ്യമുണ്ടായാൽ വ്യക്തിയുടെ മുന്നോട്ടുള്ള യാത്രയ്ക്ക് തടസ്സമുണ്ടാകുമെന്നും അത് വിശ്വാസം തകർക്കുമെന്നുള്ള വാദികളുടെ വാദത്തെയും കോടതി അംഗീകരിച്ചു.

സ്വകാര്യത മൗലികാവകാശമായി പരിഗണിക്കാമെങ്കിലും അത്യന്തികമായി പരിഗണിക്കാനാവില്ലെന്നാണ് കേന്ദ്രസർക്കാർ അഭിപ്രായപ്പെട്ടത്. ഭരണഘടന 21ാം അനുച്ഛേദത്തിൽ പറയുന്ന സ്വകാര്യതയെ മൗലികാവകാശമായി കണക്കാക്കാനാവില്ലെന്നും സർക്കാർ വാദിച്ചു. സ്വകാര്യത മൗലികാവകാശമില്ലാത്തതിനാൽ ഹർജി തള്ളിക്കളയണമെന്ന സർക്കാരിന്റെ വാദങ്ങളെ തള്ളിക്കൊണ്ടാണ് സ്വകാര്യത ഒരു വ്യക്തിയുടെ സ്വത്വത്തിന്റെ കാര്യമാണെന്ന് ഒമ്പതംഗ ഭരണഘടന ബഞ്ച് ഐെകകണ്ഠ്യേന വിധിച്ചത്. പൗരന്റെ സ്വകാര്യത അറിഞ്ഞിരിക്കേണ്ടത് സർക്കാരിന്റെ അവകാശവും, സ്വാതന്ത്ര്യമാണെന്ന വാദത്തെ കോടതി നിരാകരിച്ചുകൊണ്ട് വ്യക്തിയുടെ സ്വാതന്ത്ര്യം നിലനിറുത്താൻ വ്യക്തിയുടെ സ്വകാര്യത ആവശ്യമാണെന്ന നിലപാടിൽ കോടതി എത്തിച്ചേർന്നു.

വ്യക്തിയുടെ സ്വാതന്ത്ര്യത്തിൽ അതിക്രമിച്ച് കടക്കാതിരിക്കാനായി വിവരസംരക്ഷണം സുപ്രധാനമാണെന്ന കാഴ്ചപ്പാടോടുകൂടി കേന്ദ്രസർക്കാർ നിയമം കൊണ്ടുവരണമെന്നും കോടതി ശുപാർശ ചെയ്തിട്ടുണ്ട്. വ്യക്തികളുടെ താത്പര്യങ്ങളും സർക്കാരിന്റെ ആശങ്കകളും മുന്നിൽ കണ്ടുകൊണ്ടുവേണം നിയമം ഉണ്ടാക്കേണ്ടതെന്നും കോടതി വ്യക്തമാക്കിയിട്ടുണ്ട്. സ്വാകാര്യതയ്ക്ക് പരിമിതികളുണ്ടെന്നും അവ നിയന്ത്രണങ്ങൾക്ക് വിധേയമായിരിക്കണമെന്നും സ്വകാര്യത അവകാശം സമ്പൂർണ്ണമല്ലെന്നും കൂടി വിധിയിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. വ്യക്തികളുടെ താല്പര്യവും സമൂഹത്തിന്റെ നിലനിൽപ്പും കണക്കിലെടുക്കേണ്ടതുണ്ടെന്നും വിധിയിൽ ഓർമ്മപ്പെടുത്തുന്നുണ്ട്. ക്രമസമാധാനം, ധാർമ്മികത, പൊതുജനാരോഗ്യം, രാജ്യരക്ഷ, ദേശീയത എന്നിവയിൽ സ്വകാര്യത അനുവദിച്ചുകൊടുത്താൽ സമൂഹത്തിന്റെ നിലനിൽപ്പ് കീഴ്മേൽ മറിയുമെന്നും സർക്കാർ വാദിച്ചു. മൗലികാവകാശങ്ങളിൽമേൽ യുക്തിസഹമായ നിയന്ത്രണം ഏർപ്പെടുത്താനുള്ള അധികാരം സർക്കാരിന് ഇല്ലാതായാൽ രാജ്യം അപകടത്തിലാകുമെന്നും സർക്കാർ കോടതിയെ ഓർമ്മിപ്പിച്ചു.

ഇങ്ങനെയും വാദമുഖങ്ങളുണ്ടെങ്കിലും സ്വകാര്യത മൗലികാവകാശമാണെന്നതിൽ എല്ലാ ജ

സ്റ്റിസ്മാരും യോജിച്ചാണ് വിധി പ്രഖ്യാപിച്ചിരിക്കുന്നത്. ഈ ഐകകണ്ഠ്യേനയുള്ള വിധി പൗരന്റെ സ്വകാര്യതയേയും സ്വാതന്ത്ര്യത്തേയും സംരക്ഷിക്കുന്ന വിധിയായി തീർന്നിരിക്കുന്നു. ഈ വിധി വാട്സപ്പിലൂടേയും ഫെയ്സ് ബുക്കിലൂടേയും വ്യക്തികൾ തമ്മിൽ പങ്ക് വയ്ക്കുന്ന വിവരങ്ങൾ സേവനദാതാക്കൾ ചോർത്തുന്നതിനെ ചോദ്യം ചെയ്യപ്പെടുന്നു. ഫോൺ ചോർത്തലിനേയും സ്വകാര്യതയിലേക്കുള്ള കടന്നുകയറ്റമായി കണക്കാക്കപ്പെടും. ആധാറിന്റെ ആധികാരികതയേയും ഈ വിധി ബാധിക്കും. വിശ്വാസം, ഭക്തി, ആരാധന, ആശയ ആവിഷ്ക്കാരം, സഞ്ചാര സ്വാതന്ത്ര്യം എന്നിവയിൽ ഉൾച്ചേർന്ന് സ്വകാര്യതയെ ഈ വിധി ഉറപ്പിച്ചെടുക്കുന്നു. കൂടാതെ ലൈംഗിക അഭിരുചി തിരഞ്ഞെടുക്കാനും ജീവിതപങ്കാളിയെ കണ്ടെത്താനും വ്യക്തികൾക്ക് ഈ വിധി അവകാശം നൽകുന്നു. ഇനി സ്വകാര്യതയെ ലംഘിക്കുന്ന സർക്കാരിന്റെ എല്ലാ നടപടികളും കോടതിയിൽ ചോദ്യം ചെയ്യപ്പെടാം. വ്യക്തി ജീവിതത്തിൽ ഇടപെട്ട് എന്തുകഴിക്കണമെന്നും എന്തു ധരിക്കണമെന്നും എന്ത് എഴുതണമെന്നും ചിന്തിക്കുന്നത് സ്വകാര്യത ലംഘനമാണെന്ന് ഈ വിധിയിലൂടെ കോടതി ഉറപ്പിക്കുന്നു. ഈ ഉറപ്പിലൂടെ സ്വകാര്യത മനുഷ്യാവകാശമല്ലെന്ന 1954ലെ എം. പി. ശർമ്മകേസിലേയും, 1962ലെ ഖരക്സിങ് കേസിലേയും 1975ലെ ഗോവിന്ദ് കേസിലേയും വിധികളെ അപ്രസക്തമാക്കുന്നു.

1993ലെ മനുഷ്യാവകാശ സംരക്ഷണനിയമം 2(1)ഡിയിൽ ജീവനും സ്വാതന്ത്ര്യത്തിനും സമത്വത്തിനും അന്തസ്സിനുമുള്ള അവകാശങ്ങൾ പറയുന്നുണ്ട്. സ്വകാര്യതയ്ക്കുള്ള അവകാശം ഭരണഘടന 21ലും പറയുന്നുണ്ട്. ഇതിൽ ഉപൽബലകമായി നിന്നുകൊണ്ടുള്ള ഒമ്പതംഗബഞ്ചിന്റെ കോടതിവിധി വ്യക്തിയുടെ സ്വകാര്യതയെ ശക്തിപ്പെടുത്താൻ സഹായകമായിരിക്കും. പൗരൻമാർക്ക് അവരുടെ സ്വകാര്യ അവകാശങ്ങൾക്ക് സംരക്ഷണം നൽകിക്കൊണ്ട് സ്വകാര്യത മൗലികാവകാശമാക്കി വിധി പറഞ്ഞ ഭരണഘടന ഒമ്പതംഗബഞ്ചിനെ നമുക്ക് അഭിനന്ദിക്കാം.

കോടതി പ്രശംസ അർഹിക്കുന്ന മൂന്നാമത്തെ വിധി ദേരാസച്ചാ ആശ്രമത്തിലെ രണ്ട് അന്തേവാസികളെ ബലാത്സംഗം ചെയ്ത കേസിൽ ദേരാ സച്ച് തലവൻ ഗുർമിത് റാം റഹീംസിങ് കുറ്റക്കാരനാണെന്ന് ചണ്ടിഗഡ് പഞ്ചകുളയിലെ പ്രത്യേക സി.ബി.ഐ. കോടതിവിധിച്ചതാണ്. ഈ വിധിയെ തുടർന്ന് രാജ്യത്തിന്റെ നിയമവ്യവസ്ഥയെ വെല്ലുവിളിച്ചുകൊണ്ട് നടന്ന കലാപങ്ങൾ കണ്ട് ഞെട്ടിയവരാണ് നമ്മൾ. ജഡ്ജി ജഗദീപ്സിങ് ആൾദൈവങ്ങളും മതനേതാക്കളും രാജ്യത്തെ നിയമത്തിന്റെ മുകളിലല്ലെന്ന് ഈ വിധിയിലൂടെ തെളിയിച്ചു. ആത്മീയ കള്ളത്തരങ്ങൾക്ക് അപ്പുറത്താണ് നീതിയും നിയമവുമെന്ന യാഥാർത്ഥ്യം ഈ വിധി ഉയർത്തിപ്പിടിച്ചു.

അസമത്വങ്ങൾ, തൊഴിൽ, ആരോഗ്യം, വിദ്യാഭ്യാസം, കുടുംബപ്രശ്നങ്ങൾ, വ്യക്തിദൗർബല്യങ്ങൾ മുതലായവ പരിഹരിക്കേണ്ട രാഷ്ട്രം പരാജയപ്പെടുന്ന സ്ഥാനത്ത് ആൾദൈവങ്ങൾ ജീവകാരുണ്യം, മാജിക് ഷോ, ദിവ്യശക്തി, രോഗശാന്തി അത്ഭുതങ്ങൾ, യോഗ, ബ്രഹ്മചര്യം മുതലായവ ഉയർത്തി മുന്നോട്ടുവരുന്നു. ഇതിന് ഭരണാധികാരികളും രാഷ്ട്രീയകക്ഷികളും നേതാക്കളും ഉദ്യോഗസ്ഥരും പിന്തുണ നൽകുന്നു. ആൾദൈവങ്ങൾ സംഘടിപ്പിക്കുന്ന സേവനങ്ങളിൽ ആകൃഷ്ടരായി പ്രശ്നങ്ങളാൽ അലയുന്ന നിഷ്കളങ്കരായ ജനങ്ങൾ അവരുടെ പ്രശ്നപരിഹാരത്തിനായി ഇവർ പറയുന്നത് കണ്ണുമടച്ച് വിശ്വസിക്കുന്നു. ഇവരുടെ ആരാധകരായി തീരുന്നു. തുടർന്ന് ആരാധകർ അനുചാരകരായി തീരുന്നതോടെ ഇവർക്ക് വേണ്ടി മരിക്കാൻവരെ തയ്യാറാകുന്നു.

ആൾദൈവങ്ങൾ നൂറുകണക്കിന് ഏക്കർ സ്ഥലം സ്വന്തമാക്കുന്നു. അതിൽ സ്കൂളുകൾ, കോളേജുകൾ, ആശുപത്രികൾ വ്യവസായ സാമ്രാജ്യങ്ങൾ, വ്യാപാരങ്ങൾ, അമ്യൂസ്മെന്റ് പാർക്കുകൾ മുതലായവ കെട്ടിപ്പൊക്കുന്നു. ഇവയുടെയൊക്കെ മറവിൽ കൊലകളും ദുർമന്ത്രവാദങ്ങളും തട്ടിപ്പുകളും ലൈംഗികചൂഷണങ്ങളും സാമൂഹികവിരുദ്ധ പ്രവർത്തനങ്ങളും നടത്തുന്നു. ഭരണകർത്താക്കളും ഇവരെ സന്ദർശിക്കുന്നു. തുടർന്ന് ഇവർ തിരഞ്ഞെടുപ്പിൽ ഇടപെടുന്നു. ഇതോടുകൂടി രാജ്യത്തിന്റെ എല്ലാ വ്യവസ്ഥകൾക്കും മുകളിലാണ് തങ്ങളെന്ന തെറ്റിദ്ധാരണയിൽ ഇവർ എത്തുന്നു.

ഈയൊരവസ്ഥയിൽ ഗുർമിത് വാഴുമ്പോഴാണ് 164-ാം വകുപ്പുപ്രകാരം രണ്ടുയുവതികൾ കോടതിയിൽ മൊഴി നൽകാൻ തയ്യാറായത്. തങ്ങളുടെ അനുഭവങ്ങൾ കോടതിയോടു തുറന്നു പറയാൻ ധൈര്യം കാണിച്ച രണ്ടു സ്ത്രീകൾക്കും പ്രണാമം. പഞ്ചകുളയിലെ പ്രത്യേക സി.ബി.ഐ കോടതി ജഡ്ജ് ജഗ്ദീപ് സിങും സിബിഐ ഉദ്യോഗസ്ഥരും ഇരകൾക്കുവേണ്ടി ഹാജരായ അഭിഭാഷകരും ഒരുപോലെ അഭിനന്ദനമർഹിക്കുന്നു. ഈ കേസിൽ എല്ലാ സ്വാധീനങ്ങളേയും തൃണവൽക്കരിച്ചുകൊണ്ടുള്ള ഇവരുടെ നിതാന്തജാഗ്രത ഒന്നുകൊണ്ടുമാത്രമാണ് ഗുർമീതിന് 20 വർഷം കഠിനതടവും 30 ലക്ഷം രൂപ പിഴയും വിധിക്കാനായത്. ഗുർമീതിനെതിരെ മൂന്നുകേസുകൾ കൂടി നിലവിലുണ്ട്. മുൻപ്രധാനമന്ത്രി വാജ്പേയിക്കും, പഞ്ചാബ്-ഹരിയാന ഹൈക്കോടതി ചീഫ് ജസ്റ്റിസ്സിനും ലഭിച്ച ഊമക്കത്തിന്റെ പകർപ്പ് പ്രചരിപ്പിച്ചതിന് ദേരാ ആശ്രമത്തിലെ ജീവനക്കാരൻ രഞ്ജിത്തിനെ കൊലപ്പെടുത്തിയ കേസും, ദേരാ ആശ്രമത്തിലെ വൃത്തികെട്ട ചെയ്തികൾ പ്രസിദ്ധീകരിച്ച പ്രാദേശികപത്രത്തിന്റെ പത്രാധിപർ റാംചന്ദർ ഛത്രപതിയെ കൊലപ്പെടുത്തിയ കേസും ആശ്രമത്തിലെ പുരുഷൻമാരെ ഷണ്ഡീകരണത്തിന് വിധേയമാക്കിയ കേസും.

ആൾദൈവങ്ങളുടേയും കപടസന്യാസിമാരുടേയും സിദ്ധൻമാരുടേയും എണ്ണം പെരുകിക്കൊണ്ടിരിക്കുന്ന ഇന്ത്യയുടെ ഇന്നത്തെ അവസ്ഥയിൽ എല്ലാ ആൾദൈവങ്ങൾക്കും മുഖത്ത് കിട്ടിയ പ്രഹരമായിരുന്നു ഗുർമീതിന്റെ വിധി. ജനങ്ങളെ മാനസിക അടിമകളാക്കി കൊല്ലാനും ചാവാനും തയ്യാറാക്കിയെടുക്കുന്ന ആൾദൈവങ്ങൾക്കെതിരെ ഇനിയെങ്കിലും സർക്കാരും ഭരണസംവിധാനങ്ങളും രാഷ്ട്രീയകക്ഷികളും പൊതുജനങ്ങളും ജാഗ്രത പുലർത്തേണ്ടിയിരിക്കുന്നു. തുടർച്ചയായി ഉണ്ടായ മൂന്നുകോടതിവിധികളും കോടതിയുടെ അന്തസ്സ് ഉയർത്തിപ്പിടിക്കുന്നു. കോടതിക്ക് അഭിനന്ദനങ്ങൾ !

●

ജോസഫ് പൂതക്കുഴി
9846751749



# മദ്യാസക്തി മഹാരോഗം

മദ്യപാനി എന്ന പേര് വീഴുന്നത് കുറച്ചുകാലം മുമ്പുവരെ വളരെ മോശമായി കരുതിയിരുന്നു. എന്നാൽ ഈ ആധുനിക കാലഘട്ടത്തിൽ മദ്യപാനം ഒരു 'സ്റ്റാറ്റസ് സിംബൽ' ആയി മാറിയിരിക്കുന്നു. ഏത് വിശേഷാവസരത്തിലും മദ്യപാന സദസ്സുകൾ അരങ്ങേറുന്നു. ഇതുകണ്ടുവളരുന്ന യുവതലമുറയും ഈ വഴിയെ തന്നെ. ഇതൊരു അന്തസ്സുള്ള പരിപാടിയായി തെറ്റിദ്ധരിച്ച് ഈ വഴിയെത്തന്നെ നീങ്ങുന്നതായി ഇന്ന് നമുക്ക് കാണാൻ കഴിയുന്നു.

മദ്യത്തിന്റെ സ്വന്തം നാടായി കേരളം മാറിയിട്ട് ഏറെ നാളായി. മൂന്നുകോടി മുപ്പത്തിയഞ്ചുലക്ഷം ജനസംഖ്യയുള്ള കേരളത്തിൽ ഒരു കോടിയോളം സ്ഥിരം മദ്യപാനികളുണ്ടെന്ന് കണക്കാക്കപ്പെടുന്നു. പഞ്ചാബിൽ 7.9 കോടി ലിറ്ററാണ് ആളോഹരി വിഹിതമെങ്കിൽ കേരളത്തിലേത് 8.4 കോടി ലിറ്ററാണ്. ഒരു വർഷം കൊണ്ട് മലയാളി കുടിച്ചുതീർക്കുന്ന മദ്യത്തിന്റെ അളവ് 26.5 കോടി ലിറ്ററാണ്. കേരളീയർ മദ്യപാനം ആരംഭിക്കുന്ന കരാശരി പ്രായം 12 വയസ്സാണെന്ന് പുതിയ പഠനങ്ങളിൽ തെളിയുന്നു. പുരുഷന്മാരേയും കുട്ടികളേയും പോലെ സ്ത്രീകളും ഇപ്പോൾ മദ്യാസക്തരോഗത്തിന് അടിമകളാകുന്നു എന്നത് ഏവരേയും ഭീതിപ്പെടുത്തുന്ന ഒരു യാഥാർത്ഥ്യമാണ്.

ആധുനിക കാലഘട്ടത്തിലെ മനുഷ്യരെ ആസക്തികൾ വേട്ടയാടിക്കൊണ്ടിരിക്കുകയാണ്. അമിതമായ ധനാർത്തി, ആടയാഭരണങ്ങൾ, സ്ഥാനമാനങ്ങൾ, ഭോജനപ്രിയം, ചൂതാട്ടം, മദ്യാസക്തി മുതലായവയെല്ലാം ഇന്ന് സമൂഹത്തെ പിടിച്ചുവലിക്കുന്ന ആസക്തികളാണ്. ഇവയിൽ ഏറ്റവും ഭീകരവും വിനാശകരവുമായത് മദ്യാസക്തിയാണ്. കാരണം അത് മറ്റെല്ലാ തിന്മകൾക്കും കാരണമായിത്തീരും.

എന്തെങ്കിലും ഒന്നിനോടുള്ള ശാരീരികവും മാനസികവുമായുള്ള നിയന്ത്രണാതീതമായ നിർബന്ധത്തിനാണ് ആസക്തി എന്നു പറയുന്നത്.

മനസ്സിൽ രൂഢമൂലമായിരിക്കുന്ന പേടിപ്പെടുത്തുന്നതും അപകടകരവുമായ ഒരാശയത്തിന്റെ ശാരീരികവും മാനസികവുമായ നിയന്ത്രണാതീതമായ നിർബന്ധത്തിനാണ് മദ്യാസക്തി എന്നു പറയുന്നത്.

"One an alchoholic is always an alchoholic. Because a alchoholism is a disease which cannot be cured but can only be arrested." മദ്യത്തിന് അടിമയായിക്കഴിഞ്ഞാൽ അതിൽനിന്നും രക്ഷപ്പെടുക അത്ര എളുപ്പമല്ല. പ്രമേഹരോഗം പോലെ ഒരിക്കൽ വന്നാൽ അത് മനുഷ്യനെ വിട്ടുമാറാതെ സ്ഥിരമായി കൂടെയുണ്ടാകും. മദ്യാസക്തി വ്യക്തി മനസ്സുവെച്ചാൽ മാറ്റി എടുക്കാം. നിരന്തര പരിശ്രമത്തിലൂടേയും ചികിത്സയിലൂടേയും അതിന് വീട്ടിലെ മറ്റെല്ലാ അംഗങ്ങളുടെയും സുഹൃത്തുക്കളുടെയും സഹായവും സഹകരണവും അത്യന്താപേക്ഷിതമാണ്.

മദ്യാസക്തി രോഗമാണെന്ന് 1956ൽ അമേരിക്കൻ മെഡിക്കൽ അസോസിയേഷനും 1956ൽ തന്നെ WHO യും സ്ഥിരീകരിച്ചു. WHO ലോകമെങ്ങും ഇതിന് വേണ്ടിയുള്ള ചികിത്സാസൗകര്യങ്ങൾ ആരംഭിച്ചു. 1987ൽ ഇന്ത്യയും ഇത് അംഗീകരിച്ചു. ജൂൺ 26 ലോക ലഹരിവിരുദ്ധദിനമായി ആചരിക്കുന്നു.

കാന്തം ഇരുമ്പിനെ ആകർഷിക്കുന്നതുപോലെ ആൽക്കഹോൾ വീണ്ടും ആൽക്കഹോളിനെ ആകർഷിച്ചുകൊണ്ടിരിക്കും. വെറുതെ ഒരു രസത്തിനുവേണ്ടി, കമ്പനി കൂടാൻ വേണ്ടി മദ്യം കഴിക്കുന്നവരിൽ 20% പേർ സ്ഥിരം മദ്യപാനികളായി മാറുന്നുവെന്ന് സർവ്വേകൾ കാണിക്കുന്നു. ഒരു പ്രശ്നത്തിനും പരിഹാരമല്ലാത്ത മദ്യത്തെ ഏതു പ്രശ്നത്തിനും പരിഹാരമായി മനുഷ്യർ കാണുന്നു. ഈ കണ്ടുപിടിത്തം വിചിത്രം തന്നെ. ഈ പോക്ക് വിനാശത്തിലെ കലാശിക്കുകയുള്ളൂ. ആദ്യമൊക്കെ മനുഷ്യൻ മദ്യം കഴിക്കുന്നു. പിന്നെ പിന്നെ മദ്യം മനുഷ്യനെ കീഴ്പ്പെടുത്തിക്കഴിഞ്ഞാൽ ആ നീരാളിപ്പിടുത്തത്തിൽ നിന്ന് അവന് സ്വയം രക്ഷപ്പെടാൻ സാധ്യമല്ല. വീട്ടുകാരോ നാട്ടുകാരോ അവന്റെ രക്ഷയ്ക്ക് എത്തിയില്ലെങ്കിൽ രണ്ടുതരം അന്ത്യമാണ് സാധാരണ കണ്ടുവരുന്നത്. ഒന്ന് മനസ്സിന്റെ സമനില തെറ്റി അവൻ ഭ്രാന്തനായി മാറും. മറ്റൊന്ന് അവൻ ആത്മഹത്യയിൽ അഭയം പ്രാപിക്കും. മദ്യാസക്തരിൽ ആത്മഹത്യ പ്രവണത അധികരിച്ചുവരുന്നു. മദ്യാസക്തി ഒരു രോഗമാണ് എന്ന് പറഞ്ഞുവല്ലോ. ഈ രോഗത്തിന് ആറ് തലങ്ങൾ ഉണ്ട്.

**1) ശാരീരിക രോഗം**

ലിവർ സിറോസിസ്, അൾസർ, ഹാർട്ട് അറ്റാക്ക്, മസ്തിഷ്ക്കാഘാതം, ഉറക്കമില്ലായ്മ, വിശപ്പില്ലായ്മ, ശർദ്ദി, കൈകാൽ വിറയൽ, മാനസിക വിഭ്രാന്തി (hallucination), നാഡീ ഞരമ്പുകളുടെ ശേഷിക്കുറവ്, കാഴ്ചയും കേൾവിയും കുറയൽ, സ്പർശനശേഷി നഷ്ടപ്പെടൽ മുതലായ ശാരീരിക രോഗങ്ങളും അവയവങ്ങളുടെ പ്രവർത്തന മന്ദീഭാവവും ഉണ്ടാകുന്നു. ഹൃദയം 24 മണിക്കൂറിൽ ഒരു ലക്ഷം പ്രാവശ്യം സ്പന്ദിക്കുമെങ്കി

ൽ രണ്ട് ഔൺസ് മദ്യം കഴിച്ചു കഴിയുമ്പോൾ ഹൃദയം 108000 പ്രാവശ്യമാണ് സ്പന്ദിക്കുന്നത്. ഈ അധ്വാനഭാരം ഹൃദയത്തിന്റെ ആയുസ്സ് കുറയ്ക്കുന്നു.

**2) മാനസിക രോഗം**

തലച്ചോറിനെ മദ്യം അപകടാവസ്ഥയിലാക്കുന്നു. ഓർമ്മ നഷ്ടപ്പെടുന്നു. (Complete blackout) ആത്മഹത്യാ പ്രവണത, ഒറ്റപ്പെടൽ, അകാരണമായ ഭയം, വീട് വിട്ട് പോകാനുള്ള തോന്നൽ, സംശയരോഗം മുതലായവ പിടികൂടുന്നു. മനസ്സ് എപ്പോഴും അസ്വസ്ഥമായിരിക്കും. മനസ്സിന്റെ നിയന്ത്രണം വിട്ടുപോകുന്നു. ബുദ്ധിയും വിവേകവും നഷ്ടപ്പെടുന്നു.

**3) ആധ്യാത്മിക രോഗം**

ഈശ്വരവിശ്വാസം നശിക്കുന്നു. ദൈവത്തിൽ നിന്നും പരമാവധി അകലുന്നു. അമ്പലവും പള്ളിയും പ്രാർത്ഥനയും അകലത്താവുന്നു. സാധാരണഗതിയിൽ രോഗം വരുമ്പോൾ മനുഷ്യൻ ദൈവത്തോട് അടുക്കുന്നു. എന്നാൽ മദ്യപാനി ദൈവത്തിൽനിന്നും ഓടി ഒളിക്കുന്നു.

**4) സാമൂഹിക രോഗം**

സമൂഹം ഭയപ്പെടുന്നു. സമൂഹത്തിൽ ഒറ്റപ്പെടുന്നു. സമൂഹത്തെ വെല്ലുവിളിക്കുന്നു. സമൂഹത്തിൽ ഇരട്ടപ്പേര് ഇട്ട് വിളിക്കുന്നു. സാമൂഹ്യ അവഗണന രോഗിയെ ക്ഷുഭിതനാക്കുന്നു. സമൂഹവുമായിട്ടുള്ള ബന്ധം അറ്റുപോകുന്നു.

**5) കുടുംബരോഗം**

സാധാരണ രീതിയിൽ രോഗം വന്നാൽ രോഗിയാണ് വേദന സഹിക്കുന്നത്. എന്നാൽ മദ്യപാനിയുടെ കുടുംബാംഗങ്ങൾ ആണ് വേദനിക്കേണ്ടിവരുന്നത്. മദ്യപാനിയുടെ ഭാര്യയുടെ മുഖഭാവം funeral face ആയിത്തീരുന്നു. അമ്മയുടെ ദുഃഖമോ അച്ഛന്റെ ശാസനയോ ഭാര്യയുടെ ഉപദേശമോ കുട്ടികളുടെ നിസ്സഹായ അവസ്ഥയോ ഒന്നിനും മദ്യാസക്തന്റെ മനസ്സിൽ സ്ഥാനമില്ല. അയാൾക്ക് കുടിക്കണം വീണ്ടും കുടിക്കണം എന്ന ഒരേ ചിന്ത മാത്രം.

**6) സാമ്പത്തികം**

100 രൂപക്ക് ഒരാൾ ഒരു ദിവസം മദ്യപിച്ചാൽ ഒരു മാസം മൂവായിരം രൂപ. ഒരു വർഷം 36000 രൂപ. ഈ നില തുടർന്നാൽ പത്ത് കൊല്ലം കൊണ്ട് അയാൾ കുടിച്ചു തീർക്കുന്നത് മൂന്നര ലക്ഷം രൂപ. ഇരുപത് കൊല്ലമായാൽ ഏഴ് ലക്ഷം രൂപ. ഒരു നല്ല വീടോ അല്ലെങ്കിൽ മകളെ വിവാഹം ചെയ്തയക്കുകയോ ചെയ്യാൻ പറ്റുന്ന വലിയ ഒരു തുക ഒരാൾ മാത്രം കുടിച്ചു നശിപ്പിക്കുന്നു. കുടുംബത്തിന്റെ സാമ്പത്തികനില തകിടം മറിയുന്നു. മദ്യലഹരിയിൽ സ്ഥാവരജംഗമ സ്വത്തുക്കൾ ഒന്നൊന്നായി വിറ്റുതീർക്കുന്നു. വിൽക്കാനൊന്നുമില്ലെങ്കിൽ കടം വാങ്ങുന്നു. കടം വീട്ടാൻ നിവൃത്തിയില്ലാതെ വീട് വിൽക്കേണ്ടിവരുന്നു. കുടുംബം പെരുവഴിയിൽ. പട്ടിണിയും ദാരിദ്ര്യവും. കുട്ടികൾവീടുവിട്ടുപോകുന്നു. ശിഥിലമാകുന്ന കുടുംബം.

മദ്യപരിൽ വളരെ കൂടുതലായി കാണുന്ന ഒരു മാനസിക രോഗമാണ് സംശയരോഗം. അമിത മദ്യപാനം തലച്ചോറിലുണ്ടാക്കുന്ന തകരാറുകളാണ് സംശയരോഗത്തിന് കാരണം. മദ്യപാനം ലൈംഗികശേഷി കുറയാൻ കാരണമായിത്തീരുന്നു. തൽഫലമായി പരാജയപ്പെടുന്ന ലൈംഗികബന്ധവും ഭാര്യയെ സംശയിക്കാൻ ഇടയാകുന്നു. ഭാര്യയ്ക്ക് തന്നോടുള്ള താൽപ്പര്യക്കുറവ് മൂലമാണ് ലൈംഗികവേഴ്ചയിലെ പരാജയം എന്ന് അയാൾ സംശയിക്കുന്നു. ഭാര്യയ്ക്ക് മറ്റാരോടെങ്കിലും ബന്ധമുള്ളതുകൊണ്ടാണെന്നും അയാൾ തെറ്റിദ്ധാരണ വെച്ചുപുലർത്തുന്നു. ഭാര്യയുടെ അവിഹിതബന്ധം കണ്ടുപിടിക്കുന്നതിന് രഹസ്യമായി പിന്തുടരുന്നതും കാത്തിരിക്കുന്നതും ഭീഷണിപ്പെടുത്തുന്നതും പീഡിപ്പിക്കുന്നതും മാരകായുധവുമായി വീട്ടിന്റെ പരിസരത്ത് കാവലിരിക്കുന്നതുമൊക്കെ കുടിയന്മാരായ സംശയരോഗികളിൽ സാധാരണമാണ്. ചില സംശയരോഗങ്ങൾ മൂർച്ഛിച്ച് കൊലപാതകങ്ങളിൽ വരെ കലാശിച്ചിട്ടുണ്ട്. മദ്യത്തിന്റെയും മയക്കു മരുന്നിന്റെയും മടുപ്പിക്കുന്ന ഗന്ധമുള്ള വൃത്തിഹീനമായ ഭർത്താവിനോടൊപ്പം ശാരീരിക ബന്ധം പുലർത്താനും പല സ്ത്രീകൾക്കും അറപ്പും വെറുപ്പുമാണ്. ഇത് സംശയരോഗത്തിന്റെ കടുപ്പം കൂട്ടാൻ കാരണമായിത്തീരുന്നു. മറ്റുചിലർക്ക് വേറെ തരത്തിലുള്ള സംശയരോഗങ്ങൾ കണ്ടുവരുന്നുണ്ട്. ആരെങ്കിലും തന്നെ ഉപദ്രവിക്കാൻ വരുന്നുവെന്നോ തന്നെ അപായപ്പെടുത്തുവാൻ ശ്രമിക്കുന്നുവെന്നോ തനിക്ക് ഭക്ഷണത്തിൽ വിഷം ചേർത്ത് തരുമോ എന്നൊക്കെയുള്ള മനോവിഭ്രാന്തികൾ ഉണ്ടാകാം. എന്തുതന്നെയായാലും സംശയരോഗത്തിനടിമയായ ഒരു ജീവിതപങ്കാളിയോടൊപ്പം ജീവിതം മുന്നോട്ടു കൊണ്ടുപോവുകയെന്നത് വളരെ വേദനാജനകമായ ഒരു കാര്യം തന്നെയാണ്. ഒന്ന് ഉള്ള് തുറന്ന് സംസാരിക്കാനോ കുടുംബകാര്യങ്ങൾ ചർച്ച ചെയ്യാനോ തന്റെ മനോവിഷമങ്ങൾ പങ്കുവെക്കാനോ ഉള്ള ആൾ ഇത്തരക്കാരനായാൽ പാവം ഭാര്യ എന്തു ചെയ്യും? ഏകാന്തതയുടെ തുരുത്തുകളിലിരുന്ന് കണ്ണീർ വാർത്ത് എല്ലാം ഉള്ളിലൊതുക്കി വിധിയെ പഴിച്ച് ജീവിതം തള്ളിനീക്കുന്നു. പീഡനങ്ങളും ഒറ്റപ്പെടുത്തലുകളും കുറ്റാരോപണങ്ങളും സഹിക്കാനാവാതെ വരുമ്പോൾ സമനില തെറ്റുന്ന ചില സ്ത്രീകൾ ആത്മഹത്യയിൽ അഭയം തേടുന്നു.

ശാരീരികവും മാനസികവും അധ്യാത്മികവും സാമൂഹികവും കുടുംബപരവുമായിട്ടുള്ള എല്ലാ വശങ്ങളേയും കാർന്നുതിന്നുകയും നശിപ്പിക്കുകയും ചെയ്യുന്ന വിഷമാണ് മദ്യവും അനുബന്ധഘടകങ്ങളും എന്ന് ജനം തിരിച്ചറിയണം. ഈ മാറാവിപത്തുകൾ സമൂഹത്തെ ആക്രമിച്ച് നാശത്തിന്റെ ഗർത്തത്തിലേക്ക് വലിച്ചെറിയുമ്പോൾ മനഃസാക്ഷി മരവിക്കാത്ത

വർ കയ്യുംകെട്ടി നോക്കിനിൽക്കാൻ പാടില്ല. ഈ സാമൂഹ്യതിന്മകൾക്കെതിരെ പോരാടി സമൂഹത്തിന്റെ മഹത്വം വെളിവാക്കുന്ന മനുഷ്യ സ്നേഹപരമായ പ്രവർത്തികൾ ചെയ്യുവാൻ സുബോധമുള്ള മനുഷ്യർക്ക് ബാധ്യതയും കടപ്പാടുമുണ്ട്.

ജനസേവനത്തിന് മുന്നിട്ടിറങ്ങേണ്ട സർക്കാരുകൾ അബ്കാരികളുടെ പിണിയാളുകളായി വർത്തിക്കുകയും മദ്യ-മയക്കു മരുന്നു ലോബികളുടെ കുത്സ്യത പ്രവർത്തനങ്ങൾക്ക് തടയിടാനുള്ള പ്രവർത്തനങ്ങളിൽ പരാജയപ്പെടുകയും ചെയ്യുന്നത് കാണുമ്പോൾ സാധാരണ പൗരന് ജനാധിപത്യത്തിലുള്ള വിശ്വാസ്യതയ്ക്ക് മങ്ങലേല്ക്കുന്നു. സമൂഹത്തിന്റെ സ്വസ്ഥതയും ശാന്തിയും സന്തോഷവും ഇല്ലാതാക്കി അനേകായിരങ്ങളെ ബുദ്ധിഭ്രമങ്ങളിലേക്കും ശാരീരികമായ മാരകരോഗങ്ങളിലേക്കും മരണത്തിലേക്കും തള്ളിവിട്ട് തങ്ങളുടെ ബാങ്ക് ബാലൻസ് വർദ്ധിപ്പിക്കുന്ന ആധുനികതയുടെ രാക്ഷസീയ ജന്മങ്ങളുടെ കടന്നുകയറ്റത്തിനും അതിപ്രസരണത്തിനും വിരാമമിടേണ്ടത് ഇന്നിന്റെ അടിയന്തിര ആവശ്യമാണ്. സാധാരണക്കാരന്റെ ചില്ലിക്കാശുവരെ വാങ്ങി തടിച്ചുകൊഴുക്കുന്ന മദ്യരാക്ഷസന്മാർക്കെതിരെ ശക്തമായി പോരാടാൻ ആത്മാർത്ഥതയും മനുഷ്യനന്മയിൽ മഹത്വം ദർശിക്കുന്ന സാമൂഹ്യപ്രവർത്തകരുടെ ജനകീയ മുന്നേറ്റ പ്രവർത്തനങ്ങൾ ഉണ്ടാവണം. തിന്മയ്ക്കെതിരെ ശബ്ദമുയർത്താനും ശക്തമായി പ്രതികരിക്കാനുമുള്ള ധാർമ്മിക മൂല്യബോധവും കർമ്മധീരതയുമുള്ള ഒരു യുവജനമുന്നേറ്റം ഈ രംഗത്തുണ്ടാവണം. എങ്കിൽ മാത്രമേ ഈ നാട് രക്ഷപ്പെടുകയുള്ളു.

തെറ്റായ മദ്യനയവുമായി സംസ്ഥാന സർക്കാരോ പ്രാദേശിക ഭരണസമിതികളോ ജനജീവിതം നാശോന്മുഖമാകുന്ന രീതിയിൽ മുന്നോട്ടുപോയാൽ നേരത്തെ സൂചിപ്പിച്ച തരത്തിലുള്ള ശക്തമായ പ്രതികരണങ്ങളുമായി ജനമുന്നേറ്റ സംരംഭങ്ങൾ ഉണ്ടാവണം. ഈ ദിശയിൽ ഇനിയും ശക്തിപ്പെടുത്തുവാൻ സാധ്യതയുള്ളത് സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങളാണ്. ഏകദേശം 52% വരുന്ന സ്ത്രീകളും കുട്ടികളുമാണ് മദ്യപന്മാരുടേയും മയക്കുമരുന്നടിമകളുടേയും ക്രൂര താണ്ഡവങ്ങൾക്കിരയാവുന്നത്. ഇവരും മദ്യപിക്കാത്ത 10% വരുന്ന പുരുഷന്മാരും ചേർന്നാൽ സമൂഹത്തിലെ 75% പേരും മദ്യരഹിതരും മദ്യവിരുദ്ധരുമാണ്. ഒരാൾ മദ്യപിക്കുന്ന ശരാശരി കുടുംബത്തിലും ഈ അനുപാതത്തിലാണ് കാര്യങ്ങൾ നീങ്ങുന്നത്.

ഒരാൾ ലഹരിക്കടിമപ്പെടുമ്പോൾ അതിന്റെ പീഢനങ്ങൾക്കിരയാവുന്നതും അതിന്റെ ദോഷഫലങ്ങൾ അനുഭവിക്കുന്നതും കുടുംബത്തിലെ മറ്റ് മൂന്ന് പേരാണ്. പിന്നെ സംഭവിക്കുന്നത് ഒരു കുടുംബത്തിന്റെ പൂർണ്ണമായ തകർച്ചയാണ്. കുടുംബനായകനോ കുടുംബത്തിലെ മറ്റാരെങ്കിലുമോ ലഹരിക്കടിമപ്പെടുമ്പോൾ ആ കുടുംബം മുഴുവനായി അതിന്റെ ദുരന്തഫലങ്ങൾ ഒന്നിനുപിറകെ ഒന്നായി അനുഭവിക്കുകയാണ്. അതുകൊണ്ടാണ് ലഹരിക്കടിമപ്പെട്ടവൻ ആ രോഗത്തിന്റെ വേദനയറിയുന്നില്ല. മറിച്ച് ആ കുടുംബത്തിലെ മുഴുവൻ ആളുകളും ഇയാൾ മൂലം വേദന അനുഭവിക്കുന്നു. അറിവും ആത്മബലവും ചിന്താശേഷിയും കാര്യപ്രാപ്തിയുമുള്ള സന്നദ്ധ സംഘടനകളും സാമൂഹ്യപ്രവർത്തകരും ഒത്തൊരുമിച്ച് പ്രവർത്തിച്ചാൽ വെറും 25% മാത്രം വരുന്ന ലഹരിയുപയോക്താക്കളെ നിലയ്ക്ക് നിർത്തുവാനും മദ്യപാനാസക്തി ജനങ്ങളിൽ കുറച്ചുകൊണ്ടുവരാനും സാധിക്കുമെന്ന കാര്യത്തിൽ സംശയിക്കേണ്ടതില്ല. ഈ നിയന്ത്രണ പ്രക്രിയയിൽ വിശാലമായ ബോധവത്ക്കരണം നടക്കണം.

എല്ലാത്തരം മദ്യങ്ങളും മയക്കുമരുന്നുകളും ഉൾപ്പടെയുള്ള ലഹരി വസ്തുക്കളും വിഷമാണെന്നും വർജ്ജിക്കപ്പെടേണ്ടതാണെന്നും അവകൾ മനുഷ്യന്റെ അനന്തസാധ്യതകളേയും നന്മയും ഇല്ലാതാക്കാൻ കഴിയുന്നതുമാണെന്നുള്ള സത്യം സമൂഹം ഇനിയും തിരിച്ചറിയേണ്ടിയിരിക്കുന്നു. സാമാന്യജനത്തിന് ഈ തിരിച്ചറിവുണ്ടാക്കാൻ ഉപയുക്തമായ ലഘുലേഖകൾ, ബാനറുകൾ, പോസ്റ്ററുകൾ, സെമിനാറുകൾ, ഭവന സന്ദർശനങ്ങൾ, വാഹന പ്രചരണ- കാൽനടജാഥകൾ മുതലായവ ആസൂത്രണം ചെയ്ത് നടപ്പാക്കണം.

മദ്യം ഉപയോഗിക്കാത്ത സുമനസ്സുകൾ മദ്യപാനികളോട് ദയാപൂർവ്വം പെരുമാറുകയും അവരെ ആ ദുഃശ്ശീലത്തിൽ നിന്ന് നന്മയിലേയ്ക്ക് തിരിച്ചുകൊണ്ടുവരാനുള്ള സഹിഷ്ണുതാ മനോഭാവത്തോടുകൂടി പെരുമാറുകയും ചെയ്താൽ തീർച്ചയായും അവരിൽ മാനസിക വ്യതിയാനമുണ്ടാക്കാൻ കഴിയും. നമ്മുടെ ഭവനങ്ങളിൽ വിവാഹം, മരണം, ജനനം, ഗൃഹപ്രവേശം മുതലായ സന്ദർഭങ്ങളിൽ മദ്യം വിളമ്പുന്ന ശീലം ഉണ്ടെങ്കിൽ അത് മനുഷ്യനന്മയെ കരുതി ഉപേക്ഷിക്കാൻ നാം സന്മനസ്സു കാണിക്കണം. നമ്മുടെ പ്രവൃത്തി മൂലമോ പ്രലോഭനത്താലോ മറ്റൊരു വ്യക്തിക്ക് രോഗവും അനാരോഗ്യവും കുടുംബത്തകർച്ചയും ഉണ്ടാക്കില്ല എന്ന് നാം ദൃഢപ്രതിജ്ഞ എടുക്കണം.

സകല തിന്മകളുടേയും പെറ്റമ്മയും പോറ്റമ്മയുമാണ് മദ്യമെന്നും ഞാൻ ഒരു ദിവസം ഭാരതത്തിന്റെ സർവ്വാധിപതിയാവുകയാണെങ്കിൽ ആദ്യം ചെയ്യുക ഭാരതത്തിലെ മുഴുവൻ മദ്യഷാപ്പുകളും പ്രതിഫലം നൽകാതെ അടച്ചുപൂട്ടുന്നതായിരിക്കുമെന്നുള്ള നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ വാക്കുകൾ നമുക്ക് മറക്കാതിരിക്കാം. ●

# ഭാഷാപഠനം

**കെ. വിജയകുമാരൻ**
**9448312631, 9444540631**

**വ**ണ്ട് സരസൻ എന്നൊരു പ്രസിദ്ധീകരണമുണ്ടായിരുന്നു. അതിൽ നമ്പൂതിരിയും കാര്യസ്ഥനും (ശരിയായ തലക്കെട്ടും കർത്താവിന്റെ പേരും ഓർക്കുന്നില്ല) എന്നൊരു സ്ഥിരം പംക്തി ഉണ്ടായിരുന്നു. ഒരു എപ്പിസോഡ് വളരെ വ്യക്തമായി ഓർക്കുന്നു. സർവ്വലക്ഷണവുമൊത്തൊരു പശുവിനെ (ലക്ഷണങ്ങൾ അക്കമിട്ട് വിവരിക്കുന്നുണ്ട്) മേടിക്കാൻ നമ്പൂതിരി കാര്യസ്ഥനെ അയക്കുന്നു. ചില നാളുകൾക്ക് ശേഷം (എവിടെയോ അടിച്ചുപൊളിക്കുകയായിരുന്നു മൂപ്പർ) കാര്യസ്ഥൻ മടങ്ങിയെത്തുന്നു. പറഞ്ഞ ലക്ഷണങ്ങളെല്ലാമൊത്ത പശുവിനെ ദുനിയാവിൽ എവിടെയും കിട്ടാനില്ലെന്ന് അറിയിക്കുന്നു. അപ്പോൾ ഏതെങ്കിലും ഒരു ലക്ഷണത്തിൽ ഇളവനുവദിക്കാമെന്ന് പറഞ്ഞ് വീണ്ടും പശുവന്വേഷണത്തിന് പറഞ്ഞയക്കുന്നു. വീണ്ടും ചില നാളുകൾക്കുശേഷം കാര്യസ്ഥൻ തിരിച്ചെത്തി ഇത്തവണ താൻ വിജയിച്ചതായി അറിയിക്കുന്നു. ലക്ഷണം എല്ലാം തിരുമേനി പറഞ്ഞുപോലെത്തന്നെയുണ്ടെന്നും ഒരു വിഷയത്തിൽ മാത്രം ഇളവ് നൽകിയത് വലിയ ആശ്വാസമായി എന്നും ഉണർത്തിക്കുന്നു. ഇളവ് ലിംഗത്തിലാണെന്ന് (പറഞ്ഞ ലക്ഷണമെല്ലാം തികഞ്ഞ ഒരു കാളയെ ആണ് കൊണ്ടുവന്നത്) അറിയുന്ന തിരുമേനിയുടെ അങ്കലാപ്പും പങ്കപ്പാടും വർണ്ണിക്കാതെയാണ് കഥ അവസാനിക്കുന്നത്.

കെട്ടാനൊരു ലക്ഷണമൊത്ത പെണ്ണന്വേഷിച്ചു തുടങ്ങിയപ്പോൾ അയാൾക്ക് മേൽപറഞ്ഞതുപോലൊരു കോംപ്രമൈസ് വേണ്ടിവന്നു. എല്ലാം തികഞ്ഞ പെണ്ണിന് മലയാളം എഴുതാനും വായിക്കാനും അറിഞ്ഞു കൂടായിരുന്നു. അസ്സൽ കൊങ്കുനാട്ടുകാരി, കോവൈക്കാരി (കോപക്കാരിയും കൂടിയാണെന്നറിയുന്നത് വൈകിയാണ്) കൊച്ചു സുന്ദരി.

ഒരുമിച്ചിരുന്ന് അല്പം പൈങ്കിളി വായനക്കുള്ള സ്കോപ്പില്ല എന്നത് മുൻകഥയിലെ നമ്പൂതിരി-കാര്യസ്ഥന്മാർക്ക് പറ്റിയ അമളിയുമായി തുലനം ചെയ്യുമ്പോൾ ഒന്നുമല്ലതന്നെ. അതിനാൽ മറ്റു വല്ലവനും വന്നു കെട്ടുന്നതിനുമുമ്പ് അയാൾ തന്നെ സുന്ദരിക്കോതയെ കെട്ടി. ഭാഷാപഠനത്തിന് ഇനിയും വയസ്സും സമയവുമുണ്ടല്ലോ!

മധുവിധുവിന്റെ മരണവെപ്രാളമൊക്കെ അടങ്ങിയ ഒരു കാലഘട്ടത്തിൽ ശ്രീമതിയെ അല്പം മാതൃഭാഷ പഠിപ്പിക്കാമെന്ന ഒരാലോചന അയാൾക്ക് വന്നുഭവിച്ചു. ആജീവനാന്തം ഇംഗ്ലീഷിലും, ശെന്തമിഴിലും, മുറിത്തെലുഗിലും കത്തു കുത്തുകളും, കവിതകളും എഴുതി സ്വയം ക്രൂശിക്കുന്നത് ഒഴിവാക്കാമെന്നതിനുപുറമെ കുടുംബജീവിതത്തിലെ രസികൻ വാക്പയറ്റുകൾക്ക് അന്യഭാഷകൾ ഒട്ടും വയം നൽകുന്നില്ലെന്ന കാരണവും ഉണ്ട്. കടലാസും പേനയും, ഒന്നാം പാഠപുസ്തകവുമായി ഭാര്യയെ സമീപിച്ചു. ധാരാളം സമയനഷ്ടത്തിനുപുറമെ ചില്ലറ സാമ്പത്തിക നഷ്ടങ്ങളും (അക്ഷരമൊന്നിന് അരപ്പവൻ എന്നൊന്നും മേടിച്ചില്ല കേട്ടോ) ഉണ്ടായി എന്നാലും പഠനം ഒരുവിധം പുരോഗമിക്കുന്നതായിത്തോന്നി. ശ്രീമതി നന്നായി സഹകരിച്ചു. എന്നിരുന്നാലും 'ക' യുടേയും 'ങ' യുടെയും ഇടയ്ക്ക് മറ്റ് മൂന്നു 'തോന്ന്യാ'ക്ഷരങ്ങളുള്ളത് (തമിഴിൽ 'ക' കഴിഞ്ഞാൽ പിന്നെ 'ങ' യെ ഉള്ളു) വല്ലാത്ത പ്രശ്നമായി. തുടർന്ന് ചവർഗ്ഗം മുതൽ പവർഗ്ഗം വരെയും ഈ പ്രശ്നം തന്നെ തുടർന്നനുഭവപ്പെട്ടു. ഈയവസരത്തിൽ ശെന്തമിഴിന്റെ മാഹാത്മ്യത്തെപ്പറ്റി സാക്ഷാൽ കലൈഞ്ജരെ[1] നാണിപ്പിക്കുംവിധത്തിൽ ചില പ്രഭാഷണങ്ങളും ഭാര്യാമുഖത്തുനിന്നും കേൾക്കാനിടയായി.

ചില സമയത്ത് ഭാഷാപഠനവും ദാമ്പത്യവും ഒരുമിച്ച് കൊണ്ടുപോകാൻ പ്രയാസമാണെന്ന് തോന്നിയെങ്കിലും തോറ്റുപിന്മാറാൻ സന്നദ്ധനായില്ല. അക്ഷരങ്ങൾ കൂട്ടിവായിക്കാറായപ്പോൾ ഒരു ചെറിയ ആശ്വാസം തോന്നി. അന്നൊരുനാൾ അയാൾ വായിച്ചുകൊണ്ടിരുന്ന എം. ടി. യുടെ നോവലെടുത്ത് ഇതിന്റെ പേരൊന്നു വായിക്കാമോ എന്നുചോദിച്ചു. ശ്രീമതി പുസ്തകം കയ്യിലെടുത്ത്. 'ര...ര...ണ്ട്...രണ്ട്...മു...മു...ഴ...ം...രണ്ട്മുഴം' എന്നുവായിച്ചപ്പോൾ കരയണോ ചിരിക്കണോ എന്നറിയാതെ അയാൾ ഇരുന്നുപോയി. സംഗതി ഭീമസേനന്റെ കാര്യമായതിനാൽ തർക്കിക്കാനൊന്നും മിനക്കെട്ടില്ല.

മറ്റൊരവസരത്തിൽ ഒരു ബസ്സ് യാത്രയിൽ പുറത്തുകണ്ട ഒരു സിനിമാ വാൾപോസ്റ്റർ വായിക്കാൻ പറഞ്ഞു. 'കട്ടിലാ തൊട്ടിലാ' എന്ന തമിഴ് സിനിമയുടെ പേര് ശ്രീമതി 'കാട്ടിലാ തോട്ടിലാ' എന്നാണ് വായിച്ചത്. വേഗത്തിൽ സഞ്ചരിച്ചുകൊണ്ട് വായിച്ചാൽ ഹ്രസ്വം ദീർഘമായേക്കാമെന്ന് ഐൻസ്റ്റീനെങ്ങാനും പറഞ്ഞിട്ടുണ്ടോ എന്നറിയാതെ അയാൾ കുഴഞ്ഞു. ഒരു പക്ഷേ ആ സിനിമ കാണുമ്പോൾ കാണികളുടെ മനോവികാരമായിരിക്കാം അവർ വായനയിൽ സൂചിപ്പിച്ചത് എന്ന് ചിന്തിച്ച് അയാൾ ആശ്വസിച്ചു.

നിരന്തരം വലിഞ്ഞുകയറിവരുന്ന തിരക്കുകൾക്കിടയിൽ ഭാഷാപഠനം എവിടെയോ നിലച്ചു. പിന്നീട് കുറെ ദിവസങ്ങൾ കഴിഞ്ഞ് രസകരമായ പുസ്തകങ്ങളിൽനിന്നും ചില പ്രസക്തഭാഗങ്ങൾ വായിച്ചു കേൾപ്പിക്കാനാരംഭിച്ചു. അഭ്യാസത്തിൽ കേൾവിജ്ഞാനവും പ്രധാനമാണല്ലോ! വായനക്കിടയിൽ അടുപ്പിൽ പാലു കരിഞ്ഞുപോയാൽ അതിനു വഴക്കാകും. ഇവിടെ വാദി പ്രതിയാകും. ന്യായം ഇതാണ്: അയാൾ ഇരുത്തി വായിച്ചുരസിപ്പിച്ചതുകൊണ്ടല്ലേ അവർ അടുക്കളയിൽ ശ്രദ്ധിക്കാതെ പോയത്.

ഇതിനിടയ്ക്ക് നാട്ടിൽനിന്നും ഒരു സുഹൃത്ത് വന്നു. ടിയാ

ൻ ആയിടയ്ക്കിറങ്ങിയ ബഷീറിന്റെ സമ്പൂർണ്ണ കൃതികളുമായാണ് വന്നത്. ഒരാഴ്ചക്കാലം രാവിലെ നേരത്തേ ചായയുണ്ടാക്കി മൂന്നുപേരും ഇരുന്നു ബഷീർ പാരായണമായി. കർക്കിടകത്തിലെ രാമായണപാരായണത്തിന്റെ അഭിനവ വെർഷൻ. സുൽത്താൻ വാല്മീകിയെക്കാൾ ഗംഭീരൻ. ശ്രീമതിക്ക് ഏറ്റവും ഇഷ്ടപ്പെട്ട ബഷീറിന്റെ ഒരു പ്രയോഗമാണ് 'അസുലഭ കാലഘട്ടം' (അവരതിനെ 'അസുലഭ കാലകട്ടം' എന്നാണ് ഉച്ചരിക്കുക). ഒരു വാരം നീണ്ടുനിന്ന മൂന്നാംപിറപോലുള്ള ആ അസുലഭ കാലഘട്ടത്തിനുശേഷം പിന്നേയും തിരക്കുകൾ വരികയാൽ ഭാര്യക്കായുള്ള വായപ്പാഠവും വിരളമായി. സ്വന്തം ആവശ്യത്തിനായി അല്പസ്വല്പം വായനക്കാത്ത വായന മാത്രമായി.

ജീവിതത്തിൽ മാതൃഭാഷാ പഠനത്തെക്കാൾ പ്രധാനമായ പലതും ഉണ്ടെന്നറിയവേ ക്രമേണ ഭാഷാ ഉദ്യമങ്ങൾ ഉപേക്ഷിക്കേണ്ടിവന്നു. മലയാളം വായന തുലോം കമ്മിയായി. ആംഗല ഇടപാടുകൾ പൂർവ്വാധികം ശക്തമായി. എപ്പോഴെങ്കിലും മലയാളത്തിൽ ഒരു നുറുങ്ങു കഥയോ, കവിതയോ, കുറിപ്പോ എഴുതി കടലാസുകൾക്കിടയിൽ നിക്ഷേപിക്കും. വളരെ നാളുകൾക്കുശേഷം അവ കണ്ടെടുക്കുമ്പോഴുള്ള സന്തോഷം ഒന്നു വേറെയാണ്.

അപൂർണ്ണമായ ആ ഭാഷാ ഉദ്യമങ്ങൾ ഭാവിയിൽ എന്തെല്ലാം മാരണങ്ങൾ വരുത്തുമെന്ന് ആരറിഞ്ഞു? ഒരുനാൾ രാവിലെ ശ്രീമതി ഉണ്ടാക്കിത്തന്ന ചായ ഒരു സിപ്പെടുത്തപ്പോൾത്തന്നെ എന്തെന്നില്ലാത്ത അരിശം തോന്നി. കണ്ടമാനം തിളപ്പിച്ചതിനാൽ ചായയുടെ രുചി തന്നെ വല്ലാതെ മാറിയിരിക്കുന്നു. പ്രതികരണം പെട്ടെന്നായിരുന്നു.

“കല്യാണം കഴിഞ്ഞ് ഇത്രകാലമായിട്ടും നേരേചൊവ്വേ ഒരു ചായയുണ്ടാക്കാൻ അറിയില്ല!”

വളരെ താഴ്ന്ന ശബ്ദത്തിൽ ആത്മഗതം പോലെയാണ് അയാളതു പറഞ്ഞത് എന്നിരുന്നാലും അടുക്കളയിൽ ശ്രീമതി അതു കേട്ടു. അതങ്ങിനെയാണ്. അവരെക്കുറിച്ചോ അവരുടെ വീട്ടുകാരെക്കുറിച്ചോ മനസ്സിലെന്തെങ്കിലും വിചാരിച്ചാൽപോലും അവർക്ക് കേൾക്കും. അവർ ഉമ്മറത്തേക്ക് വന്നു. ഒരു വിചാരണയ്ക്ക് തയ്യാറായാണ് വരവ്. ഒരു പൊട്ടൻ കളിക്ക് പഴുതുകൊടുക്കാത്തവിധം വന്നപാടെ അവർ ചോദിച്ചു.

“അതേയ് കഴിഞ്ഞ ആഴ്ച നാട്ടീന്ന് വരുമ്പോ ബൊക്കാറോ ആലപ്പീല് ആ വളിച്ച ചായ എങ്ങനാ മൊത്തി മൊത്തി കുടിച്ചത് ?”

“അത് പിന്നെ യാത്രയിലാകുമ്പോ...” അയാൾ വാക്കുകളിൽ തൂങ്ങി തുഴഞ്ഞു. ഉത്തരം മുഴുമിക്കും മുമ്പ് അവർ പറഞ്ഞു.

“എന്നാലേ ജീവിതം ഒരു യാത്രയാണെന്ന് എന്നെ ഒരു പൊത്തകത്തീന്ന് അന്നൊരിക്കൽ വായിച്ച് കേപ്പിച്ചില്ലായോ? ഇത് ജീവിതയാത്രയിലെ ചായയാണെന്ന് വിചാരിച്ചോണ്ട് കുടിച്ചാ മതി.”

അവർ വന്നതിനേക്കാൾ വേഗത്തിൽ അടുക്കളയിലേക്ക് പോയി. താൻ കൊടുത്ത ഭാഷാവരമുപയോഗിച്ച് അയാളെ ഭസ്മീകരിച്ചതിന്റെ ക്രൂരമായ ആനന്ദം അവരുടെ മുഖത്ത് കണ്ടുവോ എന്നൊരു സംശയം.

കാലാന്തരേ ഷുഗറും പ്രഷറുമൊക്കെ അയാളെ കനിഞ്ഞനുഗ്രഹിച്ച സമയത്ത് ശ്രീമതി അയാളുടെ ഭക്ഷണത്തിൽ ക്രൂരമായ ചില ക്രമീകരണങ്ങളൊക്കെ വരുത്തി. സംഗതി അസഹ്യമാകുമ്പോൾ ഒരു ചെറിയ പൊട്ടിത്തെറിക്കുള്ള അമിട്ട് അയാൾ മനസ്സിൽ തയ്യാറാക്കും. എന്നാൽ ശ്രീമതിയാകട്ടെ ഒരു കൂസലും കൂടാതെ പറയും.

“അതേയ് തിന്നാനായിട്ട് ജീവിക്കരുത്, ജീവിക്കാനായിട്ട് തിന്നണം എന്ന മഹദ്വചനം എന്നെ വായിച്ചുകേൾപ്പിച്ചത് എന്താ മറന്നുപോയോ ?”

പൊട്ടാൻ സന്ദേഹിച്ചിരുന്ന അമിട്ടിൽ കാള (പശുവല്ല കേട്ടോ) മൂത്രിച്ചതുപോലെ സംഗതികൾ അവസാനിക്കും. ഈ അനുഭവങ്ങളിൽ നിന്നും ഒരു സംഗതി വ്യക്തമായി. ഭാര്യയെ ഭാഷ പഠിപ്പിക്കുമ്പോൾ വടികൊടുത്ത് അടി മേടിക്കുന്നപോലെ ഇത്തരം ചില പ്രത്യാഘാതങ്ങൾ ഉണ്ടാകും. ആകയാൽ അയാൾ പിന്നീട് ആ പണി പാടെ ഉപേക്ഷിച്ചു.

ചില വർഷങ്ങൾക്കുശേഷം എഴുത്ത് അയാളെ ഒരു ബാധയായി പിടികൂടിയപ്പോൾ അതിന്റെ മാരകമായ ആദ്യപ്രത്യാഘാതത്തിൽനിന്നും ശ്രീമതി രക്ഷപെട്ടത് ആ മുറിഞ്ഞുപോയ ഭാഷാപഠനം മൂലമാണ്. ആ ആഘാതം മുഴുവനായും ഏറ്റുവാങ്ങുവാൻ വിധിക്കപ്പെട്ടവരാണ് പ്രിയവായനക്കാരെ നിങ്ങൾ. എന്നിരുന്നാലും എഴുത്തിനാവശ്യമായ സകല സഹായവും ഊർജ്ജവും നൽകി അവർ അയാളെ നിലനിറുത്തുന്നതിൽനിന്നും കുറ്റകൃത്യത്തിനുകൂട്ടുനിന്നു എന്ന മഹാകുറ്റത്തിന് പ്രിയ വായനക്കാരെ നിങ്ങൾക്കവരെ പ്രതിക്കൂട്ടിൽ കയറ്റാം.

കുറിപ്പ് :

1. കലൈഞ്ജർ മു. കരുണാനിധി, മുൻ തമിഴ്നാട് മുഖ്യൻ.

2. ബഷീർ, സമ്പൂർണ്ണകൃതികൾ, ഡി സി ബുക്സ്, കോട്ടയം. ●


## സൃഷ്ടികൾ ക്ഷണിക്കുന്നു

**ഏക തത്ത്വ പബ്ലിക്കേഷൻ**

പുറത്തിറക്കാൻ ഉദ്ദേശിക്കുന്ന


**കഥാ സമാഹാരം, കവിതാ സമാഹാരം**

എന്നിവയിലേയ്ക്ക് സൃഷ്ടികൾ ക്ഷണിക്കുന്നു.

**താത്പര്യമുള്ളവർ നിങ്ങളുടെ മികവുറ്റ കൃതികൾ ഞങ്ങൾക്കയച്ചുതരിക.**

കൃതികളുടെ മൂല്യനിർണ്ണയം നടത്തിയ ശേഷം മാത്രമേ സമാഹാരത്തിലേയ്ക്ക് തിരഞ്ഞെടുക്കുകയുള്ളൂ. തിരഞ്ഞെടുക്കപ്പെട്ട കൃതികൾ ചില നിബന്ധനകൾക്ക് വിധേയമായി മാത്രമേ പ്രസിദ്ധീകരിക്കുകയുള്ളൂ. കൂടുതൽ വിവരങ്ങൾക്ക് വിളിക്കുക

**എഡിറ്റർ, ഏക തത്ത്വ മാസിക**
**മൊബൈൽ – 9446443321**



# എന്റെ അഭിനയ സ്മരണകൾ

ഭാഗം 9



മുക്കം ഭാസി
9846138693

# വെള്ളക്കാരുടെ മുമ്പിലൊരു വിളയാട്ടം !

മുക്കം ഹൈസ്കൂളിലെ പ്രഥമ എസ്. എസ്. എൽ. സി. ബാച്ച് 82 ശതമാനത്തോളം പാസ്സായി. കേരളത്തിലെ ഏറ്റവും പ്രശസ്തവിജയം നേടിയ ഹൈസ്കൂളുകളുടെ ലിസ്റ്റ് അന്നത്തെ വിദ്യാഭ്യാസ മന്ത്രി ജോസഫ് മുണ്ടശ്ശേരി സഭയുടെ മേശപ്പുറത്തുവെച്ചതിൽ മുക്കം ഹൈസ്കൂളും പെട്ടിരുന്നു !

അക്കാലത്ത് 100% വിജയം നേടിയ ഹൈസ്കൂളുകൾ ഇല്ലെന്നാണ് എന്റെ ഓർമ്മ. മാത്രമല്ല കണക്കിനൊഴിച്ചു ഒരു വിഷയത്തിലും 100 മാർക്ക് ആരും നേടിയിരുന്നുമില്ല.

ഇന്ന് ഭാഷാ വിഷയങ്ങൾക്ക് പോലും 100 മാർക്ക് നേടുന്നവർ നിരവധിയാണ്. ഒരു സായ്വ് മലയാളം പഠിച്ച കഥ കേട്ടിട്ടുണ്ട്. പരീക്ഷയ്ക്ക് സായ്വിനോട് Cat എന്നതിന്റെ അർത്ഥം എഴുതാൻ പറഞ്ഞു. സായ്വ്, പൂന എന്നെഴുതിയത്രെ ! കാരണം പൂച്ച എന്നതിലെ പൂ... പൂനയിലുമുണ്ടല്ലോ !

ഇന്ന് മാർക്ക് വാരിക്കോരി കൊടുക്കുന്നു എന്ന് ഞാൻ പറഞ്ഞാൽ അത് വിമർശനവിധേയമാവും. ഇന്ന് തോൽക്കാതിരിയ്ക്കാനാണ് പരീക്ഷ. പണ്ട് ജയിയ്ക്കാതിരിയ്ക്കാനും. ഞാനൊരു പഴഞ്ചനായത് കൊണ്ട് എന്റെ നിഗമനങ്ങളിലും പഴമ മണക്കും. ക്ഷമിയ്ക്കുക.

ജീവിതം ഒരു വലിയ ചോദ്യചിഹ്നമായി എന്റെ മുന്നിൽ. "ശിന്ന ശിന്ന ആശൈ" മാത്രമെ എന്റെ അന്തരംഗങ്ങളിലുണ്ടായിരുന്നുള്ളൂ ജീവിയ്ക്കാൻ ചെറിയൊരു ജോലി. സ്വന്തമായി ചെറിയൊരു വീട്. ഒരു ചെറിയ കുടുംബം.

അതിന് ആദ്യം വേണ്ടത് ഒരു ജോലിതന്നെ. റയിൽവേ, പോസ്റ്റൽ ഡിപ്പാർട്ട്മെന്റ് എന്നിവിടങ്ങളിലേയ്ക്ക് അപേക്ഷകൾ അയച്ചു. അവ അവരുടെ ചവറ്റുകൊട്ടയിൽ അന്ത്യനിദ്ര കൊണ്ടു.

പിന്നെ TTCയ്ക്കും, ബേപ്പൂരിലെ ഒരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനത്തിലേയ്ക്കും അപേക്ഷ കൊടുത്തു. T.T.Cയ്ക്ക് അന്ന് 12 രൂപയും സാങ്കേതികസ്ഥാപനത്തിൽ 20 രൂപയും സ്റ്റൈപ്പന്റായി ലഭിയ്ക്കുമായിരുന്നു.

62% മാർക്കുള്ള എന്നെ ടി.ടി.സിയ്ക്ക് വിളിച്ചതുപോലുമില്ല. കാരണം ആ വർഷം എല്ലാ വിഷയങ്ങൾക്കും മിനിമം 40% മാർക്ക് ലഭിയ്ക്കണമെന്ന നിബന്ധന ടി.ടി.സി. കോഴ്സിന് അധികാരികൾ നിശ്ചയിച്ചു.

പുതിയ ഹൈസ്കൂളായത് കൊണ്ട് ഏതാനും ടെസ്റ്റ് ട്യൂബുകളും സ്പിരിറ്റ് ലാമ്പുകളും മാത്രമെ ഞങ്ങളുടെ ലാബിലുണ്ടായിരുന്നുള്ളൂ. പഠിപ്പിയ്ക്കാനാണെങ്കിൽ സമർത്ഥരായ അദ്ധ്യാപകരും നാസ്തി.

അതുകൊണ്ട് പൊതു പരീക്ഷയിൽ ഞങ്ങളുടെ സ്കൂളിലെ സയിൻസിന്റെ ഏറ്റവും കൂടിയ മാർക്ക് 40 ! എനിയ്ക്ക് 38 ബാക്കിയെല്ലാ വിഷയങ്ങളിലും അറുപതിലധികം.

പാപി ചെല്ലുന്നിടം പാതാളമെന്നാണല്ലോ. അതുകൊണ്ട് ഞാൻ ഔട്ട് ! പക്ഷെ, ബേപ്പൂരിൽ നിന്ന് എനിയ്ക്കൊരു ഇന്റർവ്യൂ കാർഡ് ലഭിച്ചു. പോയി. 20 പേരെയാണ് അവർക്ക് വേണ്ടത്. 600 പേരാണ് ഇന്റർവ്യൂവിനു വന്നത് ! നല്ല മാർക്ക്, കലാപ്രകടനങ്ങളിലെ സർട്ടിഫിക്കറ്റുകൾ, എ.സി.സി. സർട്ടിഫിക്കറ്റ് തുടങ്ങി ഏതാനും രേഖകളുമായാണ് ഞാൻ ഹാജരായത് ! അൽപ്പം 'ഹുങ്ക്' എനിയ്ക്കുണ്ടായിരുന്നു. പക്ഷെ അവിടെ ചെന്നപ്പോഴല്ലെ എന്റെ പത്തി താഴാൻ തുടങ്ങിയത്. എന്നെക്കാളും കേമന്മാർ ! മിടുമിടുക്കന്മാർ !! ചുരുക്കിപ്പറയട്ടെ. എനിയ്ക്കും സെലക്ഷൻ ലഭിച്ചു. 20 രൂപ സ്റ്റൈപ്പന്റ്. ഒരു 10 രൂപ കൂടിയുണ്ടായാൽ മാസത്തെ ചിലവ് കഴിയ്ക്കാം.

എന്റെ ബാച്ചിലായിരുന്നു പിന്നീട് വൈക്കം മുഹമ്മദ് ബഷീറിന്റെ ഭാര്യയായി തീർന്ന ഫാബി ! ഫാത്തിമാബി. അവർ ഫസ്റ്റ് ഇയർ കോഴ്സ് പൂർത്തിയാക്കുന്നതിനു മുമ്പ് തന്നെ വിവാഹിതയായി. ഞങ്ങളെല്ലാം പങ്കെടുത്തിരുന്നു. ഞാൻ താമസിച്ച ലോഡ്ജിന്റെ വക ഒരു സമ്മാനവും നൽകി അവർക്ക്.

രണ്ടുവർഷമായിരുന്നു കോഴ്സ്. ഇതൊരു കൊയർ ട്രെയിനിങ്ങ് സെന്ററായിരുന്നു. പ്രാക്ടിക്കലും തിയറിയും. മാനസികമായി ഈ കോഴ്സുമായി ഇണങ്ങിച്ചേരാൻ ഞാൻ കുറച്ചുസമയമെടുത്തു.

ഞാനൊരു കലാകാരനും, നാടകക്കാരനുമൊക്കെയാണെന്ന മിഥ്യാബോധമാണ് എന്നെ ഗ്ലാനിയാക്കിയത്. പക്ഷെ എന്നെക്കാൾ വലിയ കലാകാരന്മാർ അവിടെയുണ്ടെന്ന സത്യം തിരിച്ചറിഞ്ഞപ്പോൾ എന്റെ മൗഢ്യം അപ്രത്യക്ഷമായി.

മൊത്തം 40 പേരാണ് കോഴ്സിനുണ്ടായിരുന്നത്. 20 സീനിയേഴ്സും 20 ജൂനിയേഴ്സും. പ്രത്യേകം പ്രത്യേകം ലോഡ്ജുകളിലാണ് ഞങ്ങളുടെ താമസം.

ആൺകുട്ടികളും പെൺകുട്ടികളും ഏറെക്കുറെ സമാസമം. തിരുവനന്തപുരം മുതൽ കാസർക്കോടുവരെയുള്ളവർ.

ഈ ചെറിയ സ്ഥാപനത്തിൽ ആറ് ഇൻസ്ട്രക്ടറ്റർമാരും അഞ്ച് ഓഫീസ് ജീവനക്കാരുമുണ്ടായിരുന്നു എന്നുകേൾക്കുമ്പോൾ അത്ഭുതം തോന്നുന്നില്ലേ ? ഇതിന്റെ ഹെഡ്സ് - സൂപ്രണ്ട് ഹരിപ്പാട്ട് കാരനായ അബ്ദുറഹിമാൻ - സുന്ദരൻ, യുവാവ്, കലാഹൃദയൻ സർവ്വോപരി 1957ലെ ഇ.എം.എസ് മന്ത്രിസഭയിലെ മരാമത്ത് മന്ത്രി മജീദിന്റെ മരുമകനും !

സാഹിത്യസമാജങ്ങൾ മറ്റു കലാപരിപാടികൾ തുടങ്ങിയവ ഇടയ്ക്കിടയ്ക്ക് ഉണ്ടാവും. സാഹിത്യസമാജങ്ങളിലൊക്കെ ഞാനും പ്രസംഗിയ്ക്കും. മൂക്കില്ലാ രാജ്യത്ത് ഒരു മുറി മൂക്കനായിരുന്നല്ലോ ഞാൻ.

പക്ഷെ, വളാഞ്ചേരിക്കാരൻ ഒരു ടി. ആർ. ചന്ദ്രന്റെ വാഗ്ദ്ധോരണിയിൽ ഞാൻ വട്ടപൂജ്യമായി. വെറും വട്ടപ്പൂജ്യം!! അക്കൊല്ലം വാർഷികത്തിന്ന് ഞങ്ങൾ ഒരു നാടകം തിരഞ്ഞെടുത്തു. വീരരാഘവൻ നായരുടെ 'തൂവലും തുമ്പയും.'

അഭ്യസ്തവിദ്യനും തൊഴിൽരഹിതനുമായ രഘു എന്ന യുവാവിന്റെ വേഷമാണ് എനിയ്ക്ക് ലഭിച്ചത്. അനിയൻ കൊച്ചുകൃഷ്ണൻ. രഘുവിന് ഒരു പ്രണയമൊക്കെയുണ്ട്. പ്രണയിനിയെ ആദ്യമായി കാണുന്ന ആ മൗന നിമിഷങ്ങളിലെ പശ്ചാത്തല ഈരടികൾ ഇപ്പോഴും എന്റെ മനസ്സിലേയ്ക്കൊഴുകിയെത്തുന്നു. അത് ഇങ്ങനെ.

*ഇത്തിരിപ്പൂവേ, ചുവന്നപൂവേ*
*ഇത്തറ നാളുനീ, യെങ്ങുപൂവേ ?*
*മണ്ണിന്നടിയിലൊളിച്ചിരുന്നോ*
*മറ്റുള്ള പൂക്കളെ കാത്തിരുന്നോ ?*
*കണ്ടത് നന്നായി തെല്ലുനേരം*
*വല്ലതും പാടിക്കളിയ്ക്കാം*
*സൈ്വരം.*

ഈ മൗനനിമിഷങ്ങളെ അനുരാഗപൂർണ്ണമാക്കി അവതരിപ്പിക്കുന്നതിൽ ഞാനും പയ്യോളി കുഞ്ഞികൃഷ്ണനനും (നായിക) വിജയിച്ചു എന്നതിന് പ്രേക്ഷകരുടെ കൈയ്യടി സാക്ഷി ! വൈക്കം സദാശിവൻ, തൃശ്ശൂർ ഗംഗാധരൻ, കാസറക്കോട് അമ്പുട്ടി, തൃശ്ശൂർ കുഞ്ഞിക്കണ്ണൻ എന്നിവരും ഈ നാടകത്തിൽ തകർത്താടി.

നാടകം കഴിഞ്ഞപ്പോൾ ബേപ്പൂർ ഹൈസ്കൂളിലെ ഹെഡ്മാസ്റ്ററും സ്റ്റാഫും (തിരക്കഥാകൃത്ത് ടി. ദാമോദരൻ അന്ന് ബേപ്പൂർ ഹൈസ്കൂളിലെ ഫിസിക്കൽ ഇൻസ്ട്രക്ടറാണ്) സൂപ്രണ്ടിനെ നേരിട്ടുകണ്ട് ചോദിച്ചത്രെ... എവിടുന്നു കിട്ടി നിങ്ങൾക്കിത്രയും നല്ല പ്രതിഭകളെ !!

ഈ നാടകം കഴിഞ്ഞപ്പോൾ ബേപ്പൂരിലെ സഹൃദയ ഹൃദയങ്ങളിൽ ഞങ്ങൾക്കുള്ള ഇരിപ്പിടം അവർ ഒഴിച്ചിട്ടു. ഞാൻ സീനിയേഴ്സിന്റെ കൂടെയുള്ള ലോഡ്ജിലായിരുന്നു. അവർ പോയപ്പോൾ ഞാൻ ഒറ്റപ്പെട്ടു. പിന്നെ ജൂനിയേഴ്സ് വരുന്നതുവരെ അവിടെയും ഇവിടെയുമൊക്കെയായി കാലം കഴിച്ചുകൂട്ടി.

ജൂനിയേഴ്സ് എത്തിയപ്പോൾ ഞങ്ങൾ ബേപ്പൂർ കടപ്പുറത്ത് ഒരു വീട് വാടകയ്ക്കെടുത്തു. ഒരു വിശാലമായ ഹാളും അടുക്കളയും വരാന്തയും ചുറ്റുപാടും പാവങ്ങളുടെ ചെറ്റ വീടുകൾ.

ഹാളിൽ ഞങ്ങളെല്ലാം പായ നിരത്തിയിട്ട് കിടന്നുറങ്ങും. പൊതുവെ അതൊരു നല്ല സ്ഥലമായിരുന്നില്ല. ഒരു ഗുണ്ടാത്തലവന്റെ കീഴിലായിരുന്നു ആ പ്രദേശം. അവിടെ പലതും നടക്കും. ഗുണ്ടാത്തലവനെ ഞാൻ തൽക്കാലം കണ്ടക്കുട്ടി എന്ന് വിളിയ്ക്കാം. ആജാനുബാഹു, ജുബ്ബാധാരി, സിനിമാനടൻ അശോക് കുമാറിനെ പോലിരിക്കും. അരയിൽ എപ്പോഴും ഒരു കഠാരി. എവിടേയും അയാൾ അടിയുണ്ടാക്കും. കഠാരി കൊണ്ട് കുത്തും. കടപ്പുറത്തെ രാജാവ് !

ഞങ്ങളുടെ ലോഡ്ജിന്റെ തൊട്ടടുത്ത് സാമാന്യം കൊള്ളാവുന്ന ഒരു വീടുണ്ടായിരുന്നു. അവിടെ രണ്ടു സ്ത്രീകളും അഞ്ചെട്ടു വയസ്സായ ഒരു പെൺകുട്ടിയും. ഈ പെൺകുട്ടി അയാളുടെ മകളാണത്രെ ! അദ്ദേഹത്തിന് വേറെയും ഭാര്യമാർ ഉണ്ടത്രെ. അവിടെ ലോഡ്ജെടുക്കരുത് എന്ന് സൂപ്രണ്ട് പറഞ്ഞതാണ്. പക്ഷെ, വേറെ കിട്ടണ്ടെ ?

കള്ളക്കടത്ത്, കഞ്ചാവ്, വാറ്റു ചാരായം തുടങ്ങിയ എല്ലാ കുണ്ടാമണ്ടികളും രാത്രികാലങ്ങളിൽ അവിടെ സുലഭം ! ഒരു ദിവസം രാത്രി ഭയങ്കര ബഹളം. അടി, അലർച്ച, ശബ്ദകോലാഹലം !

കാലത്ത് എഴുന്നേറ്റുനോക്കുമ്പോൾ പുറത്തുനിന്ന് ഓടാമ്പലിട്ടിരുന്നു. പുറത്തുകടക്കാൻ നിർവ്വാഹമില്ല. ഞങ്ങൾ വിളിച്ചുകൂവി. കൂവൽ കേട്ട് ഒരു സ്ത്രീ വന്ന് ഓടാമ്പൽ നീക്കി ഞങ്ങളെ സ്വതന്ത്രരാക്കി. അവരൊന്നും പറഞ്ഞില്ല. ഞങ്ങളാകെ ഭയന്നു. പുലിക്കൂട്ടിലകപ്പെട്ട ആട്ടിൻ കുഞ്ഞുങ്ങളെപ്പോലെ.

വൈകുന്നേരമായി കടൽക്കാറ്റിനെ കീറിമുറിച്ച് പാറിപ്പറക്കുന്ന തലമുടിയുമായി ജുബ്ബാധാരിയായ കണ്ടക്കുട്ടി ഞങ്ങളുടെ നേരെ വരുന്നു. അയാളെ കണ്ടപ്പോൾ ഞങ്ങൾ ഭവ്യതയോടെ എഴുന്നേറ്റു. ഞങ്ങളെ നോക്കി അദ്ദേഹമൊന്നു പുഞ്ചിരിച്ചു. പിന്നെ പറഞ്ഞു, "എന്റെ കുട്ടികൾ പേടിച്ചുപോയോ ? സാരമില്ല. ഇനി അത്തരം ഒരു സംഭവവും ഇവിടെയുണ്ടാവില്ല. ധൈര്യമായിരുന്നോളൂ..."

സമാധാനമായി. പിന്നെ പറഞ്ഞു "തൊട്ടടുത്ത വീട്ടിൽ എന്റെ മോളുണ്ട്. അവൾക്കൊരു ട്യൂഷൻ വേണം. നിങ്ങൾ ആരെങ്കിലും ഒന്ന് സഹായിക്കണം."

ട്യൂഷന് ഞാൻ നിയോഗിക്കപ്പെട്ടു. മാസാന്തം 10 രൂപയും മറ്റ് പല വിദേശ പേനകളും എനിയ്ക്ക് സമ്മാനമായി ലഭിച്ചു. അങ്ങനെ അന്തകൻ ഞങ്ങളുടെ സംരക്ഷകനായി മാറി. ബേപ്പൂർ ഒരു ടൗൺ പ്രദേശമാണ്. ധാരാളം വീടുകൾ. കടപ്പുറത്ത് മുക്കുവ കുടിലുകൾ. ചില

മുക്കുവ സുഹൃത്തുക്കളേയും ഞങ്ങൾക്ക് ലഭിച്ചു.

തിരുവാതിരയ്ക്ക് ഞങ്ങൾ ചില കലാപരിപാടികൾ തട്ടിക്കൂട്ടും. വീടുകൾ കയറിയിറങ്ങും, പുലരുന്നതുവരെ. നല്ലതുപോലെ പണം കിട്ടുകയും ചെയ്തു. അക്കൊല്ലത്തെ വാർഷികത്തിന്ന് കെ. ടി. മുഹമ്മദിന്റെ 'വെളിച്ചം വിളക്കന്വേഷിക്കുന്നു' എന്ന നാടകമാണ് അവതരിപ്പിച്ചത്. മഞ്ചേരിക്കാരൻ ശങ്കരനാരായണൻ എഴുത്തച്ഛനും ഞാനും പ്രധാനകഥാപാത്രങ്ങളെ അവതരിപ്പിച്ചു. ഈ നാടകത്തോടെ ബേപ്പൂർ നിവാസികൾക്ക് ഞങ്ങൾ സുപരിചിതരായി. എവിടെ കണ്ടാലും ആ നാട്ടുകാർ തിരിച്ചറിയുമെന്ന നില വന്നു.


ഒരു രസകരമായ സംഭവം കൂടി അക്കാലത്ത് നടന്നു. ഒന്ന് രണ്ട് സായ്വമ്മാരും രണ്ടു മദാമ്മമാരും ഞങ്ങളുടെ ലോഡ്ജിന്റെ വളരെ അടുത്തുള്ള കടപ്പുറത്ത് പ്രത്യക്ഷപ്പെട്ടു. അൽപവസ്ത്രധാരികളായ അവർ കടപ്പുറത്ത് മലർന്നുകിടക്കയാണ്. ആതപസ്നാനം! ഈ തക്കം നോക്കി ഞാനും വടകരക്കാരൻ അനന്തക്കുറുപ്പും, വിളയാട്ടൂർ ഗോപാലനും കൂടി തട്ടിക്കൂട്ടിയ ഒരു പരിപാടിയുമായി അവരുടെ മുമ്പിൽ. ഞങ്ങളുടെ പരിപാടി കണ്ട മദാമ്മമാരും, സായ്വമ്മാരും കൈയ്യടിച്ചു. ഗുഡ്... ഗുഡ്... എന്ന് പറയുകയും 'കമോൺ' എന്നുരുവിടുകയും ചെയ്തു. കാര്യമായ ആമാട ലഭിയ്ക്കും എന്ന് വിചാരിച്ച് ഞങ്ങൾ അവരെ സമീപിച്ചു. കൈയ്യ് പിടിച്ച് കുലുക്കി "താങ്ക്യൂ താങ്ക്യൂ" എന്ന് അവർ ചിരിച്ചുകൊണ്ട് പറഞ്ഞു.

നക്കിണികൾ ! ഒരു ചില്ലിക്കാശുപോലും അവർ തന്നില്ല. ആമാട പിന്നെയല്ലെ ? ആർക്ക് വേണം അവന്റെയൊക്കെ താങ്ക്സ് ! തൂറിസായ്വന്മാർ !! നീരസത്തോടെ അവരെ നോക്കി അണ്ടി കളഞ്ഞ അണ്ണാന്മാരെപ്പോലെ ഞങ്ങൾ ലോഡ്ജിലേയ്ക്ക് മടങ്ങി !

● (തുടരും)

ആത്മീവിശ്വാസമാണ് ശരിയായ ആത്മീയത. നിനക്ക് നിന്നിൽ വിശ്വാസമില്ലെങ്കിൽ, നീ നിലനിൽക്കുന്നില്ലെങ്കിൽ പിന്നെ ദൈവം എങ്ങനെ നിലനിൽക്കും.

**-സ്വാമി വിവേകാനന്ദൻ-**



ഡോ. സി. രാമകൃഷ്ണൻ
9447358663, 0491 2505521

# മഞ്ഞപ്പിത്തം

(Jaundice - Icterus)

രോഗാരംഭത്തിൽ തന്നെ ഫലപ്രദമായ ചികിത്സ എടുക്കാതിരുന്നാൽ വളരെ അപകടകരമായി മാറുന്ന ഒരു രോഗമാണ് മഞ്ഞപ്പിത്തം അഥവാ കാമില. രോഗം തിരിച്ചറിയാതെ തെറ്റായ രീതിയിലുള്ള ചികിത്സ മൂലം ഒരുപാടു പേരുടെ മരണത്തിന്നിടയാക്കീട്ടുണ്ട്. അതുകൊണ്ട് രോഗത്തെ ആരംഭത്തിൽ തന്നെ തിരിച്ചറിഞ്ഞ് ഫലപ്രദമായ ചികിത്സ മൂലം ഈ രോഗത്തിൽ നിന്ന് മോചനം നേടാവുന്നതാണ്. ഒരുതരം വൈറസ്സാണ് രോഗകാരണം. വെള്ളത്തിൽ കൂടിയാണ് ഈ വൈറസ്സുകൾ പകരുന്നത്. ലിവർ എന്ന അവയവത്തെ ആശ്രയിച്ചുണ്ടാവുന്ന ഒരു അനുബന്ധരോഗമാണ് മഞ്ഞപ്പിത്തം. പിത്താശയത്തിൽ (Gallbladder) ഉണ്ടാവുന്ന കല്ലുകൾ മൂലമോ, നീർക്കെട്ടോ, മറ്റുരോഗങ്ങൾ നിമിത്തമുണ്ടാകുന്ന ദശ വളർച്ചയോ ഈ കാരണങ്ങൾ മൂലം പിത്തവാഹിനിക്കുഴലിലുണ്ടാവുന്ന തടസ്സം മൂലം ഉല്പാദനഗ്രന്ഥിയായ പിത്താശയത്തിൽ നിന്ന്, പക്വാശയ മുഖത്ത് (Duodenum) ഒഴുകേണ്ട പിത്തനീര് (Bile) ആമാശയത്തിൽ പ്രവേശിക്കാതെ, മറ്റുവഴിയിൽ കൂടി രക്തത്തിൽ അമിതമായി കലരുന്നത് പ്രസ്തുത രോഗത്തിന്നുള്ള വേറൊരു കാരണം.

പനി, തലവേദന, ക്ഷീണം, വിശപ്പില്ലായ്മ, അരുചി, ഛർദ്ദി ഇവയാണ് രോഗാരംഭ ലക്ഷണം. കൂടാതെ, വയറിന്റെ വലതുവശത്തുള്ള വേദനയും ഉണ്ടാവുന്നതാണ്. രക്തപരിശോധനയിൽ പിത്തനീരിന്റെ (Bilirubis) അളവ് ക്രമാതീതമായി വർദ്ധിപ്പിച്ചിരിക്കും. രോഗത്തിന്റെ അടുത്ത ഘട്ടത്തിൽ മൂത്രത്തിന് കടുത്ത മഞ്ഞനിറം വെളുത്ത നിറത്തിലുള്ള മലം പോവുക, ശരീരം മുഴുവൻ വേദന, പിന്നീട് കണ്ണിന്റെ വെളുത്ത പടലത്തിൽ മഞ്ഞ നിറം, ശരീരം മുഴുവനും വിയർപ്പും മഞ്ഞ നിറവും തലചുറ്റൽ ഇവയെല്ലാം രോഗത്തിന്റെ മറ്റൊരു ലക്ഷണമാണ്. ഈ ഘട്ടത്തിൽ രോഗം വൈഷമ്യാവസ്ഥയിലേക്ക് പ്രവേശിച്ചിരിക്കും. താപനില ഉയർന്നിരിക്കുക, രക്തസ്രാവം ഇവയെല്ലാം രോഗസ്ഥിതി മൂർദ്ധന്യാവസ്ഥയിലേക്ക് പ്രവേശിക്കുന്നു.

രോഗിക്ക് വിശ്രമം, ഭക്ഷണക്രമം ഇവ പാലിക്കണം. രോഗം പകരാൻ സാധ്യതയുള്ളതുകൊണ്ട് രോഗിയുമായുള്ള സമ്പർക്കം കുറയ്ക്കണം. രോഗാരംഭത്തിൽ തന്നെ രക്തം പരിശോധിക്കേണ്ടതാണ്. മഞ്ഞപ്പിത്തമെന്ന് സ്ഥിരീകരിക്കപ്പെട്ടാൽ ഒട്ടും വൈകാതെ ഫലപ്രദമായ ചികിത്സ എടുക്കേണ്ടതാണ്. രോഗം പിടിപെടാതിരിക്കുവാനുള്ള മുൻകരുതലിൽ തിളപ്പിച്ചാറിയ വെള്ളമേ കുടിക്കാവൂ. പിത്തസഞ്ചിയിലെ കല്ല് കുഴപ്പം സൃഷ്ടിക്കുന്നവയാണെങ്കിൽ അതിനെ നീക്കുവാനുള്ള നടപടി എടുക്കണം. കൊഴുപ്പടങ്ങിയതും എണ്ണയിൽ വറുത്തതുമായുള്ള ആഹാരങ്ങൾ ഒഴിവാക്കണം, രോഗം മാറിയ ശേഷവും കുറച്ചുകാലം ആഹാരക്രമം പാലിക്കേണ്ടതുണ്ട്.

●



# ഔഷധഗുണമുള്ള അമൂല്യമരുന്നുകൾ

അഥിനി ഗോപിനാഥ്
മേലാറ്റൂർ
9946701148

നിങ്ങൾ ഗ്രാമത്തിലാണ് താമസമെങ്കിൽ ഇവയെല്ലാം തന്നെ വീട്ടുവളപ്പിൽ കാണാവുന്നതാണ്. പക്ഷെ പുതിയ തലമുറ അവയുടെ ഔഷധഗുണങ്ങൾ മനസ്സിലാക്കുന്നില്ല. ഒന്നു തുമ്മിയാൽ പോലും ഉടനെ ഡോക്ടറെ സമീപിക്കുന്നതാണല്ലോ നമ്മുടെ രീതി. ഹോസ്പിറ്റലും, വാഹന സൗകര്യവുമില്ലാത്ത ഒരുകാലത്ത് ജീവിച്ചിരുന്ന നമ്മുടെ പൂർവ്വികരെക്കുറിച്ച് ഒന്ന് ആലോചിച്ച് നോക്കൂ. എന്തിനും, ഏതിനും അന്നൊക്കെ അവരുടെ ഏക ആശ്രയം നാട്ടിലെ നാട്ടു വൈദ്യന്മാരായിരുന്നുവല്ലോ ? അന്നവർ എല്ലാ രോഗശാന്തിക്കുമായി ഉപയോഗിച്ചിരുന്നത് ഈ മരുന്നുകൾ മാത്രമായിരുന്നു. തൊടിയിൽ നിന്നും കാട്ടിൽ നിന്നും പറിച്ചെടുത്തവ.

### 1) കുറുന്തോട്ടി

സമൂലം ഔഷധമാണ്. ഇന്ന് വൈദ്യശാലകളിൽ നിന്നും ലഭിക്കുന്ന ക്ഷീരബല, ധാന്വന്തരം, ബലാതൈലം എന്നീ മരുന്നുകളിലെ പ്രധാന ചേരുവ കുറുന്തോട്ടിയാണ്! താളിയ്ക്ക്, നാട്ടിൻപുറത്ത് ഇന്നും ഉപയോഗിക്കുന്നുണ്ട്.

### 2)ആര്യവേപ്പ്

വേപ്പിന്റെ ഇല കയ്ക്കുമെങ്കിലും രണ്ടിലകൾ ദിവസേന ചവച്ചരച്ച് കഴിക്കുക. ചർമ്മരോഗങ്ങൾ തൊട്ടുതീണ്ടുകയില്ല. ഇലകൾ മാത്രമല്ല, സമൂലം മരുന്നാണ്. രക്തശുദ്ധി, വിഷശമനം, മഞ്ഞപ്പിത്തം എന്നീ രോഗങ്ങൾക്കെല്ലാം ഇതിന്റെ സർവ്വാംഗവും മരുന്നാണ്. ഉണങ്ങിയ വേപ്പിലകൾ രാത്രികാലങ്ങളിൽ പുകച്ചാൽ കൊതുകു ശല്യവും ഉണ്ടാകുകയില്ല.

### 3) കച്ചോലം

ഇതിന്റെ കിഴങ്ങാണ് മരുന്ന്. ദഹനക്കുറവ്, അപസ്മാരം എന്നിവയ്ക്കെല്ലാം ഇവ കൈ കണ്ട ഔഷധമാണ്.

### 4) കീഴാർനെല്ലി

മഞ്ഞപ്പിത്തത്തിന് ഇതിനേക്കാൾ നല്ലൊരു മരുന്ന് വേറെ ഇല്ല. തൊടികളിൽ എല്ലാ കാലത്തും വളർന്നുനില്ക്കുന്ന ഈ ചെറുചെടികളിലെ ഇലകൾ പറിച്ചെടുത്ത് കടിച്ചരച്ചു ചവച്ചുതിന്നുക. കഷായവും, ലേഹ്യമാക്കിയും കഴിക്കാവുന്നതാണ്. ഇലകൾക്കു താഴെ ചെറിയ മണികൾ കാണും. കുഞ്ഞുനെല്ലിക്ക പോലെ, അതാണ് മരുന്ന്. അതുകൊണ്ടാണ് കീഴാർ നെല്ലി എന്ന പേര് വന്നതും.

### 5) അമൃത്

പേരുപോലെത്തന്നെ ദേവാമൃതമാണ്. മരങ്ങളിൽ ചുറ്റിപ്പടർന്നുവളരുന്ന വള്ളികളാണിത്. ചിറ്റാമൃത്, കാട്ടമൃത് എന്നിങ്ങനെ രണ്ടുതരമുണ്ട്. അരച്ചുകലക്കി കുടിച്ചാൽ ദഹനക്കേട്, വിശപ്പില്ലായ്മയും മാറിക്കിട്ടുന്നതാണ്.

### 6) കുടുങ്ങൽ

ഇത് നിലത്ത് മണ്ണോടുചേർത്ത് വളരുന്ന വള്ളിച്ചെടിയാണ്. ചർമ്മരോഗങ്ങൾക്ക് മാത്രമല്ല, ബുദ്ധിഭ്രമത്തിനും, ഓർമ്മശക്തി വർദ്ധിപ്പിക്കുവാനും ഉപയോഗിക്കാം. സമൂലം മരുന്നാണ്.

### 7) കയ്യോന്നി

കഞ്ഞുണ്ണി എന്നാണ് ഗ്രാമ്യഭാഷ. മുടികൊഴിച്ചിൽ, തലവേദന എന്നിവക്ക് സമൂലം കഴുകി തുടച്ച് എണ്ണ കാച്ചി ഉപയോഗിക്കുക. കുളിക്കുന്നതിന് ഒരു അര മണിക്കൂർ നേരം മുമ്പ് തലയിൽ തേച്ചുപിടിപ്പിച്ചതിനു ശേഷം തണുത്ത വെള്ളത്തിൽ കുളിക്കുക. കാഴ്ച്ചക്കുറവും മാറിക്കിട്ടും. ഇലയുടെ നീര് മഞ്ഞപ്പിത്തത്തിനും ഉപയോഗിക്കാം.

### 8) തുളസി

സാധാരണയായി കേരളീയരുടെ വീടുകളിൽ നട്ടുവളർത്തുന്ന ഈ ചെടി ഒരു പൂജാപുഷ്പം മാത്രമല്ല, മരുന്ന് കൂടിയാണ്. ഇവയിൽ രണ്ടുവിധമുണ്ട്. രാമ തുളസിയും, കൃഷ്ണ തുളസിയും. ജലദോഷം, പനി, ചർമ്മരോഗങ്ങൾ എന്നിവയ്ക്ക് പല പ്രകാരത്തിലും സേവിക്കാം.

### 9) രാമച്ചം

ഇതിന്റെ വേരാണ് മരുന്ന്. പണ്ട് വീശുവാൻ രാമച്ചവിശറി ഉപയോഗിച്ചിരുന്നു. വായുവിൽ സുഗന്ധം പാറി പറന്നുനടക്കും. ചർമ്മരോഗത്തിനും ചർമ്മരോഗങ്ങൾക്കും രാമച്ചതൈലം മരുന്നാണ്. ഒരുവാസനദ്രവ്യം കൂടിയാണ്.

### 10) പനീർകൂർക്ക

ഇലയും തണ്ടുമാണ് മരുന്ന്. കുട്ടികളുടെ എല്ലാ രോഗങ്ങൾക്കും കൈ കണ്ട ഔഷധമാണ്. അതെ, പനി, ചുമ, കൃമിശല്യം എന്നിവയ്ക്കെല്ലാംതന്നെ.

# നവോത്ഥാനത്തിന് നാന്ദികുറിച്ച മഹാത്മൻ കുഞ്ചൻ നമ്പ്യാർ

എടത്തറ ജയൻ
9446033861



കവിത്രയങ്ങളിൽ ഒരാളായിമാത്രം നമ്പ്യാർക്ക് സ്ഥാനം കല്പിച്ചവർ അദ്ദേഹത്തിന്റെ കാല്പനികതയെ സരസമായി കണ്ടു എന്നല്ലാതെ സാരസ്യം (ആന്തരാർത്ഥം) ഉൾക്കൊള്ളാൻ തയ്യാറായില്ല എന്ന് കാണേണ്ടിയിരിക്കുന്നു. രണ്ടാമതൊരു വിഭാഗം വരുന്നത് അദ്ദേഹത്തിന്റെ ആശയത്തോട് യോജിക്കാത്തവരായിരുന്നു. രണ്ടുതരക്കാരും കുഞ്ചൻ നമ്പ്യാരോട് നീതി പുലർത്തിയില്ല എന്ന് കരുതേണ്ടിയിരിക്കുന്നു. നമ്പ്യാരുടെ രചനകൾ പലരും കൈവശത്തിലാക്കി പുറത്തുകാണാത്ത വിധം ഒതുക്കിത്തീർത്തു എന്നതാണ് അനുഭവം. ആദ്യകാലങ്ങളിൽ വായനശാലകളിൽ ഉണ്ടായിരുന്ന പുസ്തകങ്ങൾ രണ്ടാമതൊരു വായനയ്ക്ക് അന്വേഷിച്ചപ്പോൾ കിട്ടാത്ത അവസ്ഥയുമായി. അതിനാലാണ് ഇപ്പോൾ ഈ ഉദ്യമത്തിന് മുതിരുന്നത് എന്ന് പറഞ്ഞുകൊള്ളട്ടെ.

**നമ്പ്യാരുടെ പുറപ്പാട്**

പാലക്കാട് ജില്ലയിലെ കിള്ളിക്കുറിശ്ശിയെന്ന സ്ഥലത്ത് കലക്കത്ത് കുഞ്ചൻ നമ്പ്യാരുടെ ഭവനം ഇന്ന് സർക്കാർ പരിപാലിച്ചുവരുന്നു. കൂടുതൽ കാലം താമസിച്ച അമ്പലപ്പുഴയിലും ഒരു സ്മാരകം നിലവിലുണ്ട്. അടുത്ത കാലത്ത് അത് നിർമ്മിക്കാൻ തയ്യാറായത് തന്നെ സത്യത്തിന്റെ വിജയമായി കാണേണ്ടതുണ്ട്. നമ്പ്യാർ സ്വദേശത്തുനിന്ന് വിദ്യാഭ്യാസത്തിനുശേഷം വടക്കോട്ട് കുറേ ദേശസഞ്ചാരം ചെയ്തിട്ടുള്ളതായി കാണുന്നു. എന്നാൽ ഇക്കാലത്തായിരിക്കാം ഒരിക്കൽ പട്ടിണി അനുഭവിക്കേണ്ടി വന്ന കവി:

*കോലദ്രപസ്യനഗരേവാസരം*
*ഹരിവാസരം:*
*മശകൈർമ്മക്കുണൈശ്ചാപി*
*രാത്രയഃ ശിവരാത്രയഃ*

എന്ന ശ്ലോകം കൊണ്ട് കോലത്തുനാട്ടുരാജാവിനെ ആരാധിച്ചുഭിത്തിയിൽ എഴുതിവെച്ചത്. ഇതിനുശേഷം അദ്ദേഹം ഗുരുവായൂർ, വടക്കാഞ്ചേരി മുതലായ സ്ഥലങ്ങളിൽ പോയി പരിചയപ്പെട്ടിട്ടുള്ളതായി വിചാരിക്കേണ്ടിയിരിക്കുന്നു.[1a] അതിനുശേഷം നമ്പ്യാരെ കാണുന്നത് അദ്ദേഹത്തിനെ അച്ഛൻ നമ്പ്യാരുമായി കിടങ്ങൂർ താമസിക്കുന്നതായിട്ടാകുന്നു. അവിടെ അച്ഛൻ നമ്പ്യാർക്ക് ക്ഷേത്രത്തിൽ എന്തോ ജോലി ഉണ്ടായിരുന്നു. നമ്പ്യാർ അമ്പലപ്പുഴയിലേക്ക് എത്തിച്ചേർന്നത് കോട്ടയത്തുള്ള കിടങ്ങൂരിൽ നിന്നാകുന്നു.[1b] അതിനുശേഷം തിരുവനന്തപുരത്തു വന്ന് വിക്രമശാലിയായിരുന്ന മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ ആശ്രിതസ്ഥാനത്തെ അനേക പണ്ഡിതന്മാരുടെ കൂട്ടത്തിൽ നമ്പ്യാരും സ്വീകാര്യനായി.[1c] അവിടെ വെച്ചാണ് "ദീപസ്തംഭം മഹാശ്ചര്യം നമുക്കും കിട്ടണം പണം" എന്ന ശ്ലോകം രചിച്ചിട്ടുള്ളത്. അന്ത്യകാലത്ത് അമ്പലപ്പുഴയിൽ തന്നെയായിരുന്നു എന്നാണ് കാണുന്ന ത്.[1d]

***രാമപാണി വാദനിൽ നിന്നുള്ള പകർന്നാട്ടമാണ് കുഞ്ചൻനമ്പ്യാർ***

കേരള സാഹിത്യ ചരിത്രത്തിൽ മഹാകവി ഉള്ളൂർ എസ്. പരമേശ്വരയ്യർ സൂചിപ്പിച്ചിരിക്കുന്നത്, 'രാമപാണി വാദൻ' കുഞ്ചൻ നമ്പ്യാർ എന്ന പേർ സ്വീകരിക്കുന്നതിനുമുമ്പുള്ള പേരായിരുന്നു എന്നാണ്.[1] സമാനമായി കാവാലം ബാലചന്ദ്രൻ എഴുതി (ബി ബുക്സ് അമ്പലപ്പുഴ) പ്രസിദ്ധീകരിച്ച 'അമ്പലപ്പുഴയും കുഞ്ചൻ പെരുമകളും' എന്ന കൃതിയിൽ[2] സന്തോഷപൂർവ്വം ചേർത്തിട്ടുള്ളതാകുന്നു.

പകർന്നാട്ടത്തിന്റെ പശ്ചാത്തലം ഒന്ന് ശ്രദ്ധാപൂർവ്വം ശ്രവിക്കേണ്ടതുണ്ട്. ഭഗവത് ദൂത് പതിനാല് വൃത്തം, പഞ്ചതന്ത്രം, ശിവപുരാണം, സൂതവാക്യം, ശ്രീകൃഷ്ണചരിതം, മണിപ്രവാളം എന്നിവയെല്ലാം[3] രചിച്ചതിനുശേഷമാണ് ശ്രീബുദ്ധന്റെ ബോധോദയം പോലെ നമ്പ്യാരിലെ അഗ്നി ജ്വലിക്കാൻ തുടങ്ങിയത്.

"ഉഴുതുണ്ണുന്നവരെ തൊഴുതുണ്ടിരുന്നവർ" അധികാരത്തിലായപ്പോൾ അധകൃതർ എന്ന മുദ്ര കുത്തി അധികാരം കൊടുകുത്തി വാഴുന്നത് സഹിക്കാൻ കഴിയില്ലെന്ന് ചിന്തിച്ചാണ് നമ്പ്യാർ (ക്രിഞ്ചന = അല്പം, കുഞ്ങ്കരൻ = ശ്രേഷ്ഠൻ) എന്നീ പദങ്ങളെ ചേർത്ത് അല്പം ശ്രേഷ്ഠൻ = കുഞ്ചൻ) എന്ന പേര് സ്വീകരിച്ച് ഭടെ[4] ജനങ്ങടെ നടുവിലേക്ക് നവോത്ഥാനത്തിനായി ഇറങ്ങിത്തിരിച്ചത്. ഭക്തിപ്രവാഹം കൊണ്ട് പരിവർത്തനം സാധ്യമല്ല എന്ന തിരിച്ചറിവായിരിക്കണം രാമപാണിവാദൻ ((രാമൻ എന്ന പാണിവാദകൻ) മിഴാവു കൊട്ടുന്നയാൾ) എന്ന പേർ ഉപേക്ഷിച്ച് രചന തുള്ളൽക്കഥകൾ എന്ന പുതിയ രൂപം തീർത്ത് കുഞ്ചൻ നമ്പ്യാരായി. കവിതകളെഴുതി താളിയോലകളിലിരുന്നാൽ അത് പരിവ

ർത്തനത്തിന് പര്യാപ്തമല്ല എന്ന തിരിച്ചറിവാണ് തുള്ളൽ പ്രസ്ഥാനത്തിന് നിദാനമായത്. സാധാരണക്കാരുടെ അടുത്തേക്ക് പുതിയ രൂപത്തിൽ ഭാവത്തിൽ താളത്തിൽ ഒരു കലാരൂപം അവതരിപ്പിച്ചു. ശീതങ്കൻ, ഓട്ടൻ എന്നീ രണ്ടു തരത്തിൽ തുള്ളലുകൾ അവതരണം നടത്തിയിട്ടും വേണ്ടത്ര മാറ്റം കാണായ്കയാൽ വെല്ലുവിളി കൂടുതൽ ഗൗരവത്തോടെ ഏറ്റെടുത്ത്

*അറിഞ്ഞോരു കഥാഭാഗം കുറ*
*ഞ്ഞൊന്നിസഭാതന്നിൽ,*
*പറഞ്ഞുപോരുവാനായ്*
*ഞാനുറഞ്ഞ് വന്നിഹകേറി*
*നിറഞ്ഞുള്ളന്തണന്മാർ*
*വന്നിരിക്കുന്ന സമക്ഷത്ത്*
*പറഞ്ഞുകൊൾകയും പാരം*
*വിഷമമെന്നതേവേണ്ടൂ*
*പറയന്റെ കുലം തന്നിൽ*
*പിറന്നുള്ളോരടിയങ്ങൾ*
*പറയുന്ന പരമാർത്ഥമറിയുന്ന*
*ജനം തുച്ഛം*
*പറയിപെറ്റുള്ള നാം*
*പാക്കനാരെന്ന പുകഴ്ന്നൊരു*
*പറയ*
*പ്രൗഢനെക്കേട്ടാലറിയാതാരുമില്ലി*
*പ്പോൾ*[5]

കുരുത്തോലവേഷം ചാർത്തി, പറയനായവതരിച്ച് വേദികളിൽ 'പറയൻ തുള്ളൽ' എന്ന പുതിയരൂപം അവതരിപ്പിച്ചു. നമ്പ്യാരുടെ ശക്തിയിൽ അതൃപ്തി വളർന്നവർ അദ്ദേഹത്തെ പരമാവധി ശിക്ഷിച്ചു. ഓട്ടൻ തുള്ളൽ ചുറ്റമ്പലത്തിന്നുള്ളിൽ അവതരിപ്പിക്കുന്നതിന് വിലക്കുകളും ഉണ്ടായി. എന്നിരുന്നാലും പിൻതിരിയാതെ അമ്പല മതിൽക്കെട്ടിന് പുറത്ത് തുള്ളൽക്കഥകൾ അവതരിപ്പിച്ചു.

ഭാഷാകവികളായ ചീരാമന്റെയും, കണ്ണശ്ശന്മാരുടേയും പിൻമുറക്കാരനായ (ഭാഷയുടെ പിൻമുറക്കാരൻ) കുഞ്ചൻനമ്പ്യാർ രാമപാണി വാദനിൽ നിന്നാണ് പകർന്നാടിയത്. കുഞ്ചൻ നമ്പ്യാർ ഭാഷയ്ക്ക് നൽകിയ പദസമ്പത്തും ചൊല്ലുകളും നമ്പ്യാരുടെ മുഴുവൻ കൃതികളും വായിക്കുന്നവർക്കേ ഗ്രഹിക്കാൻ കഴിയുകയുള്ളൂ. ഇന്ന് പഴഞ്ചൊല്ലുകൾ എന്ന് വേർതിരിച്ച് പുസ്തകമാക്കിയവർ നമ്പ്യാർ കൃതികളിൽ നിന്നാണ് നല്ല മുത്തുകൾ എടുത്തിട്ടുള്ളത് എന്ന് വിസ്മരിച്ചുകൂടാ എന്നിരുന്നാലും പഴഞ്ചൊല്ലുകൾ പകർത്തി എഴുതിയവർ സൂചിപ്പിക്കാതിരുന്നത് ക്ഷന്തവ്യമാണ് എന്ന് ചിന്തിക്കാൻ വയ്യ.



കലക്കത്ത് ഭവനം

**നമ്പ്യാരുടെ പരിശ്രമം**

കുഞ്ചൻ നമ്പ്യാരുടെ ശ്രമം വളരെ ഫലവത്തായി എന്നു വേണം ചിന്തിക്കാൻ. നമ്പ്യാരുടെ മിഴാവ് കുത്തിപ്പൊട്ടിച്ചു. തുള്ളൽക്കാരനെ അമ്പലത്തിനു പുറത്താക്കി. അതുകൊണ്ടൊന്നും നമ്പ്യാരെന്ന കലാകാരൻ പിൻതിരിഞ്ഞില്ല. കൂടുതൽ ശക്തിയാർജ്ജിച്ച് കൂടുതൽ കഥകൾ എഴുതി എന്ന് കരുതേണ്ടതാണ്. നമ്പ്യാർ നമ്മെ വിട്ടുപിരിഞ്ഞിട്ടും നമ്പ്യാരുടെ രചനകൾ ലോകം കയ്യടക്കി വാഴുന്നതുകണ്ട് വെറി പൂണ്ടവർ അദ്ദേഹത്തിന്റെ കൃതികൾ അമ്പയാറ്റ് പണിക്കരുടേതെന്ന് മുദ്ര ചാർത്തി ഇകഴ്ത്താൻ ശ്രമിച്ചു. "അമ്പയാറ്റ് പണിക്കർ എന്ന വ്യക്തിമുദ്ര പതിച്ച തിലകം ജനിച്ചിട്ടുമില്ല മരിച്ചിട്ടുമില്ല" എന്നിരുന്നാലും തല്പരകക്ഷികൾ കരുത്തരായതിനാൽ അങ്ങിനെ ഒരു ജനനം സൃഷ്ടിച്ചുകൂടെന്നില്ല. "ബ്രാം സ്റ്റോക്കർ ഡ്രാക്കുള"യെ സൃഷ്ടിച്ചതോർക്കുക. അത്തരം മഹത്തുക്കളുടെ പ്രപഞ്ചത്തിലാണ് നാം അധിവസിക്കുന്നത് എന്ന കാര്യം വിസ്മരിച്ചുകൂടാ.

"അദ്ധ്വാനിക്കുന്ന ജനതയെ അസ്പൃശ്യനാക്കിയ വ്യവസ്ഥിതിയെ" ആദ്യം ചോദ്യം ചെയ്തത് കുഞ്ചൻ നമ്പ്യാരാണെന്ന വസ്തുത പലരും വിസ്മരിക്കുന്നു. സ്വയം പറയാനാണെന്ന് അവകാശമുന്നയിച്ച് വേഷം ധരിച്ച് രംഗത്തെത്തിയതാണ് കൂടുതൽ വെറളി പിടിപ്പിച്ചത്. അതുകൊണ്ടാണ് പിന്നീട് വന്നവർക്ക് ഭാഷയുടെ പിതൃത്വം ചാർത്തി നൽകിയത് മറ്റൊരു ഭാഷയ്ക്കും ഇല്ലാത്ത മുദ്ര.

**പിതൃത്വം നഷ്ടപ്പെട്ട കുഞ്ചൻ**

തുഞ്ചനന്നു രചിച്ച വാക്കുകൾ കണ്ടുകൊണ്ടതു കുഞ്ചനും കിഞ്ചിൽ ചൊല്ലിയ വാക്ശരങ്ങളെ മെല്ലെയങ്ങു ധരിയ്ക്കണം.

*ഭടെ ജനങ്ങടെ സഭയിലുള്ളൊരു*
*പടയണിക്കിഹചേരുവാൻ*
*വടിവിയന്നൊരു ചാരുകേരള*
*ഭാഷ തന്നെ ചിതം വരൂ.*
*കടു പടെ പ്പടു കഠിന സംസ്കൃത*
*വികടകവികേറിയാൽ*
*ഭടെ ജനങ്ങൾ ധരിക്കയില്ല*
*തിരിക്കുമൊക്കെയുമേറ്റുടൻ.*
*ഇവിടെ യീ ഗതി വന്നുചേർന്ന*
*തില്ലതെല്ലുമേ സംശയം*
*ഉദ്ധരണിയിലുള്ള വാക്കുകൾ*
*സത്യമായതുമോർക്കുക*
*ഭാഷയിലധിലക്ഷരങ്ങളെ*
*ചേർത്തുവെച്ചു കുലുക്കുവാൻ*
*കുഞ്ചനോളമുയർന്ന*
*വന്നവരാരതുണ്ടതു ചൊല്ലണം*
*നിശിതമായ*
*വിമർശനങ്ങളിലാരേയും*
*വഴി ചേർക്കുവാൻ*
*പശിയതേറുമാ സ്ഥിതിയതെങ്കിലു*
*മാരുമേയൊഴിവല്ലിത്*
*അതിനാലന്നൊരു പക്ഷമായി*
*സ്തുതിച്ചുമെല്ലവേ തുഞ്ചനേ*
*ഭാഷ തന്റെ പിതാവതാവുകിൽ*
*തുഞ്ചനല്ലിതുകുഞ്ചനാം.*

(ദൂരദർശനിൽ പൈതൃകത്തിൽ ഫോൺ വഴി വി. എസ്. ശർമ്മ സാറിന്റെ പരിപാടിയിൽ ചൊല്ലിയത്)

അക്കാലത്തെ ഭരണവർഗ്ഗത്തേയും, അധികാരസ്ഥാനങ്ങളേയും അതിനോട് ചേർന്ന് നില്ക്കണ ദൂഷിത വലയങ്ങളേയും എന്നുവേണ്ട തെറ്റുചെയ്യുന്നവർ ആരൊക്കെയാണോ അവരേയെല്ലാം എണ്ണിയെണ്ണി ദൂഷ്യങ്ങളകറ്റാൻ വേണ്ടി തുറന്നുകാട്ടി. അതിൽ പെടാതിരുന്നത് ഇന്നുള്ളതിൽ ഒരുവിഭാഗം മാത്രമാണ്. അന്ന് 'തർക്കം' എന്ന തൊഴിൽ ഉണ്ടായിരുന്നില്ല. അതിനാലാണ് ഒഴിവായ വിഭാഗമായി

വക്കീലന്മാർ വിരാചിയ്ക്കുന്നത്.

നമ്പ്യാരുടെ കൃതികൾ വിശകലനം ചെയ്താൽ ഇത്തരം കാര്യങ്ങൾ വ്യക്തമാകുന്നതാണ്. എന്താണോ കുഞ്ചൻ നമ്പ്യാർ അക്കാലത്ത് ചിന്തിച്ചത് അതിൽ 80 ശതമാനവും നടപ്പിലായി എന്ന് കാണേണ്ടിയിരിക്കുന്നു. കേരളത്തിൽ സ്ത്രീകളുടെ മോശപ്പെട്ട പ്രവൃത്തി കേരളത്തിൽനിന്ന് ഒഴിവായത് വലിയൊരു പരിവർത്തനമാണ്. ഇന്ന് പാഞ്ചാലിമാർ ഇല്ല എന്നതിന് നമ്പ്യാരെ സ്തുതിക്കേണ്ടതാണ്. സാമൂഹ്യ പരിഷ്ക്കരണത്തിൽ നമ്പ്യാരുടെ പങ്ക് കണ്ടെത്തുന്നതിനായി അദ്ദേഹത്തിന്റെ ഓരോ കഥകളിലൂടേയും സഞ്ചരിക്കാം.

**കുറിപ്പ്:**

1. കേരള സർവ്വകലാശാല പ്രസിദ്ധീകരിച്ച കേരള സാഹിത്യ ചരിത്രം ഉള്ളൂർ നാലാംപതിപ്പ് 1990 പുറം 355-471.

1a. ശ്രീരാമവിലാസം പ്രസ്സ് & ബുക്ക് ഡിപ്പോ, കൊല്ലം. 5ാം പതിപ്പായി 1127ൽ ശ്രീ കലക്കത്ത് കുഞ്ചൻ നമ്പ്യാരുടെ 60 തുള്ളൽക്കഥകൾ എന്ന പുസ്തകത്തിൽ പി. കെ. നാരായണപ്പിള്ളയുടെ അവതാരിക പേജ് 3ൽ (35 മുതൽ 43 വരെ വരികൾ)

1b. ഒന്ന് എയിലെ പുസ്തകത്തിലെ പേജ് 4, പേര - 2.

1c. ഒന്ന് എയിലെ തന്നെ പുസ്തകത്തിലെ പേജ് 4, പേര - 3.

1d. ഒന്ന് എയിലെ തന്നെ പുസ്തകത്തിലെ പേജ് 5, പേര - 2&3.

2. കാവാലം ബാലചന്ദ്രൻ : മെയ് 2013 ൽ ബി ബുക്സ് വഴി പ്രസിദ്ധീകരിച്ചതിൽ പേജ് 20-24 (അമ്പലപ്പുഴയും കുഞ്ചൻ പെരുമകളും)

3. കേരളസാഹിത്യ അക്കാദമി തൃശ്ശൂർ 1999 ആഗസ്റ്റിൽ പ്രസിദ്ധീകരിച്ച 'കുഞ്ചൻ നമ്പ്യാർ - പഞ്ചതന്ത്രം' എന്ന പുസ്തകത്തിൽ പേജ് 10 കാവ്യങ്ങൾ എന്ന ശീർഷകത്തിൽ.

4. ഭടെ = ഇവിടെ

5 ശ്രീരാമവിലാസം പ്രസ്സ് & ബുക്ക് ഡിപ്പോ, കൊല്ലം. 5ാം പതിപ്പായി കൊല്ലവർഷം 1127ൽ പ്രസിദ്ധീകരിച്ച 'ശ്രീ കലക്കത്ത് കുഞ്ചൻ നമ്പ്യാരുടെ 60 തുള്ളൽക്കഥകൾ' എന്ന പുസ്തകത്തിൽ പേജ് 536ൽ 11 മുതൽ 18 വരെ വരികൾ.

**ജോസ് ചാലക്കൽ**
**9020147667, 9447067366**



# ആനയെ വേണമെങ്കിൽ തിരിച്ചുനിറുത്തിക്കോളൂ

നമ്പൂതിരിക്ക് ആനപ്പുറത്ത് കയറുവാൻ മോഹം. എല്ലാവരും ചേർന്ന് നമ്പൂതിരിയെ ആനപ്പുറത്ത് കയറ്റിയിരുത്തി. പക്ഷെ നമ്പൂതിരി ഇരുന്നത് ആനയുടെ പുറകുവശത്തേക്ക് തിരിഞ്ഞായിരുന്നു. ഇതുകണ്ട ഒരാൾ പറഞ്ഞു - "തിരുമേനി... അങ്ങോട്ടല്ല തിരിഞ്ഞിരിക്കേണ്ടത്. നേരെ തിരിച്ചാണ് ഇരിക്കേണ്ടത്". ഇതുകേട്ട തിരുമേനി പറഞ്ഞു - "നാം ഇരുന്നാൽ ഇരുന്നതുതന്നെ വേണമെങ്കിൽ ആനയെ തിരിച്ചുനിർത്തിക്കോളൂ."

മേൽ പറഞ്ഞ കഥ പോലെയാണ് ഇപ്പോൾ മദ്യശാലകളുടെ അവസ്ഥ. നാഷണൽ ഹൈവേയുടെ വഴിയോരങ്ങളിൽ വിൽപ്പന പാടില്ലെന്ന നിയമം വന്നെങ്കിലും വേണമെങ്കിൽ ആനയെ തിരിച്ചുനിർത്തിക്കോളൂ എന്നു പറഞ്ഞപോലെ പല സ്ഥലങ്ങളിലും ഹൈവേ മാറ്റിക്കൊണ്ട് മദ്യശാലകൾ പുനഃസ്ഥാപിച്ചു. മദ്യനിരോധനസമിതികളുടെ മുഖത്ത് ചുലൂകൊണ്ട് അടിച്ച പ്രതീതിയാണ് ഉണ്ടാക്കിയിരിക്കുന്നത്.

ഇതുപോലെത്തന്നെ കാലികളുടെ പ്രശ്നം ജനങ്ങൾക്ക് മാത്രമല്ല, മൃഗങ്ങൾക്കും വൻതിരിച്ചടിയായി മാറിയിരിക്കുകയാണ്. മനുഷ്യർ മാത്രമല്ല മൃഗശാലകളിലെ സിംഹം, കടുവ, പുലി എന്നീ വന്യജീവികൾക്കും ബീഫ് ആണത്രെ ഭക്ഷണം. ഭക്ഷണകാര്യത്തിലുള്ള പ്രശ്നത്തേക്കാൾ രൂക്ഷമായ പ്രശ്നമാണ് കാലികളുടെ വർദ്ധന. അറക്കാൻ പാടില്ലാത്തതിനാൽ കന്നുകാലികളെ പൊതുനിരത്തിലേയ്ക്ക് ഇറക്കിവിടുന്നത് മൂലം തെരുവ് നായ ശല്യം പോലെ തെരുവുകാലികളുടെ ശല്യവും പൊതുജനങ്ങൾ സഹിക്കേണ്ടിവരും.

ഇവിടെ മനുഷ്യജീവനേക്കാൾ വില കൽപ്പിക്കുന്നത് മൃഗജീവനാണെന്നത് ഏറെ കഷ്ടം തന്നെ. നിയമനിർമ്മാണം നടത്തുന്നവർ സാധാരണക്കാരെ പോലെ നിരത്തിലിറങ്ങി നടക്കാറില്ലല്ലോ. അതുകൊണ്ട് തെരുവുനായയുടേയോ തെരുവുകാലികളുടേയോ ശല്യം സഹിക്കേണ്ടിവരില്ല. ഇതിനെതിരെ ജനങ്ങൾ ശക്തമായി പ്രതികരിക്കേണ്ടതാണ്. ഒട്ടേറെ മനുഷ്യജീവനുകൾ തെരുവുനായ്ക്കൾ മൂലം പൊലിഞ്ഞപ്പോഴും ഭരണകൂടം അനങ്ങാപ്പാറ നയം സ്വീകരിച്ചിരിക്കുന്നത് ഓരോ വോട്ടർമാരോടുമുള്ള വെല്ലുവിളിയാണ്.

## മദ്യദേവോ നമഃ
## മദ്യ മന്ത്രിയേ നമഃ

അമ്പലങ്ങളിൽ ചെന്നാൽ പ്രദക്ഷിണം വെച്ച് വേണം ദേവനെ/ദേവിയെ തൊഴാൻ. ഇതുപോലെയാണ് ഇപ്പോഴത്തെ മദ്യശാലകളുടെ അവസ്ഥ. ബാറിനുമുമ്പിലെ ഗെയ്റ്റ് കടന്നാലൊന്നും ബാറിന്റെ കവാടത്തിലെത്തില്ല. ഗെയ്റ്റ് കടന്നാൽ ഉടൻ ഒരു വൻമതിൽ കാണാം - മതിലിന്റെ ഓരത്തുകൂടി ചോദിച്ച് ചോദിച്ചോണ്ടുപോയാൽ ബാർ കെട്ടിടം വലംവെച്ച് ചുറ്റിത്തിരിഞ്ഞ് വൻമതിലിനപ്പുറത്തെത്തി ബാർ കവാടത്തിലൂടെ കടന്ന് ചെന്ന് മദ്യസേവ നടത്താം. ദൂരം ക്രമീകരിക്കാനാണത്രെ ഇങ്ങനെ മദ്യപൻമാരെക്കൊണ്ട് പ്രദക്ഷിണം വെപ്പിക്കുന്നത്. ഇത്തരത്തിലുള്ള ദൂരം ശരിയാക്കൽ അവസാനിപ്പിക്കണം. മദ്യശാല നിൽക്കുന്ന ഭൂമിയുടെ അതിർത്തിയും റോഡും തമ്മിലുള്ള അകലം നോക്കണം. അതല്ലയെങ്കിൽ ഏക്കർ കണക്കിനു ഭൂമിയുള്ളതാണെങ്കിൽ റോഡിൽ നിന്നും ബാർ കെട്ടിടത്തിലേക്കുള്ള ദൂരമാണ് കണക്കാക്കേണ്ടത്. അല്ലാതെ കെട്ടിടത്തെ ചുറ്റിവളഞ്ഞ് ദൂരം ശരിയാക്കുന്നത് ജനങ്ങളെ വിഡ്ഢികളാക്കുകയാണ്. ഇതിലും ഭേദം ദൂരപരിധി കണക്കാക്കാതിരിക്കുകയാണ്. ദൂരപരിധി കൂട്ടിയാലും കുറച്ചാലും കുടിക്കേണ്ടവൻ കുടിക്കും, ഫിറ്റാവേണ്ടവൻ ഫിറ്റാവും. ഇതിനൊന്നും തടയാൻ ആർക്കും കഴിയില്ല.

## ഓർക്കുക വല്ലപ്പോഴും

വിജയപ്രകാശ് കണ്ണാടി
9495497453

ജീവിതമൊരു നീർപ്പോളയല്ലയോ
അതിൻ
ആയുസ്സ് നിമിഷങ്ങളല്ലയോ
സിംഹാസനത്തിനായ്
വാളെടുത്താലും
മനുഷ്യാ, നീയിതോർക്കുന്നുണ്ടോ
മേടയിൽ വാണാലും
ഓടയിലായാലും
ആറടി മണ്ണേ നിനക്കുസ്വന്തം
പട്ടുനൂലാടയും സ്വർണ്ണാഭരണവും
പട്ടട വരെ മാത്രം നിനക്കുസ്വന്തം
മനുഷ്യാ, നീയിതോർക്കുന്നുണ്ടോ
വ്യർത്ഥമോഹങ്ങളാൽ നീ
പടുത്തുയർത്തും
മണൽക്കൂനയൊരു കാറ്റിൽ
തകർന്നുവീഴും.
പാവനസ്നേഹത്തിൻ
ദേവാലയത്തിലെ
മണിനാദമെന്നും അലയടിക്കും
മനുഷ്യാ, നീയിതോർക്കുന്നുണ്ടോ

നിങ്ങളുടെ പുസ്തകങ്ങൾ

**ഏറ്റവും കുറഞ്ഞ ചിലവിൽ**

**ഉന്നത നിലവാരത്തിൽ പ്രസിദ്ധീകരിക്കുവാൻ**

**ഏക തത്ത്വ പബ്ലിക്കേഷൻ**
പാലക്കാട് -1

മൊബൈൽ : 9446443321,
9387118131

തവണകളായും പണമടയ്ക്കാം.



# ജൈവ കൃഷി രീതികൾ

ബാലകൃഷ്ണ മേനോൻ
9447838491

ഭാഗം -3

കഴിഞ്ഞ കുറച്ചുവർഷങ്ങളായി വിവിധ വിളകളിൽ ഏറിയ വിളവുകുറവു കാണുന്നതായി പഠനങ്ങളിൽ കാണുന്നു. ഇതിന്റെ കാരണങ്ങൾ അന്വേഷിക്കുമ്പോൾ അധികരാസവളപ്രയോഗവും, അധിക ജലസേചനവും മണ്ണിൽ കൂടിയ വിളവെടുപ്പുകളും (Intensive cropping) കാരണങ്ങൾ ആയി കാണാം. ഇതിൽ അധിക രാസവളപ്രയോഗം കാരണം മണ്ണിന്റെ ഘടനയിലെ മാറ്റം, ജീവാണുക്കൾ കുറഞ്ഞ മണ്ണ് ഇവ വിളവെടുപ്പിന് പുതിയ തടസ്സങ്ങളായി കാണുന്നു.

ചെറുകിട നാമമാത്ര കർഷകർ ജൈവകൃഷിയിൽ ആകൃഷ്ടരായി തുടങ്ങി. ജനങ്ങൾക്കും രാസ-കീടപ്രയോഗഉൽപ്പന്നങ്ങൾ വേണ്ടെന്നായി തുടങ്ങി. ഇത് ജൈവകൃഷിക്ക് പുതിയ ഉണർവ് നൽകി. കമ്പോളങ്ങൾ, കർഷകർക്കും കൺസ്യൂമറിനും ജൈവ ഉൽപ്പന്നങ്ങളോടുള്ള താല്പര്യം ഏറി. പരമ്പരാഗത കാർഷിക അറിവുകളുടെ ഒരു സമ്മേളനം തുടങ്ങിയവയെല്ലാം ജൈവകൃഷിയുടെ സാധ്യതകൾ വർദ്ധിപ്പിച്ചു. ഇനി ജൈവ കൃഷിയുടെ ഗുണങ്ങൾ നോക്കാം.

മണ്ണിന്റെ ഘടനയിൽ മാറ്റം - എല്ലാ രീതിയിലും.

ഉൽപ്പന്നോപാധികളുടെ optimum uitilization.

പ്രകൃതി വിഭവങ്ങൾ സംരക്ഷിക്കാനുള്ള സാധ്യത.

ഒരു യൂണിറ്റ് ഉൽപ്പാദനത്തിന്

താരതമ്യേന കുറഞ്ഞ ചിലവ്.

പാക്യജനകം ജൈവവളങ്ങളിലൂടെ/വിളകളിലൂടെ അധികമായി ലഭിക്കാനുള്ള സാധ്യത.

കുറഞ്ഞ ജല ആവശ്യകത.

ജെവാവശിഷ്ടങ്ങളുടെ ഉപയോഗം.

സുസ്ഥിര ഉൽപ്പാദനം.

മനുഷ്യനും മൃഗങ്ങൾക്കും കുറഞ്ഞ അപകട സാധ്യത.

കാർഷിക ഉൽപ്പന്നങ്ങളുടെ അധിക മേന്മ (ഗുണം).

പ്രകൃതിയിലുണ്ടാകുന്ന സന്തുലിതാവസ്ഥ കാരണം മനുഷ്യനും, മൃഗങ്ങൾക്കും, മണ്ണിനും, പരിസ്ഥിതിക്കും സമ്പൂർണ്ണ ആരോഗ്യത്തിന് പറ്റിയ കൃഷി രീതി.

ഇനി നമ്മുടെ ജൈവ കൃഷിയിലേക്ക് നീങ്ങുമ്പോഴുള്ള പ്രശ്നങ്ങൾ പരിശോധിക്കാം.

ജൈവകൃഷിയിലേക്ക് Inorganic (അജൈവ) കൃഷിയിൽ നിന്നും നീങ്ങുമ്പോൾ എടുക്കുന്ന സമയം കൂടുതൽ.

തുടക്കത്തിൽ ജൈവകൃഷിയുടെ ഉൽപ്പാദന കുറവ്.

ചുരുങ്ങിയത് 3-4 വർഷം കൊണ്ട് മാത്രമേ ജൈവകൃഷി ലാഭകരമാകൂ എന്ന വസ്തുത.

### ജൈവകൃഷിയുടെ വെല്ലുവിളികൾ

നല്ല സാധ്യതയുള്ള കൃഷിയിടത്തേ ഇതു പറ്റൂ.

ഗവേഷണവും കൃഷി രീതികളുടെ സാധ്യതകളും കർഷകർക്ക് എത്തിക്കും എന്നത്.

ജൈവകൃഷിക്കാർക്ക് സാമ്പത്തിക സഹായം.

എല്ലായിടത്തും ജൈവകൃഷി certify ചെയ്യാനുള്ള ഏജൻസികളുടെ അപര്യാപ്തതയും ചെലവു കൂടുതലും.

ജൈവഉൽപ്പന്നങ്ങൾ മാർക്കറ്റ് ചെയ്യാനുള്ള ബുദ്ധിമുട്ട്.

### ജൈവകൃഷിയ്ക്ക് അത്യന്താപേക്ഷിതമായ കാര്യങ്ങൾ

പശു, ആട്, കോഴി തുടങ്ങിയ മൃഗങ്ങൾ.

കമ്പോസ്റ്റിനുള്ള സാധ്യതകൾ.

ജലലഭ്യത വർദ്ധിക്കാൻ മഴക്കുഴികൾ, കുളങ്ങൾ, ടാങ്കുകൾ.

ചാണകവും ഗോമൂത്രവും ലഭ്യമാക്കുക.

***ജൈവകൃഷിയിൽ ചെയ്യേണ്ട കാര്യങ്ങൾ***

കമ്പോസ്റ്റ്, മണ്ണിര കമ്പോസ്റ്റ്, ഗോമൂത്രം, ജൈവജീവാണു വളങ്ങൾ ഉപയോഗിക്കുക.

ജീവാണുവളങ്ങളായ Rhizhobium, Azotobacter, Azospirullm, PSB etc ഉപയോഗം.

വിള പരിക്രമത്തിന്റെ ആവശ്യകത.

ജൈവകീടനാശിനികളുടെ ഉപയോഗം.

കളകൾ സമയത്തു നിയന്ത്രിക്കുക

പുതയിടൽ.

കോഴി വളർത്തൽ, പശുവളർത്തൽ, മീൻവളർത്തൽ തുടങ്ങിയവ.

തേനീച്ച വളർത്തി വിളകളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുക.

ജൈവ ഉപാധികളിലൂടെ കീടനാശിനി നിയന്ത്രണം.

സ്യൂഡോമോണാസ്, ട്രൈക്കോടർമ, ട്രൈക്കോ കാർഡുകൾ വെർട്ടിസിലിയം, ബുവേറിയ തുടങ്ങിയവ കീടരോഗ പ്രതിരോധത്തിന് ഉപയോഗിക്കുക.

**ജൈവ കൃഷിയിൽ ചെയ്യാൻ പാടില്ലാത്ത കാര്യങ്ങൾ**

രാസവളങ്ങളുടെ ഉപയോഗം.

കീടനാശിനികളുടെ ഉപയോഗം.

വിള അവശിഷ്ടങ്ങൾ കത്തിക്കരുത്.

ഒരേ വിള തുടർച്ചയായി ചെയ്യരുത്.

● (തുടരും)

## അറിയിപ്പ്

രചനകളിലെ ആശയം മാസികയുടേതോ എഡിറ്ററുടേതോ ആവണമെന്നില്ല. മാസികയിലുള്ള രചനകളിലെ ആശയങ്ങളുടെ ഉത്തരവാദിത്വം ലേഖകരുടേതു മാത്രമായിരിക്കും.

**എഡിറ്റർ**



**ടോം ജോർജ്ജ്**
**9447657024**

# മനുവിന്റെ ആപ്പിൾജ്യൂസ്

ഉന്നത ഉദ്യോഗസ്ഥനായ രവിശങ്കർ പ്രസാദ് ജില്ലാ ആശുപത്രിയിൽ ഒരു ബൈ സ്റ്റാൻഡറിനെ പോലെ നിൽക്കുകയായിരുന്നു. മുതിർന്ന ഐ.എ.എസ് ഉദ്യോഗസ്ഥനായ അദ്ദേഹം തന്റെ ഡ്രൈവറിന് അപകടത്തിൽ കാലിന് ക്ഷതമേറ്റതിനാൽ കാര്യങ്ങളറിയാനും ആശ്വസിപ്പിക്കാനും വേണ്ടി എത്തിയതായിരുന്നു.

അപ്പോഴാണ് നാലോ അഞ്ചോ വയസ്സുമാത്രം പ്രായമുള്ള ഒരു ബാലനേയും തൂക്കിയെടുത്തുകൊണ്ട് രണ്ട് സ്ത്രീകൾ ഓടിവരുന്നത്. ബാലന്റെ വായിൽ നിന്നും നുരയും പതയുമെല്ലാം വരുന്നുണ്ട്. സ്ത്രീകളാണെങ്കിൽ കരഞ്ഞുകൊണ്ട് എന്തൊക്കെയോ പറയുന്നുണ്ട്. രവിശങ്കർ, ബാലൻ അപസ്മാര രോഗിയാണോ എന്നു ശങ്കിച്ചു. 'വിഷം കഴിച്ചതാണ്' എന്ന് ആരോ പറയുന്നതുകേട്ടു. രവിശങ്കർ കുറച്ചുകൂടി അടുത്തേക്ക് വന്ന് നോക്കി. നല്ല ഓമനത്തമുള്ള ആൺകുട്ടി. ഷർട്ടും ബനിയനുമൊന്നും ഇട്ടിട്ടില്ല. അവന്റെ ബ്രൗൺ നിറത്തിലുള്ള കൊച്ചു ട്രൗസർ മാത്രമാണ് ശരീരത്തിൽ ആകപ്പാടെയുള്ളത്.

കൂടെ വന്ന സ്ത്രീകൾ അണിഞ്ഞിരിക്കുന്നത് വെറും നൈറ്റികളാണ് ! ഉള്ള വസ്ത്രത്തിൽ ഓടിപ്പാഞ്ഞ് വന്നതാണ് പാവങ്ങൾ ! രണ്ടിൽ ഒരു സ്ത്രീ കുട്ടിയുടെ അമ്മയാണെന്ന് കണ്ടാലേ അറിയാം. നഴ്സോ കമ്പൗണ്ടറോ ആരോ വന്ന് ഡോക്ടർമാരുടെ ഡ്യൂട്ടി ടൈം കഴിഞ്ഞെന്നും ഇനിയിവിടെ നിന്നിട്ട് കാര്യമില്ല എന്ന് അറിയിക്കുന്നു.

എല്ലാ പ്രതീക്ഷയും അസ്തമിച്ച പോലെ സ്ത്രീകൾ നെഞ്ചത്തടിച്ചുകരഞ്ഞു. വളരെ തീവ്രമായിട്ടുള്ള നെഞ്ചത്തടിച്ചുകൊണ്ടുള്ള കരച്ചിലിൽ ആശുപത്രി തന്നെ കുറച്ചുനേരത്തേക്ക് നിശ്ചലമായോ എന്ന് തോന്നിപ്പോയി. സല്ലപിച്ചുകൊണ്ടിരുന്നവർ സല്ലാപം നിർത്തി. മൊബൈലിൽ കളിച്ചുകൊണ്ടിരുന്നവർ കളി നിർത്തി. എഫ്. എം. റേഡിയോ പാട്ടു കേട്ടിരുന്നവർ അത് നിർത്തി. തീരെ പൊടി കുഞ്ഞുങ്ങൾ പോലും ഭയത്താലും ആകാംക്ഷയാലും തല ഉയർത്തി നോക്കി. കരളലിയിക്കുന്ന കരച്ചിലായിട്ടും നാടകം കാണും പോലെ നോക്കിനിന്ന ചില നിർവികാര ജീവികളും ആ കൂട്ടത്തിലുണ്ടായിരുന്നു.

രവിശങ്കർ പ്രസാദ് കാഴ്ചക്കാരനായി നിന്നതുമതിയാക്കി മുന്നോട്ടുവന്നു. നഴ്സിനോട് ആംബുലൻസ് ഇല്ലേ എന്നുചോദിച്ചു. രണ്ടെണ്ണം ഓട്ടത്തിനുപോയെന്നും മറ്റൊന്ന് റിപ്പയർ ആണെന്നും നഴ്സ് മറുപടി പറഞ്ഞു. കഷ്ടം തന്നെ ! സർക്കാർ ആശുപത്രിക്ക് ദാരിദ്ര്യം ഒഴിഞ്ഞ നേരമില്ല !

രവിശങ്കർ രണ്ടു സ്ത്രീകളേയും ബാലനേയും കൂടെയുണ്ടായിരുന്ന ഒരു മുതിർന്ന പുരുഷനേയും തന്റെ സ്വന്തം കാറിൽ കയറ്റി നഗരത്തിലെ പ്രശസ്തമായ സ്വകാര്യ ആശുപത്രിയിലേക്ക് കുതിച്ചു. ആ നിമിഷങ്ങളിൽ തന്റെ കാറു പുതുപുത്തനാണ്, വാങ്ങിച്ചിട്ട് രണ്ടു ദിവസമേ ആയിട്ടുള്ളൂ എന്നുള്ള കാര്യങ്ങൾ പോലും രവിശങ്കർ ഓർത്തില്ല.

പ്രൈവറ്റ് ആശുപത്രിയിൽ ചെന്ന് തന്റെ സ്വന്തം കാര്യം പറയും പോലെ കാര്യങ്ങൾ അവതരിപ്പിച്ചു. ബാലനെ അടിയന്തിരമായി ഐ. സി. യു.വിലേക്ക് മാറ്റി. വയറിളക്കാനും മറ്റുമുള്ള മരുന്നുകൾ ഡോക്ടർമാർ തമ്മിൽ ചർച്ച ചെയ്യുന്നതായി തോന്നി. പിറ്റേ ദിവസമാണ് കുട്ടി അപകടനില തരണം ചെയ്തതായി ഡോക്ടർമാർ അറിയിച്ചത്. അതറിഞ്ഞപ്പോൾ അടുത്തുനിന്ന രവിശങ്കറിന്റെ കാലിൽ വീണ് സ്ത്രീകൾ നന്ദി അറിയിച്ചപ്പോൾ അദ്ദേഹത്തിന്റെ കണ്ണു നിറഞ്ഞിരുന്നു. ഇതെങ്ങനെ പറ്റിയെന്ന് അന്വേഷിക്കണമെന്ന് രവിശങ്കർ മനസ്സിലുറച്ചു. ഒരേ കാലയളവിൽ ജോലിക്കു കയറിയ സുഹൃത്തായ ഐ.പി. എസ്. ഉദ്യോഗസ്ഥന്റേയും സഹായം കിട്ടി.

ബാലന്റെ പേര് മനു എന്നാണ്. അവൻ ഒരു ഡേ കെയ ●

റിൽ പോകാറുണ്ട്. അവിടെ തന്നെ എൽ.കെ.ജി യും യു.കെ.ജി.യുമുണ്ട്. മനു യു.കെ.ജിയിലാണ്. അവന് ഡേ കെയറിൽ പോകാൻ വളരെ താൽപര്യമുണ്ട്. അവന് കൂട്ടുകാരുണ്ട്, കളികളുണ്ട്, കളികളിൽ merry-go-round ഉം snake and ladder ഉം അവന് വളരെ ഇഷ്ടമാണ്. മാത്രമല്ല, ആപ്പിൾ ജ്യൂസും. ഒരു ബ്രൗൺ നിറമുള്ള ബോട്ടിലിൽ മഞ്ഞ സ്റ്റിക്കർ ഒട്ടിച്ചിട്ടുണ്ട്. അതിലാണ് അവന് സാധാരണ ആപ്പിൾ ജ്യൂസ് കിട്ടുക. എല്ലാ ദിവസവും കൊടുക്കാറില്ലെങ്കിലും വാർഷികത്തിനും മറ്റു വിശേഷാവസരങ്ങളിലും ജ്യൂസ് കിട്ടുമായിരുന്നു. ഡേ കെയറിന്റെ ഉടമസ്ഥർക്ക് അടുത്ത് ഒരു ജ്യൂസ് കട സ്വന്തമായി ഉള്ളതാണ് അതിനുകാരണം.


ഡേ കെയറിൽ ആയ ആയി ജോലി നോക്കുന്ന സ്ത്രീക്ക് ഒരു അസിസ്റ്റന്റ് ഉണ്ടായിരുന്നു. ഈ അസിസ്റ്റന്റ് ആയ സ്ത്രീക്ക് ഒരു ബംഗാളി യുവാവുമായി ബന്ധമുണ്ടായിരുന്നു. ലഹരിമരുന്നിന് അടിമയായ ആ യുവാവ് അസിസ്റ്റന്റിന്റെ സഹായത്തോടെ ഡേ കെയറിൽ ലഹരി മരുന്ന് ഒളിപ്പിച്ചു വെച്ചിരുന്നു.

ആപ്പിൾ ജ്യൂസിന്റെ കുപ്പിയിലായിരുന്നു ലഹരിമരുന്ന് ദ്രാവകരൂപത്തിൽ സൂക്ഷിച്ചുവച്ചിരുന്നത്. അത് ഒരു സ്പൂൺ എടുത്ത് രാവിലെയും രാത്രിയും അയാൾ അകത്താക്കുമായിരുന്നു.

സംഭവദിവസം ബംഗാളി യുവാവ് രാവിലത്തെ 'ക്വോട്ട' യുമകത്താക്കി കുപ്പി ഭദ്രമായി ഒളിപ്പിച്ചുവെയ്ക്കാൻ പറഞ്ഞ് പോയെങ്കിലും അസിസ്റ്റന്റ് അത് ശ്രദ്ധയില്ലാതെ കുട്ടികളിരുന്ന് കഴിക്കാറുള്ള ടേബിളിന്റെ തൊട്ടടുത്തുള്ള ഒരു തുറന്ന ഷെൽഫിൽ വെച്ചു. മനു ഇത് ആപ്പിൾ ജ്യൂസ് എന്ന് കരുതി ആർത്തിയോടെ എടുത്ത് കുടിക്കുകയും ചെയ്തു ! ഇതായിരുന്നു യഥാർത്ഥത്തിൽ സംഭവിച്ചത്. സംഭവത്തിൽ മേൽ നടപടികളെടുക്കുവാൻ പോലീസുദ്യോഗസ്ഥന് നിർദ്ദേശം നൽകിയ ശേഷം രവിശങ്കർ തന്റെ വീട്ടിലേയ്ക്ക് മടങ്ങി.

വീട്ടിലെത്തി തന്റെ മുറിയിലെത്തിയപ്പോൾ ഭഗവാൻ ശ്രീകൃഷ്ണന്റെ ചിത്രം തന്നെ നോക്കി പുഞ്ചിരിക്കുന്ന പോലെ രവിശങ്കറിന് അനുഭവപ്പെട്ടു. ●





# പ്രത്യുപകാരം

**അരവിന്ദൻ**
9745935385

**ചെ**റുപ്പം മുതലേ കുട്ടിക്ക് കാട് ഒരു ഹരമായിരുന്നു. കാട് ഇരുട്ട് വിതച്ച താഴ്‌വരകളിലൂടെ ഓടിച്ചാടിനടന്ന് കുന്നിന്റെ നെറുകയിൽ എത്താനും അവിടമാകെ ചുറ്റിക്കാണാനും കുട്ടിക്ക് ഇഷ്ടമായിരുന്നു. വൃക്ഷക്കൊമ്പിലിരുന്നു പാട്ടുപാടുന്ന വിവിധ വർണ്ണങ്ങളിലുള്ള കിളികളോട് കുട്ടി സംസാരിക്കും. കാട്ടുമൃഗങ്ങളെ കണ്ടാൽ അവയുടെ മനോഗതി മനസ്സിലാക്കാൻ കുട്ടിയെ അച്ഛൻ പഠിപ്പിച്ചിട്ടുണ്ട്. അതനുസരിച്ച് കുട്ടി പ്രവർത്തിക്കും. ഉപദ്രവകാരികളായ മൃഗങ്ങളിൽ നിന്നു രക്ഷപ്പെടാനും കുട്ടിക്കറിയാം. ഒരു പൂന്തോട്ടത്തിൽ കയറിയ സുഖമാണ് കുട്ടിക്ക് കാട്ടിലെത്തിയാൽ.

ഒരുദിവസം കൂട്ടുകാരോടൊത്ത് അവൻ നായാട്ടിനായി കാട്ടിൽ പോയി. കാട് കുലുക്കിക്കൊണ്ട് കുതിക്കുന്ന വളർത്തുനായയുടെ പിന്നാലെ ഓടിക്കൊണ്ടിരിക്കുന്നതിനിടയിൽ അവൻ അവശനായ ഒരു സിംഹത്തെ കണ്ടു. ഒരു പാറക്കല്ലിൽ കിടന്നിരുന്ന സിംഹം എഴുന്നേൽക്കാൻ ശ്രമിക്കുമ്പോഴെല്ലാം വേദന കൊണ്ട് പുളയുന്നതായി അവനുതോന്നി. വേദന സഹിക്കാൻ കഴിയാതെ അത് കൂടെക്കൂടെ താഴെ വീഴുന്നു... അവൻ സാവധാനം സിംഹത്തിന്റെ അരികിലെത്തി. അതിന്റെ കണ്ണുകൾ നിറഞ്ഞിരിക്കുന്നു. "എനിക്ക് വയ്യ. എന്നെ രക്ഷിക്കൂ" എന്ന് കരഞ്ഞപേക്ഷിക്കുന്ന പോലെ സിംഹം ഞെരങ്ങിക്കൊണ്ടിരുന്നു.

അവൻ സിംഹത്തിന്റെ പുറം തടവിക്കൊണ്ട് അതിന്റെ ശരീരം മുഴുവൻ പരിശോധിക്കാൻ തുടങ്ങി. എന്താണ് സിംഹത്തിനു പറ്റിയിരിക്കുന്നതെന്ന് കണ്ടുപിടിക്കലായിരുന്നു ലക്ഷ്യം. പരിശോധന സിംഹത്തിന്റെ കൈ കാലുകൾ വരെ എത്തിയപ്പോഴാണവന് കാര്യം മനസ്സിലായത്. സിംഹത്തിന്റെ ഒരു കാലിൽ വലിയ ഒരു മുള്ള് തറച്ചിരിക്കുന്നു !! മുള്ളു കയറിയ ഭാഗം പഴുത്തിട്ടുണ്ട്. അവിടം തൊടുമ്പോൾ സിംഹം ഉറക്കെ ശബ്ദമുണ്ടാക്കി കരയുന്നു. അവൻ മുറിയിൽ ഊതിക്കൊടുത്തു. അതിനിടയിൽ അവൻ മുള്ള് വലിച്ചെടുത്തു. മുള്ള് വലിച്ചെടുക്കുമ്പോഴുള്ള വേദന കൊണ്ട് സിംഹം കരഞ്ഞാർത്തു. മുള്ളെടുത്ത് പുറത്തേക്കെറിഞ്ഞപ്പോൾ സിംഹം ആശ്വാസം കൊണ്ട് സന്തോഷത്തോടെ, സ്നേഹത്തോടെ കൈകളിൽ നക്കി.

അവൻ പച്ചമരുന്നുകൾ തിരഞ്ഞുകൊണ്ട് കാട്ടിലേക്കിറങ്ങി. ചില ഔഷധച്ചെടികളുടെ ഇലകളുമായാണവൻ തിരിച്ചുവന്നത്. ആ ഇലകൾ കയ്യിലിട്ടു ഞെരിച്ചെടുത്ത നീര് അവൻ സിംഹത്തിന്റെ മുറിയിലേക്കൊഴിച്ചു... പിറ്റേന്ന് അവൻ ചെന്നത് മുറി കഴുകാനും മുറിയിൽ വെക്കാനുള്ള മരുന്നുകളുമായിട്ടായിരുന്നു. പക്ഷെ സിംഹം അവിടെ ഉണ്ടായിരുന്നില്ല.

കൊല്ലങ്ങൾ അടർന്നുവീണു... അവൻ വളർന്നു. ജീവിക്കാനായി രാജാവിന്റെ പട്ടാളത്തിൽ ചേർന്നു. രാജാവ് ദുഷ്ടനും നിർദ്ദയനും ചൂഷകനുമായിരുന്നു. പ്രജകളെ സംരക്ഷിക്കുന്നതിനുപകരം ഉപദ്രവിക്കാനായിരുന്നു രാജാവിനിഷ്ടം. രാജാവ് പ്രജകളെ അടിമ

കളെപ്പോലെ കണക്കാക്കി. രാജാവിന്റെ തെമ്മാടിത്തരങ്ങൾക്ക് കൂട്ടു നില്ക്കാൻ സൈനികർ നിർബന്ധിതരായി.

സത്യസന്ധനായ, സ്നേഹവത്സലനായ, ആത്മാർത്ഥതയും അനുകമ്പയും കൈമുതലായുള്ള സൈനികന് സഹിച്ചില്ല. അയാൾ രാജാവിന്റെ ആജ്ഞകൾക്കനുസരിച്ച് തുള്ളാൻ തയ്യാറായില്ല. അയാൾ മുറുമുറുത്തു. രാജാവിന്റെ ചെയ്തികളെ ഭയമില്ലാതെ വിമർശിച്ചു.

തന്നെ ധിക്കരിക്കുന്ന സൈനികനെ ജനം സാക്ഷിയായി ശിക്ഷിക്കണമെന്ന് രാജാവ് തീരുമാനിച്ചു. സൈനികനെ പിടിച്ചുകൊണ്ടുവരാൻ രാജാവ് കല്പിച്ചു. കയ്യിലും കാലിലും ചങ്ങലയിട്ടുപൂട്ടി സൈനികനെ തുറങ്കിലടച്ചു.

രാജാവിന്റെ ഹിതത്തിനെതിരെ നിന്നാൽ എന്തുസംഭവിക്കുമെന്ന് ജനങ്ങൾക്കൊരുതാക്കീതാവണമെന്ന് രാജാവ് കരുതി. ശിക്ഷാദിനം നിശ്ചയിച്ച് പെരുമ്പറ കൊട്ടി നാട്ടുകാരെ വിവരം അറിയിക്കാനായി രാജാവ് രാജ്യത്തിന്റെ നാലുഭാഗത്തേക്കും ആളെ വിട്ടു.

മൈതാനത്തിനുമധ്യത്തിൽ, തടിച്ച കമ്പികൾ കൊണ്ടുതീർത്ത കൂട്ടിനുചുറ്റും ജനം ശിക്ഷ കാണാൻ തടിച്ചുകൂടി. എന്താണ് നടക്കാൻ പോകുന്നത് ? ജിജ്ഞാസ നിറഞ്ഞ നിമിഷങ്ങൾ... പെട്ടെന്ന് കൂട്ടിനകത്തേക്ക് സൈനികനെ ഉന്തിക്കയറ്റി വാതിലടച്ചുകുറ്റിയിട്ടു. ജനം നിശ്ചലരായി നോക്കിനിന്നു. എന്താണ് ചെയ്യാൻ പോകുന്നതെന്ന് സൈനികനു മനസ്സിലായില്ല. അയാൾ നാലുപാടും പകച്ചുനോക്കി. അപ്പോഴാണയാൾ കണ്ടത്... കൂട്ടിനകത്ത് ഒരു കൂറ്റൻ സിംഹം ! ദുഷ്ടനായ രാജാവിന്റെ മൃഗീയ വിനോദം... കാട്ടിൽ നിന്ന് എന്തോ എങ്ങിനെയോ പിടിച്ചുകൊണ്ടുവന്ന സിംഹത്തെ ദിവസങ്ങളോളം പട്ടിണിക്കിട്ടിരുന്നു. വിശപ്പ് കൊണ്ട് വെറി പൂണ്ട സിംഹം ആക്രാന്തത്തോടെ സൈനികനെ ആക്രമിക്കുന്നതും കൊല്ലുന്നതും കഷ്ണം കഷ്ണമായി പിച്ചിച്ചീന്തുന്നതും കാണാനായി രാജാവ് പുറത്ത് അലങ്കരിച്ച വേദിയിൽ ഉപവിഷ്ടനായിരുന്നു.

ഇരയെ കണ്ട സിംഹം ആർത്തിയോടെ മുരണ്ടു. എന്നിട്ട സട കുടഞ്ഞെണീറ്റു. നിമിഷങ്ങൾക്കകം അത് സൈനികന്റെയടുത്തേക്ക് ചാടിച്ചീറിയെത്തി. രാജാവ് പൊട്ടിച്ചിരിച്ചു. രാജാവിനെ പ്രീതിപ്പെടുത്താൻ ആശ്രിതരും. നടക്കാൻ പോകുന്ന ക്രൂരകൃത്യം കാണാനാകാതെ ജനം കണ്ണടച്ചു.

പക്ഷെ, എല്ലാവരേയും സ്തബ്ധരാക്കിക്കൊണ്ട് സിംഹം സൈനികനെ ചുറ്റിപ്പറ്റിനിന്നു. കുട്ടിക്കാലത്ത് താൻ രക്ഷിച്ച സിംഹമായിരുന്നു അതെന്ന് സൈനികൻ ഊഹിച്ചു. പ്രത്യുപകാരം ചെയ്ത സന്തോഷത്തോടെ, സംതൃപ്തിയോടെ സിംഹം സൈനികനെ നക്കിയും തുടച്ചും നിന്നപ്പോൾ, അയാൾ സിംഹത്തെ കെട്ടിപ്പിടിച്ചു പുറം തലോടിക്കൊണ്ടിരുന്നു.

*(ഇംഗ്ലീഷിൽ എന്നോ വായിച്ച ഒരു കഥയെ ആസ്പദമാക്കി രചിച്ചത്. സ്നേഹവും സഹായവും ആരിൽ നിന്ന് ലഭിച്ചാലും അത് നന്ദിയോടെ ഓർക്കണം. പ്രത്യുപകാരം ചെയ്യാൻ കിട്ടുന്ന അവസരം പാഴാക്കരുത്. ഇത്രയുമാണ് ഈ കഥ നമ്മെ പഠിപ്പിക്കുന്നത്)*

●

**പി. എൻ. ഗംഗാലക്ഷ്മി**
**9447972209**



# റവ ലഡു

**ആവശ്യമുള്ള സാധനങ്ങൾ**

റവ – 2 കപ്പ്
നാളികേരം ചിരകിയത് – 1 കപ്പ്
പഞ്ചസാര – $1\frac{1}{2}$ കപ്പ്
ഏലക്കായ – 4
അണ്ടിപരിപ്പ്, കിസ്മിസ് – കുറച്ച്
പാൽ – $\frac{1}{2}$ കപ്പ്

**തയ്യാറാക്കേണ്ട വിധം**

ചീനച്ചട്ടിയിൽ നെയ്യൊഴിച്ച് അണ്ടിപ്പരിപ്പും കിസ്മിസും വറുത്തെടുക്കുക. ബാക്കി നെയ്യിൽ റവ റോസ് നിറമാകുന്നതുവരെ വറക്കുക. $1\frac{1}{2}$ കപ്പ് പഞ്ചസാരയും ഏലക്കയും പൊടിച്ചെടുക്കുക. ചൂടുള്ള റവയിൽ പൊടിച്ച പഞ്ചസാരയും വറുത്ത അണ്ടിപ്പരിപ്പും കിസ്മിസ്സും നാളികേരവും ചേർത്ത് പാൽ തളിച്ച് ഉരുട്ടി എടുക്കുക. റവ ലഡു തയ്യാർ.

# പഞ്ചാബി അച്ചാർ

**ആവശ്യമുള്ള സാധനങ്ങൾ**

പച്ചമാങ്ങ – $\frac{1}{2}$ കിലോ
കടുകെണ്ണ – $1\frac{1}{2}$ കപ്പ്
ഉലുവ – 25 ഗ്രാം
പെരുഞ്ചീരകം – 25 ഗ്രാം
കരിഞ്ചീരകം – 1 ടേബിൾ സ്പൂൺ
കുരുമുളക് – 1 ടേബിൾ സ്പൂൺ
മുളകുപൊടി – 20 ഗ്രാം
മഞ്ഞൾ – 1 ടേബിൾ സ്പൂൺ
കായം – 1 കഷ്ണം
ഉപ്പ് – ആവശ്യത്തിന്

**തയ്യാറാക്കേണ്ട വിധം**

$\frac{1}{2}$ കിലോ പച്ചമാങ്ങ കഴുകി തുടച്ച് ഓരോ മാങ്ങയും 8 കഷ്ണങ്ങളായി മുറിയ്ക്കുക. ഉലുവ, പെരുഞ്ചീരകം, കടുക് എന്നിവ ചീനച്ചട്ടിയിലിട്ട് ചൂടാക്കി തരുതരുപ്പായി പൊടിയ്ക്കുക. (കൂടുതൽ പൊടിയരുത്) മാങ്ങാ കഷ്ണങ്ങളും ബാക്കി എല്ലാ ചേരുവകളും $\frac{1}{2}$ കപ്പ് കടുകെണ്ണയും നനവില്ലാത്ത പാത്രത്തിലിട്ട് സ്പൂൺ കൊണ്ട് മിക്സ് ചെയ്തശേഷം കഴുകി ഉണക്കിയ കുപ്പിയിലാക്കി അടച്ചുവെക്കുക. 4 ദിവസത്തിനു ശേഷം ബാക്കിയുള്ള എണ്ണ ഒഴിച്ച് കുപ്പിവായ മൂടിക്കെട്ടി വയ്ക്കുക. രണ്ടാഴ്ചയ്ക്കുശേഷം ഉപയോഗിക്കാം. ഈ അച്ചാർ രണ്ടുവർഷം വരെ കേടുകൂടാതെ ഉപയോഗിക്കാം.

●




സത്യൻ താന്നിപ്പുഴ
0484 2462084

# ഉണക്കമീൻ വില്ക്കപ്പെടും

വർക്കി ചന്തയിൽ ഒരു മുറി വാടകയ്ക്കെടുത്ത് കച്ചവടം തുടങ്ങി. കടയുടെ മുൻവശത്ത് 'ഉണക്കമീൻ വില്ക്കപ്പെടും' എന്ന ബോർഡ് എഴുതി തൂക്കി. നാട്ടിലോ അടുത്ത പരിസരത്തോ വേറെ ഉണക്കമീൻ കച്ചവടസ്ഥാപനം ഉണ്ടായിരുന്നില്ല. വർക്കിക്ക് നല്ല കച്ചവടം കിട്ടി. കച്ചവടത്തിൽ നിന്ന് നല്ല ലാഭവും ലഭിച്ചു.

കച്ചവടം ചെയ്ത് ലാഭമെടുക്കുന്നത് കണ്ടപ്പോൾ നാട്ടിലെ മാത്തപ്പന് അസൂയ തോന്നി. മാത്തപ്പനും മൂന്നു സുഹൃത്തുക്കളും ഒരു ദിവസം ഒത്തുകൂടി. മാത്തപ്പൻ സുഹൃത്തുക്കളോട് പറഞ്ഞു: "ഉണക്കമീൻ കച്ചവടം തുടങ്ങിയാലോ എന്നാലോചിക്കുകയാണ്. വർക്കിക്ക് കച്ചവടത്തിൽ നല്ല ലാഭം കിട്ടുന്നുണ്ട്."

സുഹൃത്ത് പറഞ്ഞു : "ഒരു കടയുള്ളപ്പോൾ രണ്ടാമത് ഒരു കടക്ക് ചാൻസ് ഉണ്ടോ? അതിനുള്ള ചെലവ് കിട്ടുമോ ?"

അതിന് അവർ ഒരു പ്ലാൻ കണ്ടുപിടിച്ചു. മാത്തപ്പൻ ഒരു ദിവസം വർക്കിയുടെ കടയിൽ ചെന്ന് ഉണക്കമീൻ വാങ്ങി. വിശേഷം പറഞ്ഞുനിന്നപ്പോൾ ചോദിച്ചു: "എങ്ങനെ ഈ മീന്റെ നാറ്റം സഹിച്ച് ഇവിടെ കാലത്ത് തുടങ്ങി രാത്രി വരെ ഇരിക്കുന്നു ?"

അടുത്ത ദിവസം മാത്തപ്പന്റെ സുഹൃത്ത് കടയിൽ ചെന്ന് ചോദിച്ചു: "എന്തിനാണ് ഉണക്ക മീൻ വില്ക്കപ്പെടും എന്നു ബോർഡ് വച്ചിരിക്കുന്നത് ? മീൻ വില്ക്കപ്പെടും എന്നു പോരെ ?"

വർക്കി ബോർഡ് മാറ്റി എഴുതിച്ചു. 'മീൻ വില്ക്കപ്പെടും' എന്നാക്കി. കുറച്ചുദിവസം കഴിഞ്ഞപ്പോൾ മാത്തപ്പന്റെ മറ്റൊരു സുഹൃത്ത് കടയിൽ വന്ന് ഉണക്കമീൻ വാങ്ങി. അയാൾ ചോദിച്ചു.

"വില്ക്കപ്പെടും എന്നു പോരെ എന്തിനാണ് മീൻ വില്ക്കപ്പെടും എന്നെഴുതി വച്ചിരിക്കുന്നത്? ഇവിടെ മീനല്ലാതെ മറ്റൊന്നുമില്ലല്ലോ ?"

അതുശരിയാണല്ലോ എന്നുതോന്നി വർക്കിക്ക്. അയാൾ ബോർഡ് 'വില്ക്കപ്പെടും' എന്നാക്കി. പുതിയതായി വരുന്നവർക്ക് ഉണക്കമീൻ കട എവിടെയാണെന്ന് അറിയാൻ കഴിഞ്ഞില്ല. കട കാണാതെ ആവശ്യക്കാർ മീൻ വാങ്ങാതെ പോയി. ഉണക്കമീനിന് ചെലവ് കുറഞ്ഞു. കച്ചവടം നഷ്ടത്തിലായി. വർക്കി കച്ചവടം നിറുത്തി. വീട്ടിൽ കൃഷിപ്പണി തുടങ്ങി.

വർക്കി കച്ചവടം നിറുത്തിയപ്പോൾ മാത്തപ്പൻ ഉണക്കമീൻ കച്ചവടം തുടങ്ങി. 'ആദായവില. ഉണക്കമീൻ വില്ക്കപ്പെടും' എന്ന ബോർഡ് തൂക്കി. കച്ചവടം തകൃതിയായി നടത്തി.

*നാലുപേർ ഒത്തുകൂടിയാൽ ഒരാളെ വിഡ്ഢിയാക്കാൻ കഴിയും.*



ടി. വി. ഹരികുമാർ
കണിച്ചുകുളങ്ങര
9446118387



# ഉറുമ്പുകൾ

ദരിദ്രബാല്യമായിരിക്കണം അയാളെ ഒരു ഉറുമ്പുവിരോധിയാക്കിയത്. കടത്തിണ്ണയിലെ ഉറക്കവും കുപ്പത്തൊട്ടിയിലെ ഭക്ഷണവും. രണ്ടിടത്തും ഉറുമ്പുകൾ അയാളെ ശല്യപ്പെടുത്തി. ആരോടെന്നില്ലാതെ അയാൾ പറയുമായിരുന്നു നശിച്ച ഉറുമ്പുകൾ. നഗരത്തിലെത്തിയ ഒരു സന്തതികളില്ലാത്ത സമ്പന്നൻ കുട്ടിയായിരുന്ന അയാളെ ദത്തുപുത്രനാക്കി. പിന്നെ സുഖസമ്പന്നതയുടെ നാളുകൾ. മനുഷ്യന്റെ തലയിലെഴുത്ത് ആർക്കറിയാം എന്നയാൾ കൂടെ കൂടെ പറയുമായിരുന്നു. തന്റെ രക്ഷകന്റെ മരണശേഷം അളവറ്റ സമ്പത്തിനുടമയായി മാറിയപ്പോൾ വഴിവിട്ട ജീവിതം അയാൾ ആരംഭിച്ചു. കൂടെ വന്നുതാമസിച്ച ഡാൻസ് ബാറിലെ പെണ്ണ് അയാളെ ലഹരി പിടിപ്പിച്ചു. പിന്നെ മക്കളായി. കാലം കടന്നുപോയി. നായ്ക്കൂട്ടിനടുത്ത് കീറപ്പായയിൽ പീളയാലടഞ്ഞ കണ്ണുതുറക്കാനായി കഷ്ടപ്പെടുമ്പോഴൊക്കെ താനെത്രവേഗം വീണ്ടും അനാഥനാക്കപ്പെട്ടന്നയാൾ പുലമ്പിക്കൊണ്ടിരുന്നു. അവിടെ അയാൾക്കായി നല്കിയിരുന്ന പഴകിയ ഭക്ഷണസാധനങ്ങളിൽ ഉറുമ്പ് ശല്യമുണ്ടാക്കി. ഉറുമ്പിനെ പിടിച്ചുകൊല്ലുക അയാൾക്ക് നല്ലൊരു വ്യായാമമായി. ഒടുക്കം അനക്കമില്ലാതെ തറയിൽ കിടന്ന അയാളുടെ അടിമുടി ഉറുമ്പുകൾ സ്വന്തമാക്കി.

**EKA THATHWA
POST BOX NO 70
PALAKKAD - 678001**

■ കഥ



**തുളസി കേരളശ്ശേരി**
**9526144499**

# നൊസ്റ്റാൾജിയ

**ചി**ലപ്പോൾ മനോഹരമായ ഗാനങ്ങൾ പോലും നമുക്ക് അസഹ്യമായി തോന്നാറുണ്ട്. സമയവും സന്ദർഭവും എന്തിനും ബാധകമാണല്ലോ. ഏറ്റവും മധുരമായതെന്തും ആസ്വദിക്കണമെങ്കിൽ അതിനൊരു മനസ്സും സാഹചര്യവും വേണമല്ലോ. തനിക്കേറ്റവും പ്രിയപ്പെട്ട മെലഡി റിങ്ടോണായി വയ്ക്കുമ്പോൾ വിവേക് ഓർത്തത് തിരക്കുകൾ തീർക്കുന്ന അസ്വസ്ഥതകൾക്കിടയിൽ ആ വരികൾ ആശ്വാസം പകരുമെന്നായിരുന്നു. എന്നാൽ ഇപ്പോൾ അവന് അത് കേട്ടുകേട്ട് ശരിക്കും മടുപ്പുതോന്നിത്തുടങ്ങിയിരിക്കുന്നു.

സമയം ഒന്നിനും തികയുന്നില്ലെന്ന പരാതി മറ്റൊരു റിങ്ടോൺ പോലെ അവൻ പാടിക്കൊണ്ടേയിരുന്നു. അതിനിടയിലും നവമാധ്യമങ്ങളിൽ വന്നുനിറയുന്ന ഓണാശംസകൾക്ക് മറുപടി കൊടുക്കാൻ ഇത്തിരി സമയം കണ്ടെത്തുകയായിരുന്നു അവൻ. രാവിലത്തെ ഓട്ടത്തിനിടയിൽ അന്ന് പൂരാടമാണെന്നോ പിറ്റേന്ന് കുട്ടികളുടെ ഓണമായ ഉത്രാടമാണെന്നോ അവൻ മറന്നുപോയിരുന്നു.

നഗരത്തിലെ മാർജിൻ ഫ്രീ മാർക്കറ്റ് ഏറ്റെടുത്തതോടെ വിശേഷദിവസങ്ങളിൽ കൂടുതൽ തിരക്കെന്നതായിരുന്നു അവസ്ഥ. സുഹൃത്തും ഷെയർഹോൾഡറുമായ സജിത്തുമൊത്ത് ഷോപ്പിലേക്ക് പോവുകയായിരുന്നു വിവേക്. രണ്ടുപേരും അവരവരുടെ കാറ് മാറിമാറി എടുക്കും. ഇന്ന് സജിത്തിന്റെ ഊഴമായതോണ്ട് ഡ്രൈവ് ചെയ്യേണ്ട ബാധ്യതയില്ല എന്നതുകൊണ്ടുകൂടിയാണ് അവൻ മെസ്സേജുകളിലൂടേയും പോസ്റ്ററുകളിലൂടേയും ഒന്നോടിനടന്നത്. ഓണം മലയാളിയുടെ ഗൃഹാതുരത്വത്തിന്റെ വർണപ്രതീകമാണല്ലോ. അമ്മയുണ്ടാക്കിയ സദ്യയും പൂക്കളവും വർണ്ണിക്കുന്ന ഓണ ഓർമ്മകൾ എഫ്. ബി.യിൽ പോസ്റ്റുകളായി നിറഞ്ഞിരിക്കുന്നു. അടുത്തിരുന്നു പാടിയിരുന്ന രണ്ടാം മൊബൈലിൽ നിന്ന് ഇപ്പൊ വൈബ്രേഷൻ മാത്രം. അത് ശ്രദ്ധിക്കാതെ വിവേക് പല മുതലാളി പോസ്റ്റുകളിലും കയറിയിറങ്ങി.

ആരോ കുറേ നേരംകൊണ്ട് വിളിക്കുന്നുണ്ടല്ലോ എന്ന സജിയുടെ ചോദ്യത്തിന് “അർജന്റ് കാൾ ആവാൻ വഴിയില്ല, ബിസിനസ് കാളല്ല. മറ്റേ ഫോണാ ശബ്ദിക്കണേ.” എന്നതായിരുന്നു വിവേകിന്റെ മറുപടി. വിവേക് വീണ്ടും പോസ്റ്റുകളിൽ മുങ്ങി.

അപ്പോഴാണ് ഒപ്പം പഠിച്ച രാകേഷിന്റെ ഒരു ഫോട്ടോ കണ്ണിൽ പെട്ടത്. ടിപ്പിക്കൽ മലയാളി വേഷത്തിൽ അവനും അമ്മയും അതിമനോഹരമായിരിക്കുന്നു. കൂടെച്ചേർത്തവരികളിൽ നിറയുന്ന ഓണ ഓർമ്മകൾ ഏറെ ഹൃദ്യം. ഇത്തരത്തിൽ ഒരു പഴയകാലഫോട്ടോ കിട്ടിയിരുന്നേൽ ഒരു കിടുക്കൻ ഓണപോസ്റ്റ് ഇടാമായിരുന്നെന്ന് വിവേക് മോഹിച്ചു. അപ്പോഴാണ് അവന് അനിരുദ്ധനെ ഓർമ്മവന്നത്. ഗൾഫിൽ എൻജിനിയറായ അനിരുദ്ധ് വിവേകിന്റെ അമ്മ അനുജത്തിയുടെ മകനാണ്. പഴയ കുടുംബ ഫോട്ടോകളെല്ലാം സൂക്ഷിച്ചുവയ്ക്കുന്ന ഒരു ഹോബി അവനുണ്ട്. വാട്സ് ആപ്പ് തുറന്ന് അവന് മെസേജ് ഇടുമ്പോൾ പോസ്റ്റിനു വേണ്ടിയാണെന്നും താനും അമ്മയും അച്ഛനുമൊത്തുള്ള നൊസ്റ്റാൾജിക് പടമാണ് വേണ്ടതെന്നും സൂചിപ്പിച്ചു. അപ്പോഴേക്കും വണ്ടി ഷോപ്പിലെത്തിയിരുന്നു.

വിവേകും സജിത്തും പതിവ് തിരക്കുകളിലേക്ക് ഊളിയിട്ടു. ഷോപ്പിലന്ന് വൻ തിരക്കായിരുന്നു. തങ്ങൾ ജീവിച്ചിരിക്കുന്നു എന്നുപോലും ഓർമ്മയില്ലാത്ത വിധം ബിസിനസ് പാച്ചിലുകൾ ! ഉച്ചയ്ക്ക് രണ്ടരയോടെ അടുത്തുള്ള റസ്റ്റോറന്റിൽ ഭക്ഷണത്തിനിരുന്നപ്പോഴാണ് വിവേക് വാട്സ് ആപ്പ് വീണ്ടും പരിശോധിച്ചത്.

അവന്റെ മുഖത്ത് പെട്ടെന്ന് പ്രകാശം പരന്നു. അനിരുദ്ധ് ഫോട്ടോ ഇട്ടിരിക്കുന്നു. അച്ഛനും അമ്മയുമൊത്ത് കുഞ്ഞുവിവേകും അനുജത്തി വനജയും നിൽക്കുന്ന പഴയൊരു ഫോട്ടോ...!

“വാവ് താങ്ക്സ് ടാ റിയലി നൊസ്റ്റാൾജിക്” എന്ന് സ്മൈലിയോടുകൂടി മൊഴിഞ്ഞ് വിവേക് എഫ്. ബി.യിലേക്ക് കയറി. ഫോട്ടോ അപ്ലോഡ് ചെയ്ത് നഷ്ടപ്പെട്ട ഗതകാല മധുരസ്മരണകൾ അയവിറക്കിക്കൊണ്ട് പോസ്റ്റുമിട്ട് ചൈനീസ് നൂഡിൽസ് വിഴുങ്ങി തിരിച്ചു നടന്നു.

വീണ്ടും തിരക്കുകൾ ! ദൈവമേ, സമയവും വേഗത കൂട്ടിവച്ച് പറയാൻ തുടങ്ങിയോ എന്തോ ! പിന്നീട് തിരക്കൊന്ന് കുറഞ്ഞത് രാത്രി എട്ടുമണിക്കാണ്. കിട്ടിയ സമയം വിവേക് തന്റെ പോസ്റ്റിലേക്കോടിക്കയറി. ബ്ലാക് ആൻ വൈറ്റ് ഫോട്ടോയ്ക്കിടയിൽ അനവധി ലൈക്കും കമന്റും വന്നു നിറഞ്ഞത് കണ്ട് അവൻ സന്തോഷിച്ചു. കമന്റുകളിലെ പുകഴ്ത്തലുകൾ വായിച്ചു വായിച്ച് ആത്മരതിയുടെ ഉത്തുംഗ ശൃംഗത്തിലെത്തി നിൽക്കവെയാണ് ബന്ധു പത്മ രാധാകൃഷ്ണന്റെ കമന്റ് കണ്ടത്.

“വിവേക് എങ്ങനുണ്ടിപ്പോ അച്ഛന് ? മോൻ ഇപ്പൊ ഹോസ്പിറ്റലിലാവും ല്ലേ? എന്റെ മനം നിറഞ്ഞ പ്രാർത്ഥനകൾ...!”

പരിഭ്രമത്തോടെ രണ്ടാമത്തെ ഫോൺ തപ്പിയെടുത്തു. ഗോഡ്... പതിനെട്ടു മിസ്കാൾ, അതും വനജയുടെ ! കുറ്റബോധത്തിന്റെ കരിമ്പാമ്പ് ഹൃദയത്തെ ചുറ്റിവരിഞ്ഞ് തലച്ചോറിലേക്ക് കയറിപ്പോയപോലെ...


എത്ര തവണ തിരിച്ചു വിളിച്ചിട്ടും ഫോൺ കിട്ടുന്നില്ല. താനറിയാതെപോയ എന്തപകടമാണ് അച്ഛന് പറ്റീത് ? തുടരെയുള്ള വിളികൾക്കൊടുവിൽ വനജ ഫോണെടുത്തു.

“ഏട്ടാ എല്ലാം കഴിഞ്ഞു. അച്ഛൻ പോയി. ഏട്ടനെ ഒരുപാട് ചോച്ചു... ഞങ്ങൾ ടൗണിൽത്തന്നെയുള്ള അശ്വിനി ഹോസ്പിറ്റലിൽ ഉണ്ട്.”

വിവേകിന് തൊണ്ട വരളുന്നതായി തോന്നി. അകത്തുനിന്നാരോ ക്രൂരനെന്ന് കുറ്റപ്പെടുത്തി ഹൃദയം കത്തിക്കീറും പോലെ... ശ്വാസം കിട്ടാതെ വായുഅറകൾ വലിഞ്ഞുമുറുകും പോലെ... വിയർത്തൊലിച്ച് അവൻ നിലത്തേക്കു വീണു. വീഴുമ്പോൾ ശരീരത്തിന്റെ ഭാരം വല്ലാതെ കൂടിയപോലെ തോന്നിയെങ്കിലും വീണുകഴിഞ്ഞപ്പോൾ അതൊരു തൂവലോളം ഭാരരഹിതമായി വായുവിലൂടെ പറന്നുപൊങ്ങുന്നതായും ദൂരേക്ക് ഒഴുകുന്നതായും വിവേകിനനുഭവപ്പെട്ടു. ദൂരെ... മിനുമിനുത്തൊരു ഷർട്ടിന്റെ തുണി ഓണക്കോടിയായി കൈയ്യിൽ ചേർത്തുപിടിച്ച് “ബാ ഇതെന്റെ കുട്ടന്” എന്ന് കൊഞ്ചും മൊഴിയുമായി അച്ഛൻ നിൽക്കുന്ന ചിത്രം വ്യക്തതയില്ലാത്തതെങ്കിലും അവനെ ഞെട്ടിച്ചുകളഞ്ഞു... ●

■ കവിത

# നിള നിറഞ്ഞൊഴുകി




**ആർ. കെ. വള്ളിച്ചിറ**
**9496161911**


വാഹിനിയൊന്നു നിറഞ്ഞുകാണാൻ
മോഹിച്ചിരുന്ന ജനത്തിനെല്ലാം
കാഹളമൂതും പെരുമഴയിൽ
ദാഹമകറ്റി ജലസമൃദ്ധി.
ഉറ്റവരെല്ലാം മനം നിറഞ്ഞു
നോറ്റൊരാനോമ്പിൻ ഫലമതുപോൽ
വറ്റിവരണ്ട നിളാനദിയും
മുറ്റിനിറഞ്ഞു കവിഞ്ഞൊഴുകി
നാളുകളായി നദിനിറയാൻ
ആളുകളാകെക്കൊതിച്ചിരുന്ന
നിളയിന്നതീവമനോഹരിയായ്
കളകളം പാടിപ്പതഞ്ഞൊഴുകി
വർഷാകരങ്ങൾ നിരന്നുവാനിൽ
വർഷാംബുതൂകിത്തിമർത്തുപെയ്തു
വർഷാഗമത്തിൽ ജനങ്ങളെല്ലാം
ഹർഷപുളകിതരായിടുന്നു.
പുതുയൗവ്വനത്തിൽപ്പുളകിതയായ്
അതിവേഗമങ്ങുഗമിച്ചിടുന്നു.

ഇതുകണ്ടതീവകുരുഹലത്താ-
ലതിമോദമോടെ ജനം തിമർത്തു.
തീരത്തടുക്കും ജനങ്ങളെല്ലാം
കരഘോഷമോടേ ഹർഷാരവങ്ങൾ
തീരങ്ങളെല്ലാമലങ്കരിച്ചു
പരിസരവാസികൾ നൃത്തമാടി.
പ്രീതിയേവർക്കും ജനിക്കുമാറ്
കാതിൽ കളകളഗാനമോതി
വീതിയേറീടും തടിനിയിന്ന്
കാതങ്ങളേറെയായ് സഞ്ചരിപ്പൂ.
പ്രിയതമനേകുവാനുള്ളതോയം
പ്രിയതമയാവോളം സംഭരിച്ച്
പ്രിയതരമായിയിളകിയാടി
പ്രിയയാം നിളയിതാപാഞ്ഞിടുന്നു.

■ കവിത

# പ്രതീക്ഷയുടെ ആവരണവുമായ്




**മായാ വേണു**
**പെരുമ്പാവൂർ**
**9562623688**


നീർതുളുമ്പുന്ന മിഴികളും
ഇടറുന്ന ഗദ്ഗദങ്ങളും
അനുതാപത്തോടെ കാണാനൊ
സമാശ്വാസമേകാനൊ
ആരും തന്നെ ഉണ്ടാവാറില്ല.
വിറയാർന്ന മനസ്സിന്റെ വാതിൽ
തുറക്കാൻ വെമ്പുന്നുവെങ്കിലും
ഒരുമൃതിയായിതീർത്തും അടയുന്നു.
ഈശ്വരചൈതന്യത്തിന്റെ
തേജസ്സ് അപ്രത്യക്ഷമായിരിക്കുന്നു.
കദനത്തിന്റെ കനലെരിയുന്നത്
വ്യക്തമായി കാണുന്നുണ്ട്
ആശോണവർണ്ണത്തിലുള്ള
കനൽക്കൂമ്പാരം ഭംഗിയുള്ളതാണെങ്കിലും
തരുന്നത് ശോകത്തിന്റെ പൊള്ളലാണല്ലോ?
ഈ നാലുചുവരുകൾക്കുള്ളിൽ
ഒരു മൺവിളക്കിന്റെ പ്രകാശം
അരണ്ടുനിൽക്കുന്നു
ഒന്നും പ്രതിഫലിക്കുന്നില്ല.
മൗനനൊമ്പരം ചുടുകാറ്റായി
എന്നെ പൊതിയുന്നു

വിരഹത്തിൻ നോവും
സന്താപനിശ്വാസങ്ങളും
നീയറിയുന്നില്ല.
ഇരുൾ ചില്ലയിലെ കുയിലിന്റെ
പാട്ട്, ശ്രവണേന്ദ്രിയത്തിൽ
സ്പർശനങ്ങളുണർത്തിക്കൊണ്ട്
പ്രതിദ്ധ്വനിക്കുന്നു...
ദുഃഖത്തിന്റെ ചുമടുമായി
വഴിയിൽ തളർന്നുവീണപ്പോൾ
സുഖമെന്ന മരീചിക
കൺമുന്നിൽ വന്ന് പുച്ഛിച്ചുചിരിച്ചു
എന്നിട്ട് പറഞ്ഞു
“ഈ ചുമട് പങ്കുവെക്കാൻ
ഞാനൊരിക്കലും വരില്ല.”
മരീചിക പിന്നെയും അകന്നുമാറി.
ദൈവമെന്നെങ്കിലും ഈ വഴി വരും
എന്നെയും കാണും
എന്റെ ശിരസ്സിൽ കൈവെച്ച്
ക്ലേശങ്ങളൊക്കെയും
മായ്ച്ചുകളയും...

## ■പുസ്തകപരിചയം

അശോകൻ രാജീവം
9447533850



### അരവിന്ദാക്ഷൻ കൊന്നക്കലിന്റെ

# അനുരാഗദീപം

### (കവിതാസമാഹാരം)

പ്രശസ്ത ആംഗലേയ സാഹിത്യകാരൻ ഷെർലക് ഹോംസ് ഒരിക്കൽ പറഞ്ഞിട്ടുണ്ട് - “ഇന്ന് നാം കാണുന്ന എല്ലാം തന്നെ നേരത്തെയുണ്ടായിരുന്നതിന്റെ ആവർത്തനങ്ങളാണ്; സൂര്യനു താഴെ എല്ലാം തന്നെ പ്രകൃതി ഒരു പ്രത്യേക താളത്തിലും ഭാവത്തിലും രൂപത്തിലും അടുക്കും ചിട്ടയുമില്ലാതെ പലയിടത്തായി നിക്ഷേപിച്ചിരുന്ന് - ഈ പ്രസ്താവന കൃത്യമായും തിരഞ്ഞുകണ്ടുപിടിക്കുക മാത്രമാണ് ഏതൊരു കലാകാരനും ചെയ്യേണ്ടതുള്ളൂ. അതിപ്പോൾ ചിത്രകാരനായാലും ശില്പിയായാലും സാഹിത്യകാരനായാലും ഒക്കെ ബാധകമാണ്. ഒരുപക്ഷേ, ഒരു ശില്പിയുടെ ഉൾക്കാഴ്ച പോലെയാവില്ല ഒരു കവിയുടേത് - സാഹിത്യകൃതികളിൽ അല്ലെങ്കിൽ സാഹിത്യരചനയിൽത്തന്നെ ഭാഷയുടെ ഉദാത്തസൗന്ദര്യം അങ്ങേയറ്റം പ്രയോഗിക്കാൻ കഴിയുന്നത് കവികൾക്കായിരിക്കുമെന്ന് തോന്നുന്നു.

പദങ്ങളുടെ ഒഴുക്ക് വളരെ കൃത്യമായി നിയന്ത്രിച്ചുകൊണ്ട്, പറയാനുദ്ദേശിക്കുന്ന വിഷയത്തിൽ അതിഭാവുകത്വം കലർത്താതെ എന്നാൽ ഉൾക്കരുത്തുകൊണ്ട് വായനക്കാരനെ വിസ്മയത്തിന്റെ കൊടുമുടിയിലെത്തിക്കാൻ അരവിന്ദാക്ഷൻ കൊന്നക്കൽ എന്ന കവിക്ക് കഴിഞ്ഞിട്ടുണ്ട് എന്ന് നിസ്സംശയം പറയാം. അദ്ദേഹത്തിന്റെ ഈ കവിതാസമാഹരത്തിന് കൊടുത്തിരിക്കുന്ന പേര് ‘അനുരാഗദീപം’ എന്നാണ്. പേര് സൂചിപ്പിക്കുന്ന കവിത തന്നെയാണ് ആരും ആദ്യം വായിച്ചുപോവുക. ആ ഒരൊറ്റ കവിത മതി വായനക്കാരന് കവിയിലേക്കെത്തുവാൻ.

അനുരാഗത്തിന്റെ മാസ്മരിക ലോകത്തിന് ഒരുപാട് വാതായനങ്ങളുണ്ട്, തീർച്ചയായും ആ ലോകത്ത് കാണാനും ആസ്വദിക്കാനും ഉല്ലസിക്കാനും നിരവധി ഉപായങ്ങളുമുണ്ട്. പക്ഷേ, ഒന്നോർക്കുക ഈ സുന്ദരവേളകളിൽ ഒരിക്കൽ പോലും നമ്മിലെ അനുരാഗദീപം അണയാതെ സൂക്ഷിക്കണം. ഒടുവിൽ കാലം നമ്മെ മാറ്റിമറിക്കുമ്പോൾ അല്ലെങ്കിൽ നമ്മൾ കാലത്തിൽ നിന്ന് അടർന്നുവീഴുമ്പോൾ ഒന്നും അറിയാതെ, പരിഭവം പറയാതെ ശൂന്യതയ്ക്കൊപ്പം നമുക്കുറങ്ങാം എന്ന് സ്വപ്നം കാണുന്ന അതിസുന്ദരമായ കവിതയുടെ മുന്നിലും പിന്നിലുമായി മൊത്തം മുപ്പത്തിയേഴോളം ചെറുകവിതകൾക്കൊണ്ട് ഒരു ദീപസ്തംഭം തീർത്തിരിക്കുകയാണ് കവി - കണ്ണിനും കരളിനും നിറവാകുന്ന ദീപസ്തംഭം.

കൊച്ചു കൊച്ചു കവിതകളാണെങ്കിലും വളരെ ഗഹനമായ തത്വവിചാരങ്ങൾക്കൊണ്ട് സമ്പന്നമാണ് കവിയുടെ ദർശനങ്ങൾ. മുപ്പത്തിമുക്കോടി ദൈവങ്ങളെത്തേടി ഓടിത്തളരുന്ന മനുഷ്യജന്മത്തെ നിശിതമായിത്തന്നെ ശകാരിക്കുന്നു ‘ദൈവങ്ങൾ’ എന്ന കവിതയിൽ. മനുഷ്യന്റെ അന്ധമായ ഈശ്വരവിശ്വാസത്തേയും വിഗ്രഹാരാധനയേയും വർഗ്ഗീയ ചിന്തകളേയും കണക്കറ്റ് കളിയാക്കുന്ന കവി വഴിതെറ്റിയോടുന്ന തത്വ ശാസ്ത്രങ്ങളെ മുട്ടിയുരുമ്മുകയും ചുംബിച്ചുണർത്തുകയും ചെയ്യുന്നുണ്ട്.

പണം ഉണ്ടെങ്കിൽ എല്ലാം ആയി എന്നഹങ്കരിക്കുന്ന മനുഷ്യന്റെ അഹങ്കാരത്തിനിട്ട് നല്ല കൊട്ടു കൊടുക്കുന്നുണ്ട് ‘വില’ എന്ന കവിതയിൽ. എന്തും പണം കൊടുത്ത് വാങ്ങാം എന്ന അഹന്തയോട് പറയുന്നത് കഴിയുമെങ്കിൽ അൽപ്പം ‘അറിവ്’ എവിടെന്നെങ്കിലും വാങ്ങാൻ നോക്കുക എന്നാണ്.

കാലത്തിന്റെ ഗതിവിഗതികൾക്കനുസരിച്ച് തന്റേതായ ഒരു ഇടം ഉണ്ടാക്കിയെടുക്കാൻ ഈ പുതുകവിക്ക് കഴിയുമാറാകട്ടെ എന്നാശംസിക്കുന്നു. ഈ കവിതകളിൽ ജീവന്റെ സ്പന്ദനങ്ങൾ കാണാൻ കഴിയുന്നുണ്ട്. നീട്ടിപരത്തി പറയുവാനല്ല - തനിക്ക് പറയാനുള്ളത് കാച്ചിക്കുറുക്കി അവതരിപ്പിക്കാനാണ് അരവിന്ദാക്ഷൻ ശ്രമിക്കുന്നത്. അത് അഭിനന്ദനീയമാണ്. കടൽജലത്തിന് ഉപ്പുരസം ഉണ്ടോ എന്നറിയാൻ ആ കടൽ മുഴുവൻ കുടിച്ചുവറ്റിക്കണമെന്നില്ലല്ലോ - ആഴമുള്ള ആശയങ്ങൾ കൊണ്ട് സമ്പന്നമാണ് അരവിന്ദാക്ഷൻ കൊന്നക്കലിന്റെ അനുരാഗദീപത്തിലെ കവിതകൾ.

### ടി. വി. ഹരികുമാർ കണിച്ചുകുളങ്ങരയുടെ

# കുഞ്ഞിക്കിളിയുടെ പാട്ട്

### (കുട്ടിക്കവിതകൾ)

ഓരോ മനുഷ്യരിലും എന്നും കഥകൾ കേൾക്കാനിഷ്ടപ്പെടുന്ന, പാട്ടുകൾ കേൾക്കാനിഷ്ടപ്പെടുന്ന ഒരു ബാല്യം ഒളിഞ്ഞുകിടക്കുന്നുണ്ട്. താരാട്ടുപാട്ടുകളിലൂടെ, മുത്തശ്ശിക്കഥകളിലൂടെ ഉത്തരം ആരായുന്ന കടംകഥകളിലൂടെ വളർന്നുവന്ന ഒരു നിഷ്കളങ്ക ബാല്യം ഓർമ്മയിൽ സൂക്ഷിക്കാതെ ഏതൊരു മനുഷ്യനാണ് മനുഷ്യനാകുന്നത്. മുതിർന്നവർ വായിക്കുന്ന കവിതകളോ, കഥകളോ, നോവലുകളോ എഴുതുന്നതിനേക്കാൾ ഒരുപക്ഷേ, അങ്ങേയറ്റത്തെ ക്ഷമയോടും, കയ്യടക്കത്തോടെയും എഴുതേണ്ട ഒന്നാണ് ബാലസാഹിത്യം. അതുകൊണ്ടുതന്നെ ആ ശാഖ കൈകാര്യം ചെയ്യുന്നവർ സാഹിത്യലോകത്ത് വേറിട്ടുനിൽക്കുന്നു.


‘കുഞ്ഞിക്കിളിയുടെ പാട്ട്’ എന്ന ഈ കുട്ടിക്കവിതാ സമാഹാരത്തിൽ ടി. വി. ഹരികുമാർ എന്ന

കവി മേലുദ്ധരിച്ച ആ കയ്യടക്കത്തിൽ അതിജാഗ്രത പുലർത്തിയിരിക്കുന്നതായിക്കാണാം. തന്റെ എഴുത്തുമേശക്കുമുന്നിൽ ഒരു നിഷ്കളങ്ക ബാല്യത്തെ കൗതുകം കൊണ്ടുവിടർന്ന കണ്ണുകളോടെ ചോദ്യങ്ങൾ ചോദിക്കാൻ അനുവദിച്ചുകൊണ്ടാണ് കവി തന്റെ രചന നടത്തിയിരിക്കുന്നത് എന്ന് നമുക്ക് തോന്നിപ്പോകുന്നു.

ഭാരതീയ ഇതിഹാസങ്ങളായ രാമായണം, മഹാഭാരതം, പഞ്ചതന്ത്രം എന്നിവയെപ്പോഴും കുഞ്ഞുങ്ങൾക്ക് മനസ്സിലാകും വിധത്തിൽ ബാലസാഹിത്യങ്ങളായി രൂപപ്പെടുത്തിയിട്ടുണ്ട് നമ്മുടെ സാഹിത്യ മഹാരഥൻമാർ. ആശാനും, ഉള്ളൂരും, വള്ളത്തോളുമെല്ലാം ഭാഷാസാഹിത്യം കൊണ്ട് ഉത്തുംഗ ശൃംഗത്തിൽ വിരാജിക്കുമ്പോഴും കുഞ്ഞുങ്ങൾക്കുവേണ്ടി അവരുടെ ഭാഷയിൽ, അവരുടെ കൗതുകങ്ങളിൽ, അവരുടെ സ്വപ്നങ്ങളിൽ വിടരാൻ പാകത്തിലുള്ള കാവ്യങ്ങളും എഴുതിയിട്ടുണ്ട്.

ടി. വി. ഹരികുമാർ കണിച്ചുകുളങ്ങരയുടെ കുഞ്ഞിക്കിളികൾ പാടുന്നതുകേട്ടാൽ കുഞ്ഞുമനസ്സുകളിൽ ദേശസ്നേഹവും പ്രകൃതിസ്നേഹവും നാമ്പെടുക്കുമെന്നതിൽ സംശയമില്ല. കുഞ്ഞുങ്ങളുമായി ഇഴുകിച്ചേരുന്ന ഒരു അദ്ധ്യാപകനേ അവരുടെ അഭിരുചിക്കനുസരിച്ച് എഴുത്തിനെ പാകപ്പെടുത്താനാവൂ എന്ന് ഇതിലെ കവിതകൾ നമ്മെ പഠിപ്പിക്കുന്നു. നഴ്സറി ക്ലാസ്സുകളിൽ പാഠ്യവിഷയമാക്കാൻ പോലും പ്രാപ്തിയുള്ളവയാണ് ഈ കവിതകൾ. കവിക്ക് എല്ലാവിധ ഭാവുകങ്ങളും നേരുന്നു. ●


**കുഞ്ഞിക്കിളിയുടെ പാട്ട്**
(കുട്ടിക്കവിതകൾ)
ടി. വി. ഹരികുമാർ- കണിച്ചുകുളങ്ങര
9446118387
യെസ് പ്രസ് ബുക്സ്
പേജ് - 50 വില - 50 രൂപ







**അനുരാഗദീപം**
(കവിതാസമാഹാരം)
അരവിന്ദാക്ഷൻ കൊന്നക്കൽ
മയൂരം പബ്ലിക്കേഷൻ, കോഴിക്കോട്
9495954408
പേജ് - 50 വില - 50 രൂപ







ടി. കെ. ഉണ്ണികൃഷ്ണൻ
0491 - 2578098

# മാങ്ങാക്കച്ചവടം

**മേ**നോൻ തോട്ടത്തിലുള്ള മാവുകളുടെ മുകളിലേക്ക് നോക്കി. ചെറിയ ചെറിയ കണ്ണിമാങ്ങകൾ നിറഞ്ഞുനിൽക്കുന്നു. വീട്ടാവശ്യത്തിന് ഒരു മാവൊഴിച്ച് ബാക്കി എല്ലാ മാവിന്റെയും മാങ്ങ വിൽക്കണം. കച്ചവടക്കാർ വന്നു തുടങ്ങിയിരിക്കുന്നു. മൂവാണ്ടനാണ്. അച്ചാറിന് പറ്റിയ മാങ്ങ. നല്ല വില കിട്ടും. തോട്ടത്തിൽ മേനോനെ കണ്ടാവണം അയാളുടെ ഭാര്യ പറഞ്ഞു. "ആർക്ക് വിൽക്കാനാണെങ്കിലും പണം ആദ്യം വാങ്ങണം. കഴിഞ്ഞ വർഷം പോലെയാകരുത്."

ശരിയാണ്. കഴിഞ്ഞ വർഷം വലിയൊരു ചതിയാണ് പറ്റിയത്. അതോർക്കുമ്പോൾ ദേഷ്യം വരും. കഴിഞ്ഞ വർഷം ആദ്യം വന്നത് മുണ്ടൂർകാരൻ ഹംസയാണ്. അപ്പോൾ മാവ് പൂത്തിട്ടുപോലുമില്ലായിരുന്നു. മേനോന് തമാശയാണ് തോന്നിയത്. എന്താ മാവിന്റെ ഇല കണ്ടാണോ മാങ്ങ വാങ്ങുന്നത്.

"അതൊക്കെ പൂക്കൂലോ" ഹംസയുടെ മറുപടി. "എന്നാൽ പൂത്തശേഷം വരിൻ അല്ലാതെ എങ്ങിനെയാ കച്ചോടം നടത്തുക." മേനോന്റെ തീരുമാനത്തിന് മാറ്റമുണ്ടാവില്ലെന്നു മനസ്സിലാക്കിയ ഹംസ പറഞ്ഞു, "എന്നാൽ ഞമ്മള് ഒരു മാസം കഴിഞ്ഞ് വരാം. വേറെ ആർക്കും കൊടുക്കരുത്. ന്റെ മൊബൈൽ നമ്പറ് തരാം. കൊടുക്കാറാകുമ്പോൾ വിളിച്ചാൽ മതി." അയാളുടെ പെരുമാറ്റം കണ്ടപ്പോൾ മര്യാദക്കാരനാണ് എന്ന് മേനോന് തോന്നി.

ഒരു മാസം കഴിഞ്ഞപ്പോൾ മാവുകൾ പൂത്തു. കണ്ണിമാങ്ങകൾ കണ്ടുതുടങ്ങി. കച്ചവടക്കാർ വന്നുതുടങ്ങിയിരിക്കുന്നു. വന്നവരോടൊക്കെ പറഞ്ഞു, ഒരാൾ പറഞ്ഞുവച്ചതാണ്. അങ്ങിനെ ഹംസയെ വിളിച്ചു. പിറ്റേദിവസം തന്നെ അയാൾ വന്നു. മാവുകളുടെ ചുറ്റും അയാൾ പലവട്ടം തലയും പൊക്കി നിന്നു. ഒടുവിൽ വന്നു ചോദിച്ചു. "എന്തു കിട്ടണം ?"

"മുറ്റത്തുനിൽക്കുന്ന മാവിന്റെ മാങ്ങ ഞങ്ങളുടെ ആവശ്യത്തിന് വേണം. ബാക്കി നാല് മാവിന്റേയും കൂടി ആറായിരം ഉറുപ്പിക വേണം. മേനോന്റെ മറുപടിയിൽ അയാളൊന്നു നടുങ്ങി. തല ചൊറിഞ്ഞ് അയാൾ പരുങ്ങി നിന്നു. "ഒരു നാലായിരം ഉറുപ്പിക പോരെ? മാങ്ങ പൊട്ടിക്കാൻ തന്നെ കൂലി എമ്പാടുമാകും. പിന്നെ ഞമ്മക്ക് അരിക്കാശിനു വല്ലതും കിട്ടണ്ടെ ?" അയാളുടെ കുലീനതയും ബഹുമാനവും കണ്ട് അയ്യായിരം ഉറുപ്പികക്ക് കച്ചോടം ഉറപ്പിച്ചു.

അഞ്ഞൂറ് ഉറുപ്പിക അച്ചാരമായി അയാൾ നീട്ടിയപ്പോൾ മേനോൻ വാങ്ങിച്ചില്ല. "എല്ലാം ഒന്നിച്ചുതന്നാൽ മതി പൊട്ടിക്കുമ്പോൾ. നിങ്ങൾ പേടിക്കണ്ട ഒരു വാക്ക് പറഞ്ഞാൽ വാക്കാണ്. ഇനി ഇത് പതിനായിരത്തിന് ചോദിച്ചാലും വേറെയാർക്കും കൊടുക്കില്ല."

"എന്നാ മാങ്ങ ഒന്നു വലുതാകട്ടെ അച്ചാറിന് പാകമാകാൻ ഒരു മാസമെങ്കിലും ആകും" എന്ന് പറഞ്ഞ് അയാൾ ഇറങ്ങുമ്പോൾ മേനോന്റെ ഭാര്യ പറയുന്നതുകേട്ടു

ആറായിരത്തിൽ തന്നെ പിടിക്കാമായിരുന്നു എന്ന്.

ദിവസങ്ങൾ നീങ്ങി മാങ്ങകൾ വലുതായി. നിത്യവും ഒന്നും രണ്ടും കച്ചവടക്കാർ വരും. എല്ലാവരോടും മേനോന് ഒരു മറുപടിയേ ഉണ്ടായിരുന്നുള്ളൂ. വിറ്റിരിക്കുന്നു. ഒരു വാക്കുപറഞ്ഞാൽ അത് പാലിക്കണമല്ലോ. പക്ഷെ അയാൾ വന്നില്ല. പലവട്ടം വിളിച്ചുനോക്കി. മറുപടിയില്ല. മേനോനും ഭാര്യയും അയാളെ പ്രാകിക്കൊണ്ടേയിരുന്നു. ഒടുവിൽ ഭാര്യയുടെ നിർബന്ധപ്രകാരം ഒരു കച്ചവടക്കാരനെ വിളിച്ചു. അയാളുടെ മറുപടി ഇങ്ങനെയായിരുന്നു. "മാങ്ങയെല്ലാം ഉള്ളു ചൊകന്നു ഇനി അച്ചാറിന് പറ്റില്ല." എല്ലാം കൂടി അഞ്ഞൂററുറുപ്പികക്കാ ണേൽ എടുക്കാം. അതിലുംഭേദം പക്ഷികളും അണ്ണാനും തിന്നോട്ടെ എന്നുകരുതി. അടിയിലുള്ളവ തോട്ടി കൊണ്ട് പൊട്ടിച്ച് അയൽവാസികൾക്ക് വിതരണം നടത്തി. മുകളിലുള്ളത് പഴുത്ത് കാറ്റിൽ താഴത്തേക്ക് വീണു. മേനോന്റെ ഭാര്യ പെറുക്കി പച്ചടി വച്ചു സൽക്കാരങ്ങൾ നൽകി. പണിക്കാരത്തിക്കു കൊടുത്തു. ഷുഗർ കൂടുമെന്ന ഭാര്യയുടെ താക്കീതിനെ വകവയ്ക്കാതെ എന്നും മേനോൻ ചെത്തിത്തിന്നു. അപ്പോഴൊന്നും ഹംസയെ ചീത്ത വിളിക്കലിന് കുറവുവന്നില്ല.

ഇപ്പോഴിതാ പുതിയ സീസൺ വന്നു. കണ്ണിമാങ്ങ കുലകുലയായി നിൽക്കുന്നു. കച്ചവടക്കാർ വന്നും പോയുമിരുന്നു. എങ്കിലും കച്ചവടം ഉറച്ചില്ല. പ്രധാന കാരണം കഴിഞ്ഞ കൊല്ലത്തെപ്പോലെ ഒരു ചതിയിൽ കുടുങ്ങാൻ മേനോൻ തയ്യാറല്ല. മുഴുവൻ പണവും മുൻകൂർ ചോദിക്കുമ്പോൾ കച്ചവടക്കാർ പിൻവലിയുന്നു.

അപ്പോഴാണ് ഒരു കൂട്ടുകാരനുമായി ഹംസ വന്നത്. അയാളെ കണ്ട ഉടനെ മേനോന്റെ ഭാവം മാറി. ഒരു കൊല്ലം ഒതുക്കി നിറുത്തിയ ദേഷ്യം പുറത്തുചാടി. അയാൾ ചീറി. "എടോ തനിക്ക് നാണമുണ്ടോ ഇവിടെ വരാൻ ? കഴിഞ്ഞ കൊല്ലം ചതിച്ചത് മതിയായില്ലേ? മനുഷ്യനായാൽ വാക്കിന് ബലം വേണം." അങ്ങിനെ പല അസഭ്യങ്ങളും പുറത്തുവന്നു.

അയാൾ ഒന്നും മറുപടി പറഞ്ഞില്ല. ഒപ്പം വന്ന ആൾ പറഞ്ഞു, "കഴിഞ്ഞതു കഴിഞ്ഞു മേനോനെ ഞങ്ങള് പണം മുഴുവനും ഇപ്പോൾ തരാം."

മേനോന് നിയന്ത്രിക്കാൻ കഴിഞ്ഞില്ല. "കടക്കടാ ഗെയിറ്റിന്റെ പുറത്ത്. നിങ്ങളിനി ഒരു കോടി തന്നാലും എനിക്കിത് വെറുതെ കൊടുക്കേണ്ടിവന്നാലും നിങ്ങൾക്ക് തരില്ല."

ഹംസ ഒന്നും പറയാതെ ഇറങ്ങിനടന്നപ്പോൾ അയാളുടെ ഒപ്പം വന്ന ആൾ താഴ്ന്ന സ്വരത്തിൽ പറഞ്ഞു. "മേനോനെ നിങ്ങളുടെ സ്ഥാനത്ത് നമ്മളായാലും ഇത് തന്നെയാ പറയാ. ചില സമയത്ത് മനുഷ്യൻ ഒന്നിനും പറ്റാതാവും. കഴിഞ്ഞ വർഷം ആ സമയത്താ അവന്റെ പന്ത്രണ്ട് വയസ്സുള്ള ഒരു കുട്ടി ലോറി കയറി മരിച്ചത്. പിന്നെ ഇപ്പഴാ അവൻ ഒന്നു ലവലിൽ വന്നത്."

എല്ലാ അയാൾ വിവരിച്ചപ്പോൾ മേനോനും ഭാര്യക്കും സങ്കടം വന്നു. കാര്യങ്ങളറിയാതെ സത്യമറിയാതെ അയാളെ ചീത്ത വിളിച്ചതിൽ ഖേദം തോന്നി. അയാളോട് ക്ഷമ ചോദിക്കണമെന്നുണ്ടായിരുന്നു. പക്ഷെ അയാൾ ദൂരത്തെത്തിയിരുന്നു. സത്യമറിയാതെ മനുഷ്യർ പലതും വ്യാഖ്യാനിക്കുന്നതും തെറ്റിദ്ധരിക്കുന്നതും വിദ്വേഷം കൊണ്ടും നടക്കുന്നതും തെറ്റാണെന്ന് മേനോൻ പഠിച്ചു. അയാളുടെ കൂട്ടുകാരൻ ഇറങ്ങിപ്പോ കുമ്പോൾ നോക്കിനിൽക്കാനെ കഴിഞ്ഞുള്ളു.

●

**പി. ആർ. ജോസ്**
**ചൊവ്വൂർ, തൃശ്ശൂർ**
**9847946094**

# ഫലിതമേള

1. വികാരിയച്ചൻ ജോസിനോട് : നീ വിവാഹം കഴിച്ച ആ മാസം തന്നെ അപ്പനേയും അമ്മയേയും വീട്ടിൽ നിന്നിറക്കിവിട്ടത് ശരിയായോ ?

ജോസ് : അച്ചൻ തന്നെയല്ലേ പറഞ്ഞത് മകൻ അപ്പനേയും അമ്മയേയും വിട്ട് ഭാര്യയോട് ചേരണമെന്ന് ബൈബിളിലുണ്ടെന്ന്. പിന്നെന്താ ?

2. രോഗി ഡോക്ടറോട് : വയറുവേദനക്കെന്തിനാ ഡോക്ടർ തല സ്കാൻ ചെയ്യാൻ പറഞ്ഞത് ?

ഡോക്ടർ : ഞാൻ പറയുന്നത് നിങ്ങൾക്ക് മനസ്സിലാകുന്നുണ്ടോയെന്നറിയാനാ.

3. ഡോക്ടർ ഗ്രാമീണനായ രോഗിയോട് : രക്തം പരിശോധിക്കുന്നതെന്തിനാണെന്നോ ? കുറവുണ്ടെങ്കിൽ രക്തം കയറ്റാനാ.

രോഗി : അപ്പോൾ മൂത്രം പരിശോധിക്കാൻ പറഞ്ഞതോ?

4. വികാരിയച്ചൻ ലിന്റോവിനോട് : "മുട്ടുവിൻ തറയ്ക്കപ്പെടുമെന്നോ ?" അങ്ങിനെ ബൈബിളിൽ ഇല്ലല്ലോ ?

ലിന്റോ : റോഡിലൂടെ പോകുന്ന പെണ്ണിനെ മുട്ടിയതിന് നാട്ടുകാരാൽ ഞാൻ തറയ്ക്കപ്പെട്ടു അച്ചോ.

5. അച്ഛൻ മകനോട് : കണക്ക് പരീക്ഷയിൽ അമ്പതിൽ പൂജ്യം മാർക്ക് കിട്ടിയ നീ ഒന്നാം സ്ഥാനത്താണെന്നോ? അതെങ്ങിനെ ?

മകൻ : 50ൽ പൂജ്യം ഒന്നാം സ്ഥാനത്താണെന്നാ ടീച്ചർ പറഞ്ഞത്.

6. ഇന്റർവ്യൂവിനെത്തിയ ഉദ്യോഗാർത്ഥിയോട് ഇംഗ്ലീഷിൽ എഴുതിയ പേരുവായിച്ച ഉദ്യോഗസ്ഥൻ : കുട്ടിയുടെ പേര് സാരി എന്നാണോ ?

ഉദ്യോഗാർത്ഥി : അല്ല സർ, ശാരി എന്നാ.

7. എസ്. ഐ. പോലീസുകാരനോട് : ഹെൽമറ്റില്ലാത്ത ബൈക്കുകാരൻ പിഴയടച്ചിട്ടും പിന്നെന്തിനാ അയാളെ തല്ലിയത് ?

പോലീസുകാരൻ : അയാൾ പറയുകയാണ് 'പിഴകളെ' ക്കൊണ്ട് പൊറുതിമുട്ടിയെന്ന്.

●



മെറീന മൈക്കിൾ
കോഴിക്കോട്.
9061998065

## സഹയാത്രികൻ


ഞാനൊന്നുറങ്ങി ഉണർന്നപ്പോൾ
കൺമുന്നിലിതാ സഹയാത്രികൻ
എൻ ജീവിത സഹയാത്രികൻ.
നിർന്നിമേഷനായി എന്നെത്തന്നെ
നോക്കിനിൽക്കും സഹയാത്രികൻ
എൻ ജീവിത സഹയാത്രികൻ.
ഇത് മിഥ്യയോ സത്യമോ എന്തെ-
ന്നറിയാതവൾ പകച്ചിരുന്നുപോയി.
തേജസ്സുറ്റാവദനത്തിൽ നിന്നും
ച്ചിതറിത്തെറിക്കും ചൈതന്യം
അതിജീവ ചൈതന്യം.
പൊടുന്നനെ വാരിപ്പുണർന്നാ-
ജീവന്റെ കയ്യിലവൾ, പറിച്ചാമ്പൽപ്പൂ-
ത്തണ്ടുപോൽ മയങ്ങിവീണു.
ആനന്ദനിർവൃതിയിലവൾ പുലമ്പി-
ക്കൊണ്ടേയിരുന്നു എന്റെ കണ്ണാ
എന്റെ കണ്ണാ എന്റെ കണ്ണായ കണ്ണാ.



മഹർഷി
9495547947

## തൃകാലം

കാലം ഇതുവല്ലാത്ത കാലം
നീയെന്നും ഞാനെന്നും ഭാവം
നീങ്ങിയാലളമുട്ടുന്ന കാലം
നമ്മളെന്നില്ലാത്ത കാലം
ഉയരങ്ങളിൽ നമോവാകം
ഉദ്ദേശങ്ങളിലളിഞ്ഞകാലം
ബന്ധങ്ങൾക്കുബോധമില്ലാകാലം
ബന്ധനം താനേ വരുന്നകാലം
ഉച്ചവരെ കത്തുന്നവെയിൽ
ശേഷം തണുവിന്റെ താളം
മേളങ്ങൾ കിടിലം കൊള്ളുന്നു
മേഘങ്ങളിൽ ഹൃദ്സ്പന്ദനം
നൊമ്പരങ്ങൾക്കുവിടുതി ഇല്ല
ഹൃദയങ്ങൾക്കു സ്പന്ദനം പോരാ
അന്യോന്യം വിട പറയുന്ന കാലം
വിടാതെ പിൻതുടരുന്ന കാലം
ഇടതുവലതുഭേദമില്ലാനിഴലുകൾ
നിഴലുകൾ വിഴുങ്ങുന്നകോലം
രൂപങ്ങളിൽ അഗ്നി പടരുന്നതും
അഗ്നിക്കുൾക്കാമ്പിലെ താപകാലം.



അജയ് ബാലചന്ദ്രൻ
9895659050

## പുതുമ തേടി

പഴമതൻ മടിയിലായ്
എത്രനാളിങ്ങനെ
ചാഞ്ഞിരുന്നീടും നാം
കാണികളായ്?
പുതുമതൻ മഴവില്ലു മാനത്തു
വിരിയുന്നു
മാഞ്ഞിടുംമുമ്പത്
കൈക്കലാക്കാം.
പഴയൊരിളംനീല
മാനത്തിലാണിന്നും
വാർമഴവില്ലിൻ
ചിരിയെന്നാകിലും.
അസ്ഥിരമായൊരാ
സപ്തവർണ്ണങ്ങൾതൻ
മിഴിവിലായ് മിഴികൾ
അകപ്പെടുന്നു.
പുതുതായി കാണുന്ന
കാഴ്ചകൾക്കാധാരം
പണ്ടുമുതൽ വഴികാട്ടും
കൺകൾതന്നെ
ആ നിത്യ സത്യത്തിൻ
സ്മരണമാഞ്ഞീടാതെ
യാത്രയാവാം വീണ്ടും
പുതുമ തേടി.



എം. കെ. ശശിധരൻ
9847838361

## വാർദ്ധക്യപെൻഷൻ

വിഹ്വലവികാരമായെന്നിൽ
നിറയുന്നു, വാർദ്ധക്യപീഡതന്നീദിനങ്ങൾ
ആരും തുണയില്ലാതീ കൊച്ചുവീട്ടിൽ
ഞാനെത്രനാൾ കൂടിയെൻ കർമ്മശേഷി
നിലനിർത്തുവാൻ മാത്രം സംഭവിച്ചീടുവാ-
നെന്നു പ്രതീക്ഷിച്ചുകാത്തിരിക്കാൻ...?
ഇഴഞ്ഞും വലിഞ്ഞും ചെയ്യുന്നതത്യന്താ-
പേക്ഷിതമായുള്ള സന്ധാരണം
വാതിൽ തുറക്കൂ സ്വർഗ്ഗകവാടമേ
സ്വീകരിച്ചീടുകിയേകാകിയെ...
താന്തനായ് തീർന്നു ഇനി വയ്യയെന്റെ
ജീവിതം വീണ്ടെടുത്തീടുവാനായ്
വിധിയുടെ നിർദ്ദയപ്രഖ്യാപനത്താലെ
വർഷങ്ങളേറെയായീ തടവിൽ !

ഭരണസംവിധാനമനുവദിച്ചതിനാൽ
കിട്ടുന്നു മാസം പെൻഷൻ തുക.
തുച്ഛമാവരുമാനം കൊണ്ടുവേണം
ആവശ്യമെല്ലാം സംഗ്രഹിക്കാൻ...
ബുദ്ധിമുട്ടാം പക്ഷേ തീരില്ല പുലിവാ-
ലതിനാലെയാരുമെത്തുകയില്ല.
അയൽവീടുകൾ ചുറ്റുമുണ്ടവ പക്ഷേ
സമ്പന്നർ വാഴുന്ന മന്ദിരങ്ങൾ...
മണ്ണെണ്ണ ബഡ്ജറ്റിലില്ലാത്ത കാരണം
സന്ധ്യ കഴിഞ്ഞാൽ പായിലേയ്ക്ക്...
നിദ്രാവിഹീനമാം രാത്രികഴിഞ്ഞാലും
നേരം പുലർന്നെഴുന്നേൽക്കുകില്ല
വെയിൽ മൂത്തദേഹം ചൂടുപിടിച്ചാ-
ലൊരുവിധം വടികുത്തിയെഴുന്നേറ്റിടും
മുതുക് വളയുന്ന ചുമവന്നു ശ്വാസം
കിട്ടാതെയാർത്തനായ് ദൈവനാമം
നെഞ്ചിൽ സമാശ്വാസമേകിടുന്നു !
മറ്റൊന്നുമില്ലല്ലോയവലംബമായ്...
വാതിൽ തുറക്കൂ... സ്വർഗ്ഗകവാടമെ;
സ്വീകരിച്ചീടുകീയേകാകിയെ...

# അഭിപ്രായങ്ങളും പ്രതികരണങ്ങളും

മുരിങ്ങയേകിയ ജീവജലം (ഏക തത്ത്വ പുസ്തകം 7 ലക്കം 8 പേജ് 41)

പ്രമോദ് മഞ്ചേരിയുടെ ഉല്ലേഖനീയമായ കൃതി ഓർമ്മപ്പെടുത്തിയത് പ്രമോദിന്റെ ഹൃദയ സ്പർശിയായ ഉത്തമ 'ലേഖഥ' (ഏർവാടി ഉന്മാദരോഗ ചികിത്സാസ്ഥലത്തെക്കുറിച്ചുള്ള) 'ആർക്കാണ് ഭ്രാന്ത് ?' എന്നതിനെയാണ് (പുസ്തകം 7 ലക്കം 2 ജനുവരി 2017). തുടർന്ന് ഡോ. മേരി വിതയത്തിലിന്റെ 'ഏർവാടി യാത്ര' (ഏക തത്ത്വ പുസ്തകം 3 ലക്കം 7 ജൂൺ 2013) ഒരിക്കൽക്കൂടി വായിച്ചപ്പോൾ മനോരോഗബാധിതരായി അത്യന്തം ദുരിതമനുഭവിക്കുന്ന നിവാസികളേയും സ്വന്തം ബന്ധുക്കളെത്തന്നെ ഈ നരകത്തിലേക്ക് തള്ളിവിടാൻ നിർബന്ധിതരായ, ഭാഗ്യമറ്റ മനുഷ്യരേയും ഓർമ്മിച്ചുപോയി.

'മുറ്റത്തെ മുല്ലക്ക് മണമില്ല' എന്ന ചൊല്ലിനേയും കസ്തൂരി മാനിനെക്കുറിച്ചുള്ള കഥയും എടുത്തുകാട്ടുന്നത് 'ഇക്കരെനില്ക്കുമ്പോൾ അക്കരെ പച്ച' എന്ന സത്യത്തെയാണ്.

പ്രമോദിന് ഹൃദയത്തിൽ നിന്ന് നന്ദി പ്രകടിപ്പിക്കുന്നു. മുരിങ്ങയുടെ ഗുണങ്ങളെപ്പറ്റി കൂടുതൽ വിവരത്തിന് മണ്ണുത്തി/പീച്ചി കൃഷി ഗവേഷണ കേന്ദ്രത്തിൽ അനേകം വർഷം പ്രവർത്തിച്ച ഒരു സുഹൃത്തിനോട് സംസാരിച്ചു. തികച്ചും അന്ധാളിപ്പിക്കുന്ന അറിവാണ് ലഭിച്ചത് ! മുരിങ്ങയുടെ വിസ്മയിപ്പിക്കുന്ന ഗുണങ്ങളെ വർണ്ണിച്ചുകേട്ടതിനുപുറമെ ഇതിനെക്കുറിച്ചുള്ള അനേകം ലേഖനങ്ങൾ ഇന്റർനെറ്റിൽ സുലഭമാണെന്നും അറിഞ്ഞു. അപ്പോൾ മനസ്സിൽ തോന്നിയതാണ്, ഇന്ന് എല്ലാ വിഷയങ്ങളെക്കുറിച്ചും പലവിധത്തിലും ലേഖനങ്ങളും വർത്തമാനങ്ങളും അടിച്ചുകയറി വരുന്നതിനാൽ ഒന്നിനും തന്നെ ഒരുപക്ഷെ വിലയില്ലാതായിരിക്കുന്നു എന്ന് ! ഇത്രയെളുപ്പത്തിൽ കിട്ടുന്ന വിവരങ്ങളിൽ എത്ര സത്യം എത്ര അതിശയോക്തി എന്നുള്ളത് തീരുമാനിക്കാൻ സാധാരണക്കാർക്ക് അറിവും വിവേചനശക്തിയും ഉണ്ടോ ? ഇത്രയും ഗുണവിശേഷങ്ങൾ നിറഞ്ഞ ഒന്നിനെ അവഗണിക്കുന്നത് കുറ്റമല്ലേ ? ഇതിനെ പ്രചരിപ്പിക്കാൻ കൃഷിവിഭാഗം ശ്രമിക്കേണ്ടതാണ്.

എല്ലാവരും Busy ആയി പരക്കം പായുന്ന ഇന്ന്, മുരിങ്ങ ഇല ഊരാൻ ആർക്കും ക്ഷമയില്ല. പുറമെ ചിലർക്ക് ഇതിന്റെ ചവർപ്പ്/കയ്പ്പ് 'ഇഷ്ടമല്ല'. എന്തുകൊണ്ട് ഗുളിക/സിറപ്പ് ആക്കി കഴിച്ചുകൂടാ? മരുന്നുകൾ ഉണ്ട്. വാതത്തിനും നീരിനും ഉള്ള ഒരു മരുന്ന് (ഗുളിക) Shigru എന്നത് ഹിമാലയൻ ഡ്രഗ്ഗ് കമ്പനി ഇവിടെ ഉണ്ടാക്കുന്നുണ്ട്. ഇത് മുരിങ്ങയുടെ പൂവിൽ നിന്ന് പിഴിഞ്ഞെടുത്ത ഒന്നാണ്. മുരിങ്ങയിൽ ഉപകരിക്കുന്ന iron (ഇരുമ്പ്) ഉണ്ടത്രെ. ഇന്ന് അധികരിച്ചുവരുന്ന 'മടി'യും ഇഷ്ടാനിഷ്ടങ്ങളുടെ പ്രഭാവത്തെയും ആധാരമാക്കി, കുബേരാരാധകരായ ബഹുരാഷ്ട്ര കമ്പനികൾ രാസവസ്തുക്കൾ (Chemicals) അടങ്ങിയ മരുന്നുകൾ ഇറക്കിയിട്ടുണ്ട്. പ്രകൃതിയിൽ നിന്ന് ലഭിക്കുന്ന വസ്തുക്കളെ ദേഹത്തിന് എളുപ്പത്തിൽ ഉൾക്കൊള്ളാൻ കഴിയുന്നതുപോലെ രാസവസ്തുക്കൾ ഗുണം ചെയ്യുന്നില്ല. പുറമെ, അനുസന്ധാനം/ഗവേഷണങ്ങൾ വഴി ലഭിച്ചു എന്ന് വാദിച്ച് ഉണ്ടാക്കുന്ന ഇത്തരം മരുന്നുകൾ വളരെ വിലയേറിയതും ആണ്.

മനുഷ്യന്റെ ആരോഗ്യം നിലനിർത്താൻ ഉപകരിക്കുന്ന Holistic (വിശാല/ദൂര ദൃഷ്ടി വഴിയായ) മാർഗ്ഗത്തിനുപകരം, ഇന്ന് നിലവിൽ ഉള്ളത് ബഹുരാഷ്ട്ര കമ്പനികളുടെ Reductionist ('കാര്യം' നടത്തിച്ചെല്ലുവാൻ ഉള്ള അല്പദൃഷ്ടി!) വഴികളാണ്. ഇത്തരം കാഴ്ചപ്പാടിനെ ഖണ്ഡിച്ചു ലേഖനങ്ങളും ഭാഷണങ്ങളും വഴി Prof. B. M. Hegde യുടെ 'ഒറ്റയാൾ പട' ശ്രമിക്കുന്നുണ്ട് ! Prof. Hegde ബ്രിട്ടണിലെ നാല് പ്രശസ്ത വൈദ്യശാസ്ത്ര സ്ഥാപനം/സർവ്വകലാശാലയിൽ നിന്ന് FRCP (ഉയർന്ന വൈദ്യശാസ്ത്ര ബിരുദം) നേടി, അവിടെ സേവനം നടത്തി, Manipal University യിലെ മുന്നാൾ Vice Chancellor ആണ്. അദ്ദേഹത്തിന്റെ ഉത്തമ ലേഖനങ്ങൾ (പ്രത്യേകിച്ച് പൊതുജനങ്ങളെ കബളിപ്പിച്ചു, ഭയപ്പെടുത്തിയുള്ള കുബേര സേവകരെ എതിർത്തുകൊണ്ടുള്ളവ)Bharatiya Vidya Bhavan ന്റെ Bhavan's Journal ൽ പ്രകാശിതമാക്കുന്നുണ്ട്.

പ്രകൃതിയിൽ നിന്ന് ലഭിക്കുന്നതും അത്യന്തം ഉപയോഗപ്രദവും ആയ വസ്തുക്കളെ അവഗണിച്ച്, ഗുളികകളിലും, മരുന്നിലും, വൈദ്യന്മാരിലും ആശ്രയിക്കുന്നതും, 'പഴഞ്ചൻ' മാർഗ്ഗങ്ങളെ വെടിഞ്ഞു അത്യാധുനിക വഴികളെ സ്വീകരിക്കുന്നതും, 'വിവേക ജീവി' എന്ന് അഭിമാനിക്കുന്ന മനുഷ്യന് ഒട്ടും ഉചിതമല്ല. അറിവുള്ള ചിന്തകരും ബുദ്ധിജീവികളും സാധാരണക്കാരുടെ വാസ്തവ നന്മയ്ക്കായി ഗുണകരവഴികളെ എടുത്തുകാട്ടി പ്രചോദനം നൽകുന്നത് അവരുടെ ഒഴുച്ചുകൂടാത്ത കടമയാണ്. സ്വാർത്ഥപരത വെടിഞ്ഞ്, സുലഭമായ ഇന്നത്തെ സൂചന (Information) കളെ ചലിച്ചെടുത്ത്, ഉപയോഗപ്രദമായവയെ പ്രചരിപ്പിച്ച് മാർഗ്ഗദർശനം നൽകേണ്ടത് അത്യാവശ്യമല്ലേ? ചിന്തിക്കുക ! ഉണരുക ! പ്രവർത്തിക്കുക !

ബോട്ടണിയിൽ പ്രവണതയും അറിവും നേടിയ ഏക തത്ത്വ കുടുംബാംഗം വിജയകുമാരനിൽ നിന്ന് കൂടുതൽ വിവരങ്ങൾ പ്രതീക്ഷിക്കുന്നു... കണ്ണുകൾ ഉണ്ടായിട്ടും ധൃതരാഷ്ട്രരെ പോലെ അന്ധത സ്വീകരിച്ച് ജീവൻ നയിക്കാൻ,

പുരാണകാലത്തെ രാജവംശക്കാർക്ക് ഒരുപക്ഷെ വിരോധമുണ്ടായിരുന്നില്ലായിരിക്കാം. പക്ഷെ കണ്ണും അറിവും ഉണ്ടായിട്ടും, വാസ്തവത്തിൽ ഗുണകരമായ വിധങ്ങളേയും വസ്തുക്കളേയും അവഗണിച്ചു, കേവലം ഇഷ്ടാനിഷ്ടങ്ങളും വായിന്റെ സ്വാദും ആധാരമാക്കിയാൽ 'ഗാന്ധാരി വിലാപ'മല്ല മനുഷ്യവിലാപം തന്നെ സൃഷ്ടിക്കുകയില്ലെ ? തൂലിക വഴി ഏക തത്ത്വയിലൂടെ ജനനന്മപ്രവാഹം പ്രതീക്ഷിക്കുന്നു !

എം. എം. മേനോൻ
0491 6451469

**മറുപടി**

നിരവധി ഉത്സവങ്ങൾ, അവധി ദിനങ്ങൾ, ശക്തിയായ മഴ, പിന്നെ ജി.എസ്.ടി. മൂലം ഉണ്ടായ പേപ്പർ ക്ഷാമം, ടാക്സ് സൃഷ്ടിച്ച വില വർദ്ധന എല്ലാം കൂടിയായപ്പോൾ ഏക തത്ത്വയുടെ സപ്തംബർ ലക്കത്തെ ചെറുതായിട്ടൊന്നു ബാധിച്ചു. അതിനാലാണ് കോപ്പികൾ അയക്കാൻ വൈകിയത്. വൈകിയാണെങ്കിലും സപ്തംബർ ലക്കം എല്ലാവർക്കും കിട്ടിക്കാണും, കിട്ടും. വായിച്ച് പതിവുപോലെ അഭിപ്രായങ്ങളും പ്രതികരണങ്ങളും അറിയിക്കുക. മാസിക പതിവായി ഇറങ്ങുമ്പോൾ ലഭിക്കാറുള്ള ഫോൺ കോളുകളെക്കാൾ ഈ സന്ദർഭത്തിൽ ഫോൺ കോളുകൾ ഏക തത്ത്വയ്ക്കെത്തി എന്നത് എത്ര മാത്രം ഓരോരുത്തരും ഏക തത്ത്വയെ സ്നേഹിക്കുന്നു, നോക്കിക്കാണുന്നു എന്നതിന് തെളിവാണ്. സന്തോഷം. ഒരുപാട് പണിപ്പെട്ടിട്ടാണെങ്കിലും ഓരോ തവണയും മാസിക പ്രസിദ്ധീകരിക്കാനുള്ള ശക്തിയും പ്രചോദനവും വായനക്കാരാണ്. ഒപ്പം വരിസംഖ്യയ്ക്ക് പുറമെ വൻ സാമ്പത്തിക സഹായം നല്കിവരുന്ന പേരെടുത്ത് പറയാൻ അനുവാദമില്ലെങ്കിലും ആ മഹത് വ്യക്തിക്കും പരസ്യം നല്കുന്നവർക്കും ഒരുപാട് നന്ദി വാക്കുകൾക്കുമപ്പുറം നന്ദി.

എഡിറ്റർ

# അനുഭവങ്ങളിലൂടെ... വായനയിലൂടെ...

**പി. എം. ശശിധരൻ**
**9745228779**

ഇതൊക്കെ എവിടന്ന് കിട്ടുന്നു എന്ന ഭാസി സാറിന്റെ ചോദ്യം കേട്ടപ്പോഴാണ് അക്കാര്യത്തെക്കുറിച്ച് വിശകലനം ചെയ്യാൻ തോന്നിയത്. കാറ്ററിംഗ് സംസ്കാരം വരുന്നതിന് മുമ്പ് കല്യാണ സദ്യകൾ ഒരുക്കിയിരുന്നത് നാട്ടുകാർ തന്നെയായിരുന്നു. ഒരു പ്രൊഫഷണൽ പാചകക്കാരൻ ഉണ്ടാവും സഹായിക്കാൻ നാട്ടിലെ ചെറുപ്പക്കാരും.

ജോലിഭാരം കുറയ്ക്കാൻ കാരണവന്മാർ ചുറ്റുമിരുന്ന് രസകരമായ സംഭവങ്ങളും കഥകളും കളിയാക്കലുമായി രംഗം കൊഴുപ്പിക്കും. ഒരുക്കങ്ങളിൽ ശ്രമകരമായ ഐറ്റം നാളികേരം പാകപ്പെടുത്തലാണ്. 500 പേരുടെ സദ്യയ്ക്ക് ഏകദേശം 100 നാളികേരം എന്നാണ് കണക്ക്. അനായാസമായി നാളികേരപ്പണി തീരുന്നതുവരെ കഥകൾ തുടരും. ഈ കഥകളിൽ ധാരാളം നാട്ടറിവുകളും ഉണ്ടാവും. ഇങ്ങനെ വീണുകിട്ടുന്ന നാട്ടറിവുകൾ മനസ്സിൽ നിന്നുപോവില്ല.

ഉദാഹരണത്തിനായി നടന്ന ഒരു സംഭവത്തെക്കുറിച്ചുള്ള കഥ പറയാം. സ്ഥലത്തെ പ്രധാന നായാട്ടുകാരനായ പൊന്നുമണി ഏട്ടൻ കൂട്ടുകാരുമായി കല്ലടിക്കോടൻ മലയിൽ നായാട്ടിനു പോയി. സംഭവം നടന്നത് അറുപതുകളുടെ തുടക്കത്തിലാണ്. അന്ന് നായാട്ടിന് നിരോധനമില്ല. ഒരു പുലിയെക്കണ്ട് കൂട്ടുകാരൻ വെടിയുതിർത്തു. വെടി കൊണ്ടെങ്കിലും പുലി ചത്തില്ല. പുലി അദ്ദേഹത്തിന്റെ മേൽ ചാടി വീണു. കയ്യിലുള്ള തോക്ക് തെറിച്ചുപോയി. പുലിയുടെ ആക്രമണത്തിൽ വേദന കൊണ്ട് പുളയുന്നതിനിടയിൽ അദ്ദേഹം വിളിച്ചുപറഞ്ഞു. "ഞാൻ ചത്താലും വേണ്ടില്ല വെടി വയ്ക്ക് പൊന്നുമണീ." ഒരു സെക്കന്റ് പോലും താമസിച്ചില്ല. ഉരുണ്ടുകൊണ്ടിരിക്കുന്ന മനുഷ്യന്റേയും മൃഗത്തിന്റേയും ശരീരത്തിൽ നിന്ന് മൃഗത്തിന് മാത്രം വെടി കൊള്ളിക്കുക എന്ന വൈദഗ്ദ്ധ്യം അവിടെ കണ്ടു. പുലി ചത്തുവീണു. സാരമായ പരിക്കുകളോടെ കൂട്ടുകാരൻ രക്ഷപ്പെട്ടു. ഇപ്പോൾ സ്വർഗ്ഗത്തിലിരിക്കുന്ന മറ്റൊരു നായാട്ടുകാരനായ ശ്രീ. വെള്ളപ്പൻ പറഞ്ഞുതന്നത്, പുലിയെ വെടി വയ്ക്കുമ്പോൾ തലയ്ക്കോ കാലിനോ വയറിനോ വെടി വയ്ക്കരുത്. കഴുത്തിനുതാഴെ രണ്ടുമുൻ കയ്യുകൾക്കിടയിലുള്ള ഹൃദയ ഭാഗത്ത് വെടി കൊള്ളിക്കണം. ആ ഭാഗം തെളിഞ്ഞു കണ്ടില്ലെങ്കിൽ പുലിയെ വെടിവയ്ക്കാൻ ശ്രമിക്കരുത്.

ഈ കഥയ്ക്കൊരു രണ്ടാം ഭാഗമുണ്ട്. ആദ്യത്തെ കഥ വിശ്വസിക്കാത്ത 'പുതുതലമുറയ്ക്കായ്' കഥയുടെ രണ്ടാം ഭാഗം...

എഴുപതുകളുടെ അവസാനത്തിലോ എൺപതിന്റെ തുടക്കത്തിലോ ഒരു പ്രഭാതത്തിൽ പാലക്കാട് നഗരത്തിൽ ഒരു കാട്ടുപോത്ത് വഴിതെറ്റി വന്നു. മലമ്പുഴ കനാൽവരമ്പിലൂടെ കൊട്ടേക്കാട്ട് മുതൽ ഇപ്പോൾ റൈഫിൾക്ലബ്ബ് നില്ക്കുന്ന ജംഗ്ഷൻ വരെ നെട്ടോട്ടമോടിയ പോത്തിന്റെ ആക്രമണത്തിൽ പലർക്കും പരിക്കേറ്റു. ജന്തുസ്നേഹികളേക്കാൾ മനുഷ്യസ്നേഹികൾ ഉള്ള കാലമായിരുന്നതുകൊണ്ട് കാട്ടുപോത്തിനെ വെടിവച്ചുകൊല്ലാൻ കലക്ടറിൽ നിന്ന് അനുമതി കിട്ടി.

പൊന്നുമണി ഏട്ടനെപ്പറ്റി കേട്ടറിഞ്ഞ് ഉയർന്ന പോലീസുദ്യോഗസ്ഥർ അദ്ദേഹത്തെ വിളിച്ചുവരുത്തി. അടുത്തടുത്തായി രണ്ട് പോലീസ് ട്രെയിനിംഗ് ക്യാമ്പുകളും നൂറുകണക്കിന് പോലീസ് തോക്കുകളും ഉണ്ടായിട്ടും എന്തിന്

അദ്ദേഹത്തെ തേടിപ്പോയി എന്ന് ശങ്കിക്കുന്നവർക്കായി പറയാം - ഹാർഡ് ബോർഡിൽ വൃത്തം വരച്ച് അതിൽ വെടിവച്ചു കൊള്ളിക്കുന്നത് പോലല്ല കാട്ടുമൃഗങ്ങളെ വെടിവയ്ക്കുന്നത്.

(ഏക തത്ത്വയിലെ എഴുത്തുകാരും വായനക്കാരുമായ പോലീസ് ഉദ്യോഗസ്ഥർ ക്ഷമിക്കണം. മേലധികാരികൾ അവർക്കൊരു ചാൻസ് കൊടുത്തില്ല എന്നതാവാം ശരി)

പൊന്നുമണി ഏട്ടന് ഒരേ ഒരു ഡിമാന്റ് മാത്രമേ ഉണ്ടായിരുന്നുള്ളു. ഹേമാംബിക നഗർ പോലീസ് സ്റ്റേഷനിൽ സറണ്ടർ ചെയ്തിരിക്കുന്ന തന്റെ ഇരട്ടക്കുഴൽ തോക്ക് കിട്ടണം. എന്നാലേ കാര്യം നടക്കൂ. പോലീസുകാർ തോക്കെത്തിച്ചുകൊടുത്തു. ബാക്കിഭാഗം വർണ്ണിച്ച് സമയം കളയേണ്ടല്ലോ. പിറ്റേന്ന് വന്ന പ്രമുഖ പത്രങ്ങളിൽ മുൻപേജിൽ 6 കോളങ്ങളിലായി പോത്തും പൊന്നുമണി ഏട്ടനും ആയിരുന്നു വിഷയം.

ഇതൊക്കെ എന്തിന് ഇവിടെ പറയുന്നു എന്ന് നെറ്റി ചുളിക്കുന്നവർക്കായി - കമ്പ്യൂട്ടർ ഗ്രാഫിക്ക് വരുന്നതിനുമുമ്പും ഇത്തരം കാര്യങ്ങൾ ഇവിടെ ഉണ്ടായിരുന്നു. ചില നാട്ടറിവുകൾ നെറ്റിൽ നിന്ന് കിട്ടാൻ സാധ്യതയില്ല.

യഥാർത്ഥ സംസ്കാരമെന്നാൽ നഗരങ്ങളിലെ പൊള്ളയായ ജീവിതമല്ല. മറിച്ച് ദൈവത്തിലേക്ക് തിരിയലാണ്. ഇന്ദ്രിയങ്ങളെ നിയന്ത്രിച്ച് ശരീരമെന്ന വീടിന്റെ അധിപനാകലാണ്.


-സ്വാമി വിവേകാനന്ദൻ-

**ഏക തത്ത്വയിലേയ്ക്ക് മികവുറ്റ സൃഷ്ടികൾ അയച്ചുതരിക.**

**വരിസംഖ്യ എടുത്തും വരിസംഖ്യ യഥാസമയം പുതുക്കിയും സഹകരിക്കുക**

**പരസ്യങ്ങളും നല്കാം!**

# യോഗ ക്ലാസ്സ്



**കെ.കേരളദാസനുണ്ണി**
**9495451280**

യോഗ ക്ലാസ്സ് തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ട്. നീ ചേരുന്നോ" പറളി റെയിൽവെ സ്റ്റേഷനിലെ ചാരുബെഞ്ചിൽ കാറ്റും പിടിച്ച് ഇരിക്കുന്ന സമയത്ത് കൂട്ടുകാരൻ അജിതകൃഷ്ണൻ എന്നോടു ചോദിച്ചു.

പൊളിയാൻ തുടങ്ങുന്ന ഏതു കമ്പിനിയിലും ഒരു ഷെയറെങ്കിലും എടുക്കുന്ന യോഗ്യനാണ് ഞാൻ എന്നാണ് സുഹൃത്തുക്കൾ പറയാറ്. ആ സൽപ്പേരിന്ന് കളങ്കം വരുത്തി കൂടാ. കെടക്കട്ടെ ഇതിലും എന്റെ വക എന്തെങ്കിലും. "ശരി" ഞാൻ സമ്മതിച്ചു.

"ഞാനും ഓയിൽ മിൽമേനോനും ഉണ്ട്. ഇപ്പോൾ നീയും ആയി. ഒന്ന് രണ്ട് ആളെകൂടി നമുക്ക് കൂട്ടണം."

പരിപാടി അജിതകൃഷ്ണൻ വിവരിച്ചു. യോഗ പഠിപ്പിക്കാൻ ഒരു ഗുരുവിനെകിട്ടിയിട്ടുണ്ട്. ആഴ്ചയിൽ രണ്ടുക്ലാസ്സ്. ഒരു ക്ലാസ്സിന് ഒരാൾക്ക് 50.00 രൂപ നിരക്കിൽ ഫീസ് കൊടുക്കണം. അഞ്ചാറുപേർ ഉണ്ടെങ്കിൽ അയാൾക്ക് ഒരു വരുമാനമാകും.

"എന്നിട്ട് നമുക്കെന്താ ഗുണം" ഞാൻ ചോദിച്ചു.

"നിനക്ക് ഷുഗറില്ലേ?" കൂട്ടുകാരന്റെ മറുചോദ്യമാണ്. ഉവ്വെന്ന് ഞാൻ തലയാട്ടി.

"കൊളസ്റ്ററോളേ?".

"അതും ഉണ്ട്".

"ബി. പി".

അതായിട്ട് എന്തിനാ കുറവ് വരുത്തുന്നത് എന്നു കരുതി അതും ശകലം സ്റ്റോക്ക് ചെയ്തിട്ടുണ്ട്".

അജിതൻ ചിരിച്ചു.

"എന്നാലേ യോഗ ചെയ്താൽ ഇതൊക്കെ മാറും." .

"അപ്പോൾ മരുന്നോ?"

"കുറേശ്ശയായി അത് നിർത്താം."

ആലോചിച്ചപ്പോൾ സംഗതി നല്ല കാര്യമാണ് എന്ന് ബോദ്ധ്യമായി. ആദ്യം കുറച്ചു ബുദ്ധിമുട്ടണം. എന്നാലും സുഖക്കേട് മാറും, പിന്നെ നാട്ടുകാരെ മുഴുവൻ യോഗ പഠിപ്പിക്കാം. ആർക്കും രോഗം വരാതെ സംരക്ഷിക്കാം.

"നീയെന്താ ഇത്ര ആലോചിക്കുന്നത്?" അജിതൻ ചോദിച്ചു.

"ബാലൻ മാഷെ വിളിച്ചാലോ?" ഞാൻ വിഷയം മാറ്റി.

"അത് നല്ലൊരു ഐഡിയയാണ്."

അജിതൻ ഉടനെമൊബൈലിൽ ബാലൻ മാഷേ വിളിക്കുന്നു. മാഷ് സമ്മതം മൂളുന്നു. സർവതും ശുഭം.

"ക്ലാസ് എവിടെ വെച്ചാ നടത്തുക?".

"അതിനാ പ്രയാസം. ഓയിൽ മില്ലിൽ ഇഷ്ടം പോലെ സ്ഥലമുണ്ട്".

ഒരാഴ്ചയ്ക്കകം ക്ലാസ്സ് തുടങ്ങി. ഭാഗ്യമെന്നേ പറയാവൂ, ഞങ്ങൾ നാലുപേരെ കൂടാതെ ഒരു മനുഷ്യജീവിപോലും യോഗ പഠിക്കാൻ തയ്യാറായി വന്നില്ല.

"നമുക്ക് എല്ലാ ബുധനാ

ഴ്ചകളിലും ശനിയാഴ്ചകളിലും ക്ലാസ്സ് നടത്താം, ആർക്കും അസൗകര്യം ഇല്ലല്ലോ?" ഗുരു ചോദിച്ചു.

നമുക്കെന്ത് അസൗകര്യം. എല്ലാവരും സമ്മതം മൂളി.

ഓഫീസ്റൂമിന്ന് തൊട്ടടുത്ത് ഒരു ഒഴിഞ്ഞ സ്ഥലം ഒരുക്കിയിരുന്നു. ഒരു പച്ചകർട്ടൻ ഇട്ട് ഞങ്ങളുടെ അഭ്യാസം ആരും കാണാത്ത മട്ടിലാക്കി. നിലത്തൊരു പഴയ കർട്ടൻ വിരിച്ച് മുണ്ട് മാടിക്കെട്ടി ഞങ്ങൾ ഇരുന്നു.

"ആദ്യം പതഞ്ജലി മഹർഷിയെ ധ്യാനിച്ച് തുടങ്ങാം". ഗുരു എന്തോ ശ്ലോകം ചൊല്ലി തന്നു. ഞങ്ങൾ ഇഷ്ടാനുസരണം ഭേദഗതി വരുത്തി അത് ഏറ്റുപറഞ്ഞു.

കയ്യും കാലും വളച്ചും തിരിച്ചും എന്തൊക്കേയോ ചെയ്യാൻ ഗുരു കാട്ടി തന്നു. ഞങ്ങളുടെ ശരീരങ്ങൾ അതിൻെറ വികലമായ അനുകരണങ്ങൾ നടത്തി.

"അടുത്ത പ്രാവശ്യം വരുമ്പോൾ പാന്റോ, ബർമുഡയോ കൊണ്ടു വരണം. അതാ സൗകര്യം. ഓരോ പുതപ്പും എടുത്താൽ നന്നായിരിക്കും" ഗുരു ഉപദേശിച്ചു.

ക്ലാസ്സ് കഴിഞ്ഞ് ഞാൻ വീടെത്തി. "നോക്കൂ അടുത്ത ദിവസം പോകുമ്പോൾ എനിക്കൊരു പാൻറ് വേണം കേട്ടോ. പിന്നെ ഒരു പുതപ്പും" ഞാൻ സുന്ദരിയോട് പറഞ്ഞു.

ജോലീന്ന് പിരിഞ്ഞ് വന്നപ്പോൾ എന്താ ചെയ്തത് എന്ന് നിങ്ങൾക്ക് ഓർമ്മയുണ്ടോ. അലമാറയിലെ ഒരു അറ മുഴുവൻ അലക്കി തേച്ച പാൻറ് ഉണ്ടായിരുന്നു. ഇനി മുതൽ എനിക്കിതൊന്നും വേണ്ടാന്നും പറഞ്ഞ് കുഷ്ഠരോഗികൾക്ക് പിരിവിന് വന്നപ്പോൾ അതു മുഴുവൻ എടുത്ത് കൊടുത്തില്ലേ. ഇനി പാൻറ് വേണച്ചാൽ ആദ്യേ തുന്നിക്കണം ".

ഒന്നും പറയാനില്ല. പെൻഷൻ ആയ പിറ്റേന്ന് വീട്ടിലിരിക്കുമ്പോൾ ഉടുക്കാൻ കാവിമുണ്ടുകളും മേത്ത് ഇടാൻ കാവി തോർത്തുകളും വാങ്ങിച്ചു. പുറത്തേക്ക് ഇറങ്ങുമ്പോൾ ഉപയോഗിക്കാനായി നാല് ജോഡി ഖദർ ഷർട്ടുകളും മുണ്ടുകളും. അലമാറയിൽ ഉണ്ടായിരുന്ന പാൻറുകളും ഷർട്ടുകളും ഒഴിവാകുന്നതുവരെ ഒരു അസ്വസ്ഥതയായിരുന്നു.

ആട് കിടന്ന ദിക്കിൽ അതിൻെറ പൂടയെങ്കിലും കാണും എന്ന ചൊല്ല് ശരിയാണെന്ന് തെളിയിച്ചുകൊണ്ട് അലമാറയുടെ അടിയിൽ നിറം മങ്ങി ഉപയോഗിക്കാൻ കൊള്ളാത്ത ഒരു പാൻറ് കിടക്കുന്നത് കണ്ടു. നിധി കിട്ടിയ സന്തോഷത്തോടെ ഞാൻ അതും ഒരു പുതപ്പും കൂടി പൊതിഞ്ഞു കെട്ടി.

ക്ലാസ്സുകൾ കഠിനമൊന്നുമായിരുന്നില്ല. ഗുരു കാണിച്ചു തരുന്ന പലതും ഞങ്ങൾക്ക് ചെയ്യാനാവില്ലെന്നു മാത്രം. ആറ് മണി കഴിഞ്ഞാൽ ആളെ തിന്നുന്ന കൊതുകുകൾ എത്തും. അവ കടിക്കാൻ തുടങ്ങുന്നതോടെ പഠിക്കുന്നതിലുള്ള ശ്രദ്ധ പോകും. അതോടെ ഗുരു ചെറിയൊരു ഇടവേള നൽകും. അന്നത്തെ പത്രവാർത്ത വിശകലനം ചെയ്ത് ഞങ്ങൾ ആ സമയം ചിലവഴിക്കും.

മാസം ഒന്നു കഴിഞ്ഞു. ഇതിനിടെ ഞാനും മേനോനും അജിതനും ഒന്നും രണ്ടും ക്ലാസുകൾ വീതമെങ്കിലും മുടക്കി കഴിഞ്ഞു.

"ഫീസ് കൊടുക്കണ്ടേ?" അജിതൻ ഫോണിൽ ചോദിച്ചു.

"പിന്നല്ലാതെ."

"നീ എത്ര ക്ലാസ്സിന്ന് വന്നില്ല".

"രണ്ട്".

അപ്പോൾ ഫീസോ".

"ഞാൻ വരാത്തത് ഗുരുവിൻെറ തെറ്റല്ലല്ലോ. മുഴുവൻ കാശും കൊടുക്കുന്നതല്ലേ ഭംഗി".

ആ തത്വം അംഗീകരിക്കപ്പെട്ടു. അന്നു വൈകീട്ട് ചക്കച്ചുള പോലെ അമ്പതിൻെറ ഒമ്പത് നോട്ടുകൾ (ആ മാസം ഒമ്പതുക്ലാസ്സ് ഉണ്ടായിരുന്നു) ഞാൻ അജിതനെ ഏൽപ്പിക്കുകയും എല്ലാവരുടേയും ചേർത്തി അയാൾ ഗുരുവിന് നൽകുകയും ചെയ്തു. അദ്ദേഹം അതൊന്ന് എണ്ണി നോക്കുക പോലും ചെയ്യാതെ പോക്കറ്റിലിട്ടു. അതിനിടയ്ക്ക് ഓണം വന്നെത്തി.

"ഖാദിക്ക് റിബേറ്റ് ഉള്ള സമയമാണ്" അജിതൻ പറഞ്ഞു "വലിയ ഒരു പുതപ്പ് വാങ്ങിയാൽ, അത് വിരിച്ച് അതിന്ന് മീതെ നമ്മളുടെ പുതപ്പുകൾ വിരിക്കാം".

പിറ്റേന്ന് ഞാൻ ഖാദിവസ്ത്രാലയത്തിൽ എത്തി. ഉള്ളതിൽ വലിയ പുതപ്പ് വാങ്ങിയപ്പോൾ ഇത് നനയ്ക്കാനും ഉണക്കാനും ഇത്തിരി കഷ്ടപ്പെടും എന്ന് സുന്ദരി അഭിപ്രായം പാസ്സാക്കി.

"അത് സാരമില്ല. നമുക്ക് വല്ലപ്പോഴും വാഷിങ്ങ് മിഷ്യനിൽ ഒന്നിട്ട് അലക്കി എുക്കാം."

"ഈ പൊന്താം പൊതുക്കാം എന്ന സാധനം അതിലിട്ടിട്ട് വേണം അതും കൂടി കേട് വരുത്താൻ."

എങ്കിൽ ഇത് പഴകി കീറും വരെ നനയ്ക്കുന്ന പ്രശ്നമില്ല എന്ന് ഞാനും പ്രതിവചിച്ചു.

അടുത്ത ദിവസം കാറിൻെറ ഡിക്കിയിൽ വെച്ച് പുതപ്പിനെ ഓയിൽ മില്ലിൽ എത്തിച്ചു.

പുതപ്പ് വാങ്ങണം എന്ന് വിചാരിച്ചപ്പോൾ ഇത്ര വലുത് കിട്ടും എന്ന് കരുതിയില്ല എന്നും പറഞ്ഞ് സുഹൃത്തുക്കൾ അത് ഏറ്റു വാങ്ങി.

നാളേറെ കഴിഞ്ഞിട്ടും പഠനത്തിൽ വലിയ പുരോഗതിയൊന്നും ഉണ്ടായില്ല. പലതരം ആസനങ്ങൾ, പ്രാണായാമം എന്നിവയിലൂടെ സൂര്യനമസ്ക്കാരത്തിൽ ഞങ്ങളെത്തി. പഠിച്ചതെല്ലാം അപ്പോൾതന്നെ മറക്കുന്നതിനാൽ എല്ലാ ദിവസവും ഒന്ന് എന്നു തുടങ്ങി ആരംഭിക്കണം.

ഓയിൽ മില്ലിൽ ഒരു വയസ്സൻ നായയുണ്ട്. അത് ഇടയ്ക്ക് പച്ച കർട്ടനിടയിലൂടെ അകത്തേക്ക് എത്തിനോക്കി ഞങ്ങളൊക്കെ മര്യാദക്ക് പഠിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തി തിരിച്ച് പോകും.

അധിക ദിവസവും ക്ലാസ്സ് മുടക്കാറുള്ളത് മേനോനാണ്. ഈ കാര്യത്തിൽ അടുത്ത റാങ്ക് എനിക്കാണ്. ബാലൻ മാസ്റ്റർ കഴിയുന്നതും ക്ലാസ്സ് മുടക്കാറില്ല. പലതവണ നാനൂറും നാനൂറ്റമ്പതും വെച്ച് ഫീസ് കൊടുത്തു. വല്ലതും പഠിച്ചുവോ ഇല്ലയോ എന്നൊരു സംശയം മാത്രം അവശേഷിച്ചു.

ഏറ്റവും നന്നായി പത്മാസനത്തിൽ ഇരിക്കുന്നത് ഞാനാണെന്ന് ഒരു ദിവസം ഗുരു സാക്ഷ്യപ്പെടുത്തി. "നിങ്ങള് ഒന്ന് മനസ്സ് വെച്ചാൽ എളുപ്പം പഠിക്കും" എന്നൊരു പ്രോത്സാഹനവും നൽകി. ആ വാക്കുകൾ എനിക്ക് നൽകിയ ആത്മവിശ്വാസം ചെറുതല്ല. അതായിരിക്കണം അടുത്ത അഞ്ച് ക്ലാസ്സുകൾക്കും ഞാൻ ചെല്ലാതിരിക്കാൻ കാരണം.

"ഇതാ പരിപാടി എങ്കിൽ ഞാൻ ക്ലാസ് നിറുത്തിക്കോള്ളാൻ പറയും" ഒരു ദിവസം അജിതൻ പറഞ്ഞു.

"ഒന്നുകിൽ ക്ലാസ്സിന്ന് മര്യാദയ്ക്ക് വരിക. അല്ലെങ്കിലോ ഇതൊന്നും വേണ്ടാന്ന് വെച്ച് ഒഴിവാക്കുക". അത് ന്യായം. അടുത്ത ക്ലാസിന് എത്താമെന്ന് ഞാൻ ഉറപ്പ് നൽകി.

ബുധനാഴ്ച കൃത്യസമയത്ത് ഞാൻ ക്ലാസ്സിന്ന് എത്തി. ഗുരു കാത്തിരിക്കുന്നു. ബാലൻ മാസ്റ്റർ ലേശം താമസിക്കും എന്ന് വിവരം അറിയിച്ചിട്ടുണ്ട്.

"അപ്പോൾ അജിതനോ."

"അങ്ങേര് വന്നിട്ട് കുറെ ദിവസങ്ങളായി".

മിടുക്കൻ ഞാൻ മനസ്സിലോർത്തു, എന്നിട്ടാണ് എന്നെ ഉപദേശിച്ചത്. ബാലൻ മാഷെത്തി. അന്ന് കൊപ്ര ഉണക്കുന്ന യാർഡിലായിരുന്നു ക്ലാസ്സ്.

"എന്തേ ഇങ്ങോട്ട് മാറ്റീത്" ഞാൻ ചോദിച്ചു .

"ഇവിടെ നാലഞ്ച് ക്ലാസ്സ് നടത്തി കഴിഞ്ഞു. മുറിക്കകത്ത് നല്ല ചൂട്. ഇതാവുമ്പോൾ കാറ്റ് കിട്ടും".

വളരെ നല്ല കാര്യം. കന്നാലിപിള്ളേരെ പോലെ ആകാശത്ത് തെണ്ടിത്തിരിയുന്ന വെൺമേഘങ്ങളെ നോക്കി മലർന്ന് കിടക്കാൻ ബഹുസുഖം. അതിനിടയിൽ അഭ്യാസം ചെയ്യുന്നത് മാത്രമേ മടുപ്പ് തോന്നിച്ചുള്ളു.

മേനോൻ ക്ലാസ്സിന്ന് വരുന്ന പരിപാടി എന്നന്നേക്കുമായി ഉപേക്ഷിച്ചു. മൂപ്പർ കൊട്ടംചുക്കാദി കുഴമ്പ് കാലിൽ പുരട്ടി ചാരുകസേരയിൽ കിടക്കുന്നതാണ് തടിക്ക് നല്ലതെന്ന തീരുമാനത്തിലെത്തി. അജിതൻ വീട്ടിലിരുന്നാലും യോഗയ്ക്ക് വരില്ല എന്ന മട്ടായി. ഇവർക്കൊക്കെ വേണ്ടാത്ത ആരോഗ്യം എനിക്കും വേണ്ടാ എന്ന് ഞാനും വിചാരിച്ചു. ബാലൻ മാസ്റ്റർ കുറെ ദിവസം കൂടി വന്നു. ഒടുവിൽ അങ്ങേർക്കും മടുത്തു.

അടുത്ത മാസം മൂന്നാം തിയ്യതി ഞാൻ മകൻെറ കയ്യിൽ എൻെറ ഫീസ് അജിതൻറെ അടുത്ത് എത്തിച്ചു. പിറ്റേന്നത്തെ ക്ലാസിന്ന് പോകുന്നില്ല എന്ന് മനസ്സിൽ ഉറപ്പിച്ചിരുന്നു. പക്ഷെ അത് നടന്നില്ല.

അടുത്ത ദിവസം രാവിലെ ഹോസ് ഉപയോഗിച്ച് ഞാൻ തെങ്ങ് നനയ്ക്കുകയാണ്. ആ സമയത്ത് ഓയിൽ മില്ലിലെ ജീവനക്കാരനായ ഗോപാലേട്ടൻ ഗെയിറ്റ് കടന്നു വരുന്നു.

"എന്താ ഗോപാലേട്ടാ വിശേഷം?" ഞാൻ അന്വേഷിച്ചു.

യോഗാ ക്ലാസൊക്കെ എന്തായി?" എന്ന മറുചോദ്യമാണ് ഉണ്ടായത്.

ക്ലാസ്സൊക്കെ ശരിക്ക് നടക്കുന്നില്ലേ" എൻെറ അടുത്ത അന്വേഷണം.

"നല്ല ചോദ്യം. നിങ്ങളാരും അങ്ങോട്ട് വരാറില്ല. രണ്ട് പ്രാവശ്യം പഠിപ്പിക്കുന്ന ആള് വന്ന് കാത്തിരുന്ന് ആരേയും കാണാതെ മടങ്ങിപ്പോയി".

"അത് ശരിയായില്ല. ആരെങ്കിലും ഒരാള് ചെന്നാൽ എത്ര നന്നായിരുന്നു".

അതു തന്നെയാണ് അയാളും പറഞ്ഞത്. നിങ്ങളാരും ക്ലാസ്സിന്ന് വരാറില്ല. വന്ന ക്ലാസ്സ് കണക്കാക്കി ഫീസ് കൊടുക്കുകയാണെങ്കിൽ എനിക്ക് മുതലാവില്ല എന്നും പറഞ്ഞ് അയാൾക്ക് ഒഴിയാമായിരുന്നു. ഒരുമടിയും കൂടാതെ നിങ്ങളൊക്കെ പണം കൊടുക്കുന്നതുകൊണ്ട് അത് പറയാനും പറ്റില്ല. വെറുതെ പണം വാങ്ങാൻ അയാൾക്കും മടി തോന്നി തുടങ്ങി".

"ഇനി എന്താ ചെയ്യുക?".

ഇന്ന് വൈകുന്നേരം മില്ലിലേക്ക് ഒന്ന് വരൂ. ഫീസ് കൊടുക്കാനുള്ള പണം പിരിച്ചെടുത്ത് എന്നെ ഏൽപ്പിച്ചിട്ടുണ്ട്. അതൊന്ന് നേരിട്ട് കൊടുക്കണം".

"അപ്പോൾ അവരൊക്കെ".

"ആരും വരില്ല. നിങ്ങളോട് പണം കൊടുക്കാൻ പറയാൻ എന്നെ ഏൽപ്പിച്ചിട്ടുണ്ട്".

"എന്തായാലും ഞാൻ എത്താം" ഞാൻ വാക്ക് കൊടുത്തു.

ഗോപാലേട്ടൻ വരമ്പത്ത് കൂടെ നടന്ന് വളയൻ കുന്ന് കേറി കണ്ണിൽനിന്നും മറഞ്ഞു.

വൈകീട്ട് ഞാൻ നേരത്തെതന്നെ ഓയിൽ മില്ലിലെത്തി. ഗോപാലേട്ടൻ ഫീസ് തുക എന്നെ ഏൽപ്പിച്ചു. ഗുരു എത്തിയിട്ടില്ല. ഞങ്ങൾ രണ്ടാളും നാട്ടുവിശേഷങ്ങൾ പറഞ്ഞ് ഇരുന്നു.

ബസ്സ് വന്ന് സ്റ്റോപ്പിൽ നിന്നു. ഗുരു അതിൽ നിന്നും ഇറങ്ങി വന്നു. ഓഫീസ് റൂമിന്ന് പുറത്തിട്ട കസേലകളിൽ ഞങ്ങൾ ഇരുന്നു. ക്ലാസ്സ് തുടങ്ങുന്നോ എന്നറിയാനായി വയസ്സൻ നായ കർട്ടന്ന് മുന്നിൽ വന്ന് നിൽപ്പുണ്ട്.

"കുറെ ആയി ഇങ്ങോട്ടൊന്നും കാണാറില്ലല്ലോ" ഗുരു സംഭാഷണത്തിന്ന് തുടക്കം കുറിച്ചു.

"ഓരോരോ പ്രാരബ്ധങ്ങള്" ഞാൻ പറഞ്ഞു. "കൽപ്പിച്ചുകുട്ടി മുടക്കുന്നതല്ല ".

"അത് എനിക്കും തോന്നി. നമുക്ക് ഒരു കാര്യം ചെയ്താലോ".

എന്താ ? .

നിങ്ങൾ എല്ലാവരുടേയും തിരക്കൊക്കെ തീർന്നിട്ട് ക്ലാസ്സ് തുടങ്ങിയാൽ പോരെ. എപ്പോൾ വേണമെങ്കിലും വിളിച്ചോളൂ. ഞാൻ എത്താം".

കൂട്ടുകാരോടൊന്നും അഭിപ്രായം ചോദിക്കാൻ ഞാൻ മിനക്കെട്ടില്ല.

"അതു മതി" ഞാൻ പറഞ്ഞു.

പോക്കറ്റിൽ നിന്നും പണം എടുത്ത് ഞാൻ ഗുരുവിന്ന് നീട്ടി.

"ഇതു വേണോ?"

"ഇരിക്കട്ടെ" ഞാൻ പറഞ്ഞു. അദ്ദേഹം അതു വാങ്ങി.

"ഒരു കാര്യം ചെയ്യൂ. നിത്യം പ്രാണായാമം ചെയ്യണം, അതുപോലെ സൂര്യ നമസ്കാരവും. അതോടെ ഒരു വിധം അസുഖങ്ങൾ മാറും".

"ശരി" ഞാൻ ഏറ്റു.

"എന്നാൽ ഇറങ്ങട്ടെ" അദ്ദേഹം ഇറങ്ങിപ്പോയി.

കുറച്ചുനേരം കഴിഞ്ഞ് ഞാൻ എഴുന്നേറ്റു.


"ഇനി പുതപ്പും കളസവും ഒക്കെ ഇവിടെ വെക്കണോ?" ഗോപാലേട്ടൻ ചോദിച്ചു.

"ഇവിടെ വെച്ചാൽ എലി വെട്ടി കേട് വരുത്തും".

"അത് ശരിയാ.. വലിയപുതപ്പ് കൊണ്ടു പോവുന്നില്ല. ബാക്കിയൊക്കെ കൊണ്ടു പോവാം അല്ലേ".

ഗോപാലേട്ടൻ ഒരു കാരീബാഗിൽ എൻെറ സാധനങ്ങൾ വെച്ചു തന്നു. ഞാൻ മൊബൈലിൽ വീട്ടിലേക്ക് വിളിച്ചു. മകനെത്തി. ബാഗുമെടുത്ത് ബൈക്കിൽ കയറി ഞാൻ വീട്ടിലേക്ക് തിരിച്ചു.

(ഇതി യോഗ പുരാണം സമാപ്തം).



സുരേഷ് തെക്കീട്ടിൽ
9446330957

# സ്വരമാറ്റം

**രാ**ത്രി കിടക്കാൻ നേരം ഞാൻ ഭാര്യയോട് പ്രത്യേകം പറഞ്ഞിരുന്നു.

"നോക്ക് പറഞ്ഞില്ലാന്ന് വേണ്ട. കൃത്യം ഏഴ്മണിക്ക് വീട്ടിൽ നിന്നിറങ്ങണം. എന്നാലേ ഒമ്പതര മണിക്ക് അതായത് മുഹൂർത്തത്തിനു മുമ്പ് നമ്മൾ പാലക്കാട് കല്യാണത്തിനെത്തൂ. വെറുതെ തട്ടി തിരിഞ്ഞ് തട്ടി തിരിഞ്ഞ് അങ്ങോട്ടുമിങ്ങോട്ടും നടന്ന് ഇറങ്ങാൻ നേരം വൈകിയാൽ എന്റെ സ്വരം മാറും സ്വഭാവം മാറും."

ഞാൻ അറിയാതെയുറങ്ങിപ്പോയി. ആ ലക്ഷണം കെട്ടവൾ എന്നെ വിളിച്ചതുമില്ല. ചാടി എണീറ്റപ്പോൾ സമയം ആറര കഴിഞ്ഞിരിക്കുന്നു. ഓടി ചെന്ന് നോക്കുമ്പോൾ കുളിമുറിയിൽ വെള്ളം ചൂടാക്കി വെച്ചിട്ടില്ല, തോർത്തില്ല, സോപ്പില്ല, ബ്രഷില്ല, പേസ്റ്റില്ല. എന്റെ ഷർട്ടും മുണ്ടും തേച്ചു വെച്ചിട്ടില്ല കഴിക്കാൻ ഒന്നും എന്തിന് ഒരു കാലിചായ പോലും ഉണ്ടാക്കി വെച്ചിട്ടില്ല. ഞാനന്തം വിട്ടു നോക്കുമ്പോൾ കണ്ടു സിറ്റൗട്ടിൽ അവൾ ഒരുങ്ങി നിൽക്കുന്നു. എന്റെ നേരെ കൈചൂണ്ടി അവൾ പതിവില്ലാത്ത വിധം ഗൗരവത്തിൽ പറഞ്ഞു. കൃത്യം ഏഴ്മണിക്ക് ഇറങ്ങിയാലേ ഒമ്പതര മണിക്ക് മുഹൂർത്തത്തിനു മുമ്പ് നമ്മൾ പാലക്കാട് കല്യാണത്തിനെത്തൂ. വെറുതെ തട്ടി തിരിഞ്ഞ് തട്ടി തിരിഞ്ഞ് അങ്ങോട്ടുമിങ്ങോട്ടും നടന്ന് ഇറങ്ങാൻ നേരം വൈകിയാൽ എന്റെ സ്വരവും മാറും, സ്വഭാവവും മാറും.

# അവസാനകാഴ്ച

ആശുപത്രിയിൽ ശ്വാസം വലിച്ചു കിടക്കുന്ന വല്യമ്മാവനെ കാണാൻ പുലർച്ചേ വീട് പൂട്ടിയിറങ്ങി സ്കൂട്ടർ ചവിട്ടി സ്ററാർട്ടാക്കുമ്പോൾ അയാൾ പറഞ്ഞത് ആരോടെന്നില്ലാതെയാണ്.

നേരവും സമയവും ഒന്നുമുണ്ടായിട്ടില്ല. നൂറുകൂട്ടം പണിയുമുണ്ട് എങ്കിലും പോയല്ലേ പറ്റൂ. ഇനി ഈ ജന്മത്ത് ജീവനോടെ ഒന്നു കാണാൻ പററിയില്ലെങ്കിലോ അതൊരു വലിയ ഖേദമാകും.

അന്നു വൈകീട്ട് സ്കൂട്ടർ ആക്സിഡൻഡിൽ മരിച്ച ദമ്പതികളുടെ ശരീരം കാണാൻ നിർബന്ധപൂർവ്വം ഡിസ്ചാർജ്ജ് വാങ്ങിയാണ് വല്യമ്മാവൻ വന്നത്. വെള്ള പുതപ്പിച്ച ശരീരങ്ങൾക്കടുത്തിരുന്ന് അയാൾ വേദനയോടെ പറഞ്ഞതിങ്ങനെ.

ശരീരം കൊണ്ട് വയ്ച്ചിട്ടില്ല എങ്കിലും വന്നല്ലേ പറ്റൂ ഇല്ലെങ്കിൽ അതൊരു വലിയ ഖേദമാകും. ഇനി എന്റെ കുട്ടികളെ ഈ ജന്മത്ത് കാണാൻ പററില്ലല്ലോ.

**ഏക തത്ത്വ വരിക്കാരാവുക**
**ഒറ്റ പ്രതി – 15 രൂപ**
**ഒരു വർഷത്തേക്ക് – 170 രൂപ**
**രണ്ടു വർഷത്തേക്ക് – 330 രൂപ**
**മൂന്നു വർഷത്തേക്ക് – 500 രൂപ**
**മണിയോഡറായോ ചെക്കായോ ഡിഡിയായോ ഇ-ട്രാസ്ഫറിലൂടേയോ പണമടയ്ക്കാം. വിലാസവും ബാങ്ക് വിവരങ്ങളും ഉള്ളടക്കം പേജ് നോക്കുക.**

# ബൂമറാങ്ങ്

**ചോ:** പ്രേമിച്ച് പ്രേമിച്ച് ഒരു പെൺകുട്ടിയെ എത്രനാൾ ദേവസ്ത്രീയാക്കാൻ പറ്റും ?

വിനോദ് . കെ, കുണ്ടറ.

**ബൂമറാങ്:** വിവാഹിതയാകുന്നതുവരെ.

**ചോ:** ആമയെ മറിച്ചിട്ടാൽ മറിയാമ്മയായി, മറിയാമ്മയെ മറിച്ചിട്ടാൽ ?

രാജീവൻ, കൊയിലാണ്ടി.

**ബൂമറാങ്:** മറിയാമ്മയുടെ കെട്ടിയവൻ എടുത്തിട്ട് തൊഴിക്കും.

**ചോ:** എല്ലാ ആഗസ്റ്റ് മാസം 1 കൗമാരക്കാരുടെ ദിനമായി ആചരിക്കുന്നതിന്റെ രഹസ്യം ?

അഷ്‌റഫ് . കെ, മുക്കം.

**ബൂമറാങ്:** ആഗസ്റ്റ് മാസത്തിൽ എത്തുമെന്ന പ്രതീക്ഷയിലായിരിക്കും.

**ചോ:** പിടക്കോഴിക്കുചുറ്റും പൂവൻകോഴി വട്ടം ചുറ്റുന്നതെന്തിനാണ്?

ഷിബു. കെ. എസ്., മല്ലപ്പള്ളി.

**ബൂമറാങ്:** വളച്ചെടുക്കാൻ.

**ചോ:** ആത്മഹത്യ ചെയ്യാൻ പോകുന്ന പെണ്ണ് പെട്ടെന്ന് തിരിച്ചുവന്നത് എന്തിനായിരിക്കും ?

സതീശൻ പി. എം., കൊയിലാണ്ടി

**ബൂമറാങ്:** പൊട്ടുകുത്താൻ മറന്നുകാണും.

**ചോ:** എന്റെ ഭാര്യ ഒരു കുരിശായിട്ടാ എനിക്ക് അനുഭവപ്പെടുന്നത്. ഞാനെന്തു ചെയ്യണം ?

കെ. രാജൻ, പെരുമ്പാവൂർ.

**ബൂമറാങ്:** തറയ്ക്കാനിട കൊടുക്കാതെ ചുമന്നോ.

**ചോ:** സിന്ധു, ഗംഗ, യമുന, കാവേരി ഇന്ത്യയിലെ നദികൾക്കെല്ലാം സ്ത്രീകളുടെ പേരിടാൻ കാരണമെന്താ ?

പുഷ്പ എം. കെ., ചൊവ്വൂർ

**ബൂമറാങ്:** പുരുഷന്മാരിൽ കുളിശീലം വർദ്ധിപ്പിക്കാൻ.

**ചോ:** തൊണ്ണൂറ്റിയൊൻപത് വയസ്സുള്ള ഒരാൾ ലൈഫ്‌ടൈം വാലിഡിറ്റിയുള്ള സിം കാർഡ് വാങ്ങിയാൽ ?

സരിത രാജപ്പൻ, ഇരിട്ടി

**ബൂമറാങ്** : നെറ്റ് വർക്ക് ജാമാകും.

**ചോ:** പീഡനവിമുക്ത കേരളം സൃഷ്ടിക്കാൻ എന്തു ചെയ്യണം ?

ജിബിൻ തോമസ്, ചേർത്തല.

**ബൂമറാങ്:** ഒന്നും ചെയ്യാതിരുന്നാൽ മതി.

**ചോ:** കണ്ണിൽ നിന്നും വെള്ളം വരുത്താൻ ഗ്ലിസറിനും ഉള്ളിയുമല്ലാത്ത ഒരു സാധനത്തിന്റെ പേര് പറയാമോ ?

സുനിൽ കെ. സി., ജയഗിരി

**ബൂമറാങ്:** ഭാര്യ.

**ചോ:** ചേട്ടന്റെ കഴിവ് ആദ്യമായി തിരിച്ചറിഞ്ഞത് ആരാണ് ?

മുംതാസ്, ആലുവ.

**ബൂമറാങ്:** ചേട്ടത്തി.

**ചോ:** വാസവദത്തയുടെ ചാരിത്ര്യ പ്രസംഗം കേട്ടിട്ടുണ്ടോ ചേട്ടാ ?

ജോൺസൺ, വെള്ളാട്.

**ബൂമറാങ്:** രാഷ്ട്രീയക്കാരുടെ പ്രസംഗം കേൾക്കുന്നുണ്ടല്ലോ.

**ചോ:** ഐസക് ന്യൂട്ടന്റെ തലയിൽ ആപ്പിൾ വീണപ്പോൾ അദ്ദേഹം ആപേക്ഷിക സിദ്ധാന്തം കണ്ടുപിടിച്ചു. ന്യൂട്ടന്റെ തലയിൽ ചക്കയാണ് വീണിരുന്നതെങ്കിലോ?

സുമതി സി. കെ., പാലക്കാട്.

**ബൂമറാങ്:** പ്ലാവിന്റെ ഉടമക്കെതിരെ പോലീസ് കേസ് എടുത്തേനെ.

**ചോ:** ഓരോ തരി മണ്ണും നമുക്ക് ജീവകോശം, ഓരോ തുള്ളി ജലവും നമുക്ക് ജീവരക്തം, ഓരോ തുള്ളി മദ്യവും...?

പി. ആർ. ഗോപി, തലശ്ശേരി.

**ബൂമറാങ്:** നമുക്ക് പേരുദോഷം.

**ചോ:** പൂച്ച മുഖം കഴുകിയാൽ വിരുന്നുകാർ വരുമെന്നാണല്ലോ. അപ്പോൾ പട്ടി മുഖം കഴുകിയാലോ?

രാധിക നായർ, കോഴിക്കോട്.

**ബൂമറാങ്:** ബ്ലേഡുകാരൻ കാശു പിരിക്കാൻ വരും.

**ചോ:** അറിയാത്ത പിള്ളക്ക് ചൊറിയുമ്പം അറിഞ്ഞോളുമെന്നല്ലേ, എന്നിട്ടുമറിഞ്ഞില്ലെങ്കിലോ ?

തങ്കപ്പൻ പി. കെ., വേണ്ടൂർ

**ബൂമറാങ്:** നാട്ടുകാരുകൂടി ചൊറിയും.

**ചോ:** കണ്ട് മുഷിഞ്ഞവനോടേ ഉരുള വാങ്ങാവൂ. അപ്പോൾ കണ്ടും ഉണ്ടും മുഷിഞ്ഞവനോട് എന്തു വാങ്ങണം ?

അഖിൽ കെ., കാർത്തികപ്പള്ളി.

**ബൂമറാങ്:** വാങ്ങണ്ട, അവൻ വിളിച്ചുതന്നോളും.

**ചോ:** ആനക്ക് മദമിളകിയാൽ ചങ്ങലക്കിടാം, പാപ്പാന് മദമിളകിയാലോ?

സി. കെ. നീതു, കോട്ടായി.

**ബൂമറാങ്:** ആന കൈകാര്യം ചെയ്തോളും.

**ചോ:** വർഷത്തിലൊരിക്കൽ പ്രജകളെ കാണാൻ മഹാബലി ഇവിടെ സ്ഥിരതാമസമാക്കിയാൽ എന്താവും സംഭവിക്കുക ?

റെജീന ജോസ്, അമ്പായത്തോട്

**ബൂമറാങ്:** പണ്ട് മൂന്ന് അടിയെങ്കിൽ ഇപ്പോൾ ഒറ്റയടിക്ക് തീർക്കും.

**ചോ:** ഓർമ്മകൾ മധുരിക്കുന്നത് എപ്പോഴാണ് ?

ശ്രീകുമാർ, അരങ്ങം.

**ബൂമറാങ്:** പ്രമേഹരോഗം കൂടുമ്പോൾ.

**ചോ:** തമ്മിൽ ഭേദം തൊമ്മൻ, എന്താണ് തൊമ്മന്റെ പ്രത്യേകത ?

കെ. ശ്രീകല, അടൂർ.

**ബൂമറാങ്:** ചാണ്ടി മുറുകുമ്പോൾ തൊമ്മൻ അയയും.

**ചോ:** പ്രേമിക്കാൻ നൂറ്റിയൊന്ന് വഴികൾ എന്നൊരു പുസ്തകം ഞാനെഴുതി, ചേട്ടനതിന്റെ പ്രകാശനകർമ്മം നിർവ്വഹിച്ചു തരുമോ ?

കെ. അശോകൻ, കരുവഞ്ചാൽ

**ബൂമറാങ്:** നിർവ്വഹിക്കാം പക്ഷെ രക്ഷപ്പെടാനുള്ള വഴികൾകൂടി പുസ്തകത്തിന്റെ അവസാനം എഴുതണം.

**ചോ:** നമ്മുടെ നാട്ടിൽ ലാഭകരമായി തുടങ്ങാൻ പറ്റുന്ന ഒരു ബിസിനസ്സ് പറഞ്ഞുതരാമോ ചേട്ടാ ?

ജോണി എം. സി., തളിപ്പറമ്പ്

**ബൂമറാങ്:** ക്വട്ടേഷൻ ബിസിനസ്.

(തുടരും...)

**നിങ്ങൾക്കും ബൂമറാങ്ങിനോട് ചോദിക്കാം വിലാസം**
**കാരിത്തടം വർക്കി**
**ആലക്കോട് പി. ഒ.,**
**കണ്ണൂർ – 670571.**
**സെൽ : 8281926230**



Printed, Published Edited & Owned by E.T. Muralidharan, Printed at S.K Offset Manali, Palakkad
Published From A-9 New Civil Nagar, Behind Civil Station, Palakkad. Pin: 678 001

# ശ്രീനാരായണ ഗുരുദേവ ജയന്തി ആഘോഷം 2017




*ചേന്തി ശ്രീനാരായണ സാംസ്കാരിക നിലയം ചാരിറ്റബിൾ സൊസൈറ്റിയുടെ ഓണം, അവിട്ടം, 163ാം ശ്രീനാരായണ ഗുരുദേവ ജയന്തി ആഘോഷം ചാരിറ്റബിൾ സൊസൈറ്റിയുടെ വാർഷികം മുൻ മുഖ്യമന്ത്രിയും ഭരണ പരിഷ്കാര കമ്മീഷൻ ചെയർമാനുമായ ശ്രീ. വി. എസ്. അച്യുതാനന്ദൻ ഉദ്ഘാടനം ചെയ്തു. ശ്രീമദ് പ്രകാശാനന്ദ സ്വാമികൾ, മുൻമന്ത്രി ശ്രീ. എം. വിജയകുമാർ, ഡോക്ടർ ഷാജി പ്രഭാകരൻ, ശ്രീ ചേന്തി അനിൽ, ശ്രീ. ജേക്കബ് കെ. എബ്രഹാം, ശ്രീ. സനൽ കുമാർ, ശ്രീ. സാംബശിവൻ എന്നിവർ സമീപം.*

**തിരുവനന്തപുരം ചേന്തി പോങ്ങമൂട്:**

2017 സെപ്തംബർ 6ാം തിയതി ബുധനാഴ്ച വൈകീട്ട് 7 മണിക്ക് പ്രസിഡന്റ് ശ്രീ. ജേക്കബ് കെ. എബ്രഹാമിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സാംസ്കാരിക മഹാ സമ്മേളനം ഭരണപരിഷ്ക്കാര കമ്മീഷൻ ചെയർമാൻ ശ്രീ. വി. എസ്. അച്യുതാനന്ദൻ ഉദ്ഘാടനം ചെയ്തു. യോഗത്തിൽ നിർദ്ധനരായ രോഗികൾക്ക് ചികിത്സാ സഹായധനം വിതരണം ചെയ്തു. ബഹു. കേരള നിയമസഭാ പ്രതിപക്ഷ നേതാവ് ശ്രീ. രമേഷ് ചെന്നിത്തല മുഖ്യ പ്രഭാഷണവും തിരുവനന്തപുരം നഗരസഭാ മേയർ അഡ്വ. വി. കെ. പ്രശാന്ത് ഉന്നത മാർക്ക് വാങ്ങിയ കുട്ടികളെ പുരസ്കാരം കൊടുത്തു ആദരിക്കുകയും പാളയം ഇമാം സുഹായ വി. പി., ശ്രീമദ്. പ്രകാശാനന്ദ സ്വാമികൾ, ഫാദർ. റോജർ പി. രാജൻ എന്നിവർ അനുഗ്രഹ പ്രഭാഷണം നടത്തുകയും മനുഷ്യാവകാശ കമ്മീഷൻ അഡ്വ. കെ. മോഹൻകുമാർ, അഡ്വ. വി. എസ്. ശിവകുമാർ എം. എൽ. എ., മുൻ മന്ത്രി എം. വിജയകുമാർ, ബി. ജെ. പി. നേതാവ് വി. മുരളീധരൻ, ഡി. സി.സി. വൈസ് പ്രസിഡന്റും വർക്ക്സ് കൗൺസിലറുമായ ശ്രീ. ജോൺസൺ ജോസഫ്, ഡോ. ഷാജി പ്രഭാകരൻ, എൻ. എസ്. എസ്. കരയോഗ പ്രസിഡന്റ് ശ്രീ. തലനാട് ചന്ദ്രശേഖരൻ നായർ, ഡി.സി.സി. ജനറൽ സെക്രട്ടറി എം. എസ്. അനിൽ, തിരുവനന്തപുരം നഗരസഭാ കൗൺസിലർ ശ്രീമതി. വി. ആർ. സിനി, ശ്രീ. ചേന്തിയിൽ സുഗുണൻ, ശ്രീ. ചേന്തി അനിൽ, പ്രൊഫ. തമ്പി യോഹന്നാൻ, ശ്രീ. ശ്രീകാര്യം ശ്രീകുമാർ, ഡി. സുരേന്ദ്രൻ, കെ. സദാനന്ദൻ, ബി. സാംബശിവൻ, ശ്രീ. എസ്. സനൽ കുമാർ എന്നിവർ പ്രസംഗിച്ചു.

യോഗത്തിൽ ചേന്തി ശ്രീനാരായണ സാംസ്കാരിക നിലയ 2017 ൽ ഏർപ്പെടുത്തിയ 'ചേന്തി ശ്രീനാരായണ പുരസ്കാരം' 25,000/- രൂപയും പ്രശസ്തി പത്രവും, പുരസ്കാരവും ശിവഗിരി മഠം മുൻ പ്രസിഡന്റ് ശ്രീമദ്. പ്രകാശാനന്ദ സ്വാമികൾക്ക് ശ്രീ. വി. എസ്. അച്യുതാനന്ദൻ നല്കി. തുടർന്ന് തിരുവനന്തപുരം ഭീമാ ജ്വല്ലറി ചെയർമാൻ ഡോ. ബി. ഗോവിന്ദൻ ചികിത്സാനിധിയിലേയ്ക്ക് 50,000 രൂപയുടെ ചെക്ക് കൈമാറി. നിരവധിപേർക്ക് ചികിത്സാ സഹായം നല്കി. 500ൽ പരം കുടുംബങ്ങൾക്ക് 'നിറപറ' യുടെ 5കി. ഓണക്കിറ്റ്, സ്കൂൾ കുട്ടികൾക്ക് പഠനോപകരണങ്ങൾ, ഓണക്കോടി, ഉന്നത മാർക്ക് വാങ്ങിയ സ്കൂൾ കോളേജ് കുട്ടികളെ ആദരിച്ചു. തിരുവോണം അവിട്ടം എന്നീ ദിവസങ്ങളിൽ നടന്ന കലാ-കായിക മത്സരത്തിലും സാഹിത്യമത്സരങ്ങളിലും വിജയികളായവരെ യോഗത്തിൽ സമ്മാനങ്ങൾ നല്കി. ഈ മഹാ സമ്മേളനത്തിൽ വന്നുചേർന്നവർക്കെല്ലാം 4 മണി മുതൽ ചായ സൽക്കാരവും 8.30ക്ക് സായാഹ്നഭക്ഷണം നല്കിയത് ഒരു പ്രത്യേകതയായിരുന്നു.

ഉത്രാട ദിനമായ 3ാം തിയതി ഞായറാഴ്ച ഉച്ചക്ക് 3 മണിക്ക് ഡോ. ഷാജി പ്രഭാകരൻ ഫ്ളാഗ് ഓഫ് ചെയ്ത വിളംബര ഘോഷയാത്ര ചേന്തിയിൽ നിന്നും ആരംഭിച്ചു നഗരങ്ങളിൽ കൂടി ചെമ്പഴന്തി ഗുരുകുലത്തിൽ എത്തി. തിരിച്ചു ചേന്തിയിൽ സമാപിച്ചതും നാട്ടുകാർക്ക് ഉന്മേഷം പകർന്നു.



Published on 15/09/2017, RNI No. KERMAL/2010/35818, REGISTERED Eka Thathwa Monthly, Vol 7, Issue 11, October 2017, Rs 15/-
Postal Regn No. KL/PGT/032/2017-2019, Licence to Post without Pre-payment No. KL/PMG/NR/WPP/9-6/PKD/2017-2019


# TECHNOWOOD

KITCHEN | CURTAIN & MORE

Updated Kitchen concepts

MATTRESSES/PILLOWS/BEDSPREAD/CURTAINS

MULTI BRAND SHOW ROOM

## ബെഡ്ഡുകൾക്കും ബെഡ്ഷീറ്റുകൾക്കും

## 20% Discount










Lovlos | Sleepwell MATTRESSES PILLOWS CUSHIONS | Peps | RUBCO

For Modular Kitchens /Appliances / Accessories and more...

**Mangalam Towers**
Opp Town Bus Stand, T.B. Road, Palakkad- 14.
Tel: 0491-2515112
+91 9447034614, +91 9400496112
e-mail: technowoodfurniture@gmail.com

For Mattresses / Bedspread / Pillows / Cushions and more...

**10/257(1) Ram Estate**
College Road, Palakkad -1.
Tel: 0491 - 2545112
+91 9447034614, +91 9400499112
Website: www.technowoodkitchens.com